# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാവേലിക്കര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/ALP/GA5/143/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 15/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മാവേലിക്കര മുനിസിപ്പാലിറ്റി

സർ,

വിഷയം : മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കൊല്ലം
5) കാര്യാലയ പ്രതി

നമ്പർ: KSA/ALP/GA5/143/2022 തീയ്യതി: 15/07/2022

## ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ. ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 27-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 27-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപാ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഉണ്ണികൃഷ്ണൻ. സി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ലീല അഭിലാഷ് | ചെയർപേഴ്സൺ | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | ചെയർമാൻ | 11-11-2020 | 20-12-2020 |
| കെ.വി.ശ്രീകുമാർ | ചെയർമാൻ | 21-12-2020 | 31-03-2021 |
| സനിൽ.എസ് | സെക്രട്ടറി | 01-04-2020 | 02-02-2021 |
| വേക്കന്റ് | സെക്രട്ടറി | 03-02-2021 | 09-02-2021 |
| മുംതാസ്.എ.എം | സെക്രട്ടറി | 10-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഞ്ജു.പി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 24-06-2020 |
| വേക്കന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ | 25-06-2020 | 20-08-2020 |
| ജയശ്രീ.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 21-08-2020 | 31-03-2021 |
| ഡോ.രാധാകൃഷ്ണൻ പിള്ള | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-10-2020 |
| ഡോ.ശ്രീലേഖ | സീനിയർ വെറ്റിനറി സർജൻ | 01-11-2020 | 20-01-2021 |
| ഡോ.പ്രിയ ശിവറാം | സീനിയർ വെറ്റിനറി സർജൻ | 21-01-2021 | 31-03-2021 |
| കമൽ.ഡി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 10-11-2020 |
| ചിത്ര.ജെ | വ്യവസായ വികസന ഓഫീസർ | 11-11-2020 | 31-03-2021 |
| സുജാത കെ.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| മോനി ഫിലിപ്പ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| ഡോ.റംല | ആയുർവേദ ചീഫ് മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ലളിത | അഗ്രികൾച്ചറൽ ഫീൽഡ് | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ബാബു | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-06-2020 | 15-06-2020 |
| മനോജ്.ആർ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 16-06-2020 | 31-03-2021 |
| ഡോ.ജിതേഷ്.കെ.എ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, മാവേലിക്കര | 01-04-2020 | 31-03-2021 |
| ദിലീപ് കുമാർ റ്റി.കെ | പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 13-06-2022) | 1-1 |
| 2 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗ വിവരം<br>Written By: Unnikrishnan C (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 13-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 13-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 13-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 03-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 13-06-2022) | 1-9 |
| 10 | വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-10 |
| 11 | പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-11 |
| 12 | വാണിജ്യാവശ്യ ഹോട്ടലിന്റെ വസ്തുനികുതി 73140/- രൂപ നഗരസഭക്ക് നഷ്ടമായി<br>Written By: Unnikrishnan C (Senior Grade Auditor, On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-12 |
| 13 | ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി- വസ്തുനികുതി നിർണ്ണയത്തിന് കാനോപ്പി ഏരിയ ഉൾപ്പെടുത്തിയും ഒഴിവാക്കിയുമുള്ള രീതി പിൻതുടരുന്നത് വരുമാന ചോർച്ചക്കിടയാക്കി<br>Written By: Unnikrishnan C (Senior Grade Auditor, On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 13-06-2022) | 1-13 |
| 14 | വസ്തു നികുതി പരിഷ്കരണം -തെറ്റായ ഉപയോഗക്രമം നൽകിയതുമൂലമുള്ള നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-14 |
| 15 | അനധികൃത നിർമ്മാണം -നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-15 |

| | | |
|---|---|---|
| 16 | സർക്കാർ സ്ഥാപനങ്ങളുടെ വസ്തുനികുതി പൂർണ്ണമായും നിർണ്ണയിച്ച് ഈടാക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 02-02-2022) | 1-16 |
| 17 | മൊബൈൽ ടവറുകൾ ഉടമകളെയെല്ലാം വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല- അനധികൃതമായി നിർമ്മാണം നടത്തിയ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-17 |
| 18 | പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ നമ്പരിൽ ഫോർവീലർ വർക്ക് ഷോപ്പ് നടത്തുന്നതിന് ലൈസൻസ് അനുവദിച്ചു- അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-18 |
| 19 | കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-19 |
| 20 | നഗരസഭ പ്രവർത്താനാനുമതി നൽകുന്ന സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചുറപ്പാക്കുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-20 |
| 21 | തൊഴിൽ നികുതി എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-21 |
| 22 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി : നിരവധി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയില്ല/രസീത് വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-22 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതി രസീത് വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-23 |
| 24 | കടമുറി വാടക - നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 1-24 |
| 25 | തേക്കിൻ തടികളുടെ ലേലം- രേഖകൾ ഹാജരാക്കിയില്ല<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-25 |
| 26 | സ്ക്രാപ്പുകളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയില്ല<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-25-1 |
| 27 | ലേല നടപടി ക്രമങ്ങളിലെ അപാകതകൾ<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-25-2 |
| 28 | ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-26 |
| 29 | പെട്രോൾ പമ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-26-1 |
| 30 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 05-02-2022) | 1-26-2 |

| | | |
|---|---|---|
| | Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | |
| 31 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-27 |
| 32 | പാരലൽ കോളേജ് രജിസ്ട്രേഷൻ - രജിസ്റ്റർ ലഭ്യമാക്കിയില്ല<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-27-1 |
| 33 | ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതായോ നിരസിച്ചതായോ രേഖപ്പെടുത്തലുകളില്ല<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-28 |
| 34 | മരാമത്ത് വേലകളുടെ ഇ-ടെൻഡർ ഫീസ് സംബന്ധിച്ച്<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-29 |
| 35 | നഗരസഭയുടെ സാമ്പത്തികനില തൃപ്തികരമല്ല - റവന്യൂ കമ്മി 2.25 കോടി രൂപ<br>Written By: Sajitha Das (Audit Officer (HG), On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-30 |
| 36 | സമഗ്രമായ ആസ്തി സംരക്ഷണ പദ്ധതി അനിവാര്യം<br>Written By: Sajitha Das (Audit Officer (HG), On 05-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-31 |
| 37 | വാർദ്ധക്യകാല പെൻഷൻ- പ്രായം തെളിയിക്കുന്ന രേഖയിൽ പൊരുത്തക്കേട്<br>Written By: Sreekanth C.S (Asst. Audit Officer, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-32 |
| 38 | പെൻഷൻ അപേക്ഷകളിന്മേൽ കാലതാമസം നേരിടുന്നു<br>Written By: Sreekanth C.S (Asst. Audit Officer, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-33 |
| 39 | പകരം നിയമിച്ച തൊഴിലാളികൾക്ക് ദിവസ വേതനം അനുവദിച്ചത് - ക്രമവിരുദ്ധം<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 14-06-2022) | 1-34 |
| 40 | തെരുവ് വിളക്കുകൾ- ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള തരം വിളക്കുകളുടെ കണക്ക് മാത്രം ഉൾപ്പെടുത്തി കെ.എസ്.ഇ.ബി പ്രതിമാസ ബിൽ തയ്യാറാക്കുന്നു- നഗരസഭയ്ക്ക് ലക്ഷങ്ങളുടെ ബാധ്യത<br>Written By: Unnikrishnan C (Senior Grade Auditor, On 01-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-35 |
| 41 | വെള്ളക്കരം ഇനത്തിൽ കോടികളുടെ കുടിശ്ശിക - നഗരസഭ വൻ സാമ്പത്തിക പ്രതിസന്ധിയിൽ<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-36 |
| 42 | പെൻഷൻ ഫണ്ട് - ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-37 |
| 43 | അറ്റൻഡൻസ് രജിസ്റ്റർ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-38 |
| 44 | കോൺട്രിബ്യൂട്ടറി പെൻഷൻ - കുടിശ്ശികയിനത്തിൽ നഗരസഭക്ക് ബാദ്ധ്യത നിലനിൽക്കുന്നു<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-39 |

| | | |
|---|---|---|
| 45 | പകൽവീട്,(270/19-20)– അളവ് രേഖപ്പെടുത്തിയതിലെ അപാകത കാരണം തുക അധികമായി ചെലവഴിച്ചു<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-40 |
| 46 | സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഇലക്ട്രിഫിക്കേഷൻ, (S0250/20) -ടെണ്ടർ കുറവ് വരുത്തിയില്ല<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-41 |
| 47 | സി.എഫ്.എൽ.റ്റി.സി നിർമ്മാണം - തുക അധികമായി ചെലവഴിച്ചു<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-42 |
| 48 | സി.എഫ്.എൽ.റ്റി.സി. നടത്തിപ്പ് - നിർവ്വഹണത്തിലെ അപാകത – അധികചെലവ്<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-43 |
| 49 | 'ടൈനി മോഡേൺ സ്ലോട്ടർ ഹൌസ് - പദ്ധതി നടപ്പിലായില്ല - നഗരസഭയ്ക്ക് 89.76 ലക്ഷം രൂപയുടെ ബാധ്യത<br>Written By: Sajitha Das (Audit Officer (HG), On 03-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-44 |
| 50 | IDSMT പദ്ധതി -1.16 കോടി രൂപ നഗരസഭയുടെ ബാധ്യത<br>Written By: Mini.P.Radhakrishnan (Audit Officer, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-45 |
| 51 | ജീവനക്കാർക്ക് മുൻകൂർ നൽകിയത് - ക്രമീകരിക്കാതെ അവശേഷിക്കുന്നു.<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-46 |
| 52 | തെങ്ങിന് വളം വിതരണം -യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം തുക ചെലവഴിച്ചു<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-47 |
| 53 | ലാപ് ടോപ്പ് വിതരണം- രേഖകളിലെ അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-48 |
| 54 | മുൻകൂറുകൾ ക്രമീകരിച്ചത് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-49 |
| 55 | നഗരസഭാ പാർക്കിലേയ്ക്ക് കളിയുപകരണങ്ങൾ - വാങ്ങലിൽ മത്സരസ്വഭാവം ഉറപ്പാക്കിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-50 |
| 56 | ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ എ.എം.സി. - നഗരസഭയുടെ ആസ്തിയല്ലാത്ത സിഗ്നൽലൈറ്റിന്റെ പരിപാലനത്തിനായി തുക ചെലവവഴിച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-51 |
| 57 | മഴക്കാലപൂർവ്വശുചീകരണം -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-52 |
| 58 | പോളി ക്ലിനിക്ക് നവീകരണം - ബാലൻസ് തുക മൃഗസംരക്ഷണ വകുപ്പിന് തിരികെ നൽകിയില്ല<br>Written By: Sajitha Das (Audit Officer (HG), On 03-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | 1-53 |
| 59 | നഗരസഭാ ഓഫീസിൽ സൈറൺ സ്ഥാപിക്കൽ, (262/20-21) – | 1-54 |

| | | |
|---|---|---|
| | സൈറൺ പ്രവർത്തനരഹിതം<br>Written By: Sajitha Das (Audit Officer (HG), On 01-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-06-2022) | |
| 60 | സീറോ വേസ്റ്റ് പദ്ധതി - പ്രവർത്തനം നിലച്ചു - പ്രവർത്തനമില്ലാതിരുന്ന കാലയളവിലേക്കും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചു<br>Written By: Sajitha Das (Audit Officer (HG), On 03-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-55 |
| 61 | തെരുവ് വിളക്ക് ഉപകരണങ്ങൾ - സ്റ്റോക്ക് വിതരണത്തിൽ അപാകത – തുക തടസ്സപ്പെടുത്തുന്നു<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-56 |
| 62 | എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ - ലൈറ്റുകൾ സ്ഥാപിച്ചതിനെ സാധൂകരിക്കുന്ന രേഖകളില്ല –തുക തടസ്സപ്പെടുത്തുന്നു<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-57 |
| 63 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ - പ്രവർത്തിക്കുന്നില്ല – റിവോൾവിങ് ഫണ്ട് തിരികെ ഈടാക്കിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-58 |
| 64 | ആശ്രയപദ്ധതി -വിനിയോഗവിവരം ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-59 |
| 65 | ഗ്യാസ് ക്രിമറ്റോറിയം-പ്രവർത്തനം നിലച്ചിട്ട് നാളുകളേറെ<br>Written By: Maneshkumar G (Senior Grade Auditor, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-60 |
| 66 | പൊതുമരാമത്ത് പ്രവൃത്തികൾ - ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ വില കുറവ് ചെയ്തിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-61 |
| 67 | വിവിധ ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പയുടെ വിലയോടൊപ്പം ജി.എസ്.റ്റി കൃത്യമായി ഈടാക്കിയിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 01-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-62 |
| 68 | പാലിയേറ്റീവ് കെയർ പ്രോജക്ട് - നടപ്പാക്കിയതിലെ ന്യൂനതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-63 |
| 69 | കക്കൂസ് മെയിന്റനൻസ് - സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിനായി 40 ലക്ഷം രൂപ ചെലവഴിച്ചു<br>Written By: Sajitha Das (Audit Officer (HG), On 01-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-64 |
| 70 | എ.ബി.സി പ്രോജക്ട് - തുകയുടെ വിനിയോഗവിവരം ലഭ്യമല്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-65 |
| 71 | ഹോമിയോ മരുന്നുകൾ സമയ ബന്ധിതമായി ലഭിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-66 |
| 72 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-67 |

| | | |
|---|---|---|
| 73 | ട്രഷറി അക്കൗണ്ടിലെ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് -ക്രമവിരുദ്ധം<br>Written By: C.S Mayadevi (Asst. Audit Officer, On 30-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-68 |
| 74 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം നിലവിലും പരിമിതം<br>Written By: Sindhya.P (Asst. Audit Officer, On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-69 |
| 75 | പി.എം.എ.വൈ-ലൈഫ് പദ്ധതി അവലോകനം<br>Written By: Sreekanth C.S (Asst. Audit Officer, On 05-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-70 |
| 76 | കോവിഡ്- അവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 02-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 05-07-2022) | 1-71 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പകരം നിയമിച്ച തൊഴിലാളികൾക്ക് ദിവസവേതനം അനുവദിച്ചത്-ക്രമവിരുദ്ധം<br>Written By: C.S Mayadevi (Asst. Audit Officer, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 3-1 |
| 2 | പകൽവീട്,(270/19-20)– അളവ് രേഖപ്പെടുത്തിയതിലെ അപാകത കാരണം തുക അധികമായി ചെലവഴിച്ചു<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 3-2 |
| 3 | സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഇലക്ട്രിഫിക്കേഷൻ, S0250/20 -ടെണ്ടർ കുറവ് വരുത്തിയില്ല<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 3-3 |
| 4 | സി.എഫ്.എൽ.റ്റി.സി നിർമ്മാണം - തുക അധികമായി ചെലവഴിച്ചു<br>Written By: Sajitha Das (Audit Officer (HG), On 28-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 3-4 |
| 5 | സി എഫ് എൽ റ്റി സി നടത്തിപ്പ്-നിർവ്വഹണത്തിലെ അപാകത-അധികച്ചെലവ്<br>Written By: C.S Mayadevi (Asst. Audit Officer, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 3-5 |
| 6 | തെങ്ങിന് വളം വിതരണം -യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം ചെലവഴിച്ചു<br>Written By: C.S Mayadevi (Asst. Audit Officer, On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: P.Sabu (Audit Officer (HG), On 05-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-01-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 4-7 |
| 8 | ചാർജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sajitha Das (Audit Officer (HG), On 17-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sajitha Das (Audit Officer (HG), On 04-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sajitha Das (Audit Officer (HG), On 25-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് 27.03.20 ലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 363685581 | 379713011 |
| വാർഷിക കണക്ക് (RP സ്റ്റേറ്റ്മെന്റ് പ്രകാരം) | 158856692 | 155925416 |
| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം | 201897937 | 189339969 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളുമായി 16 കോടിയോളം രൂപയുടെ വ്യത്യാസമാണുള്ളത്.
ബഡ്ജറ്റ് രൂപീകരിക്കുന്നതിനായി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കുകയോ, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യകമ്മറ്റിക്ക് സമർപ്പിച്ചതായോ കാണുന്നില്ല. ശരിയായ നടപടിക്രമങ്ങളിലൂടെയല്ലാതെ ബജറ്റ് രൂപീകരിക്കുന്നതിനാലാണ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി കോടികളുടെ അന്തരം വന്നിട്ടുള്ളത്. നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്ഥിരംസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

| ലഭിക്കേണ്ട തീയതി | AIMS ൽ ഇ-സബ്മിറ്റ് ചെയ്ത തീയതി |
|---|---|
| 31.07.2021 | 26.07.2020 |

1.KURDFC ലോൺ B-5 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ലോൺ തുകയ്ക്ക് സമാനമായ തുക B-16 പട്ടികയിൽ Prepaid Expenses എന്ന രീതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പ എടുത്ത തുക മുഴുവൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതിനാൽ ഈ തുക പ്രീ-പെയിഡ് എക്സ്പെൻസ് എന്ന നിലയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2.നഗരസഭയ്ക്ക് ലഭിക്കാനുള്ള/പിരിഞ്ഞുകിട്ടാനുള്ള നികുതി-നികുതിയിതര വരവ് ഇനങ്ങളുടെ കണക്കുകളും സ്ഥാപനം സൂക്ഷിക്കുന്ന ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക തുകകളിൽ ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ എൻട്രിയായി ഉൾപ്പെടുത്തിയ തുകകളും ഉൾപ്പെടുന്നു.

1)തൊഴിൽ നികുതി : രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ തൻവർഷ കണക്കുകൾ പരിശോധിച്ചുറപ്പാക്കാനാവില്ല.

A) തൊഴിൽ നികുതി ഡിമാൻഡ്, അരിയർ ഡിമാൻഡ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുമായി ഇവ പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാനായില്ല.

B)വാടക സംബന്ധിക്കുന്ന കുടിശ്ശിക കണക്കുകളിൽ കൃത്യതയില്ല, തൻവർഷ, മുൻവർഷ കുടിശ്ശികകൾ എപ്രകാരമാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപ്പെടുത്തിയ ഡിസിബി പത്രികകൾ സൂക്ഷിച്ചിട്ടില്ല.

C) വസ്തുനികുതിയുടെ ഡേറ്റാ എൻട്രി ഇനിയും പൂർണ്ണമല്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള

ഡിമാൻഡ് തുക കൃത്യമല്ല.

D)431190202 എന്ന ഹെഡ്ഡിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പരസ്യനികുതിയുടെ കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പണം ആരിൽ നിന്നാണ് ലഭിക്കാനുള്ളതെന്ന വിവരങ്ങൾ ലഭ്യമായിരുന്നില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ വിവിധ ഇനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ B7 പട്ടികയിൽ ഉൾപ്പെടുന്ന നഗരസഭയുടെ കൈവശമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

4. അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്, ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്, എന്നീ തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാവുന്ന രീതിയിൽ തയ്യാറാക്കിയ അഡ്വാൻസ് രജിസ്റ്റർ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ B-18 പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

5.ബാങ്ക് അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തലിന് 2017 ലെ എൻട്രികൾ നിലവിലും ഉപയോഗിക്കുന്നു.

6 ബി-18 പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലൈബ്രറി സെസ് തുക പോസിറ്റീവ് തുകയാണ്.

7. ഗുണഭോക്തൃവിഹിതമിനത്തിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

8. കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ നൽകുവാനുള്ള തുക 320300100 എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തുന്നത്. എന്നാൽ ഈ ലെഡ്ജറിന്റെ ആദ്യ എൻട്രിയായി ബയോഡൈവേർസിറ്റി ഗ്രാന്റ് ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാട്ടർ അതോറിറ്റി കുടിശ്ശിക വിവരങ്ങൾ ഉൾപ്പെടുത്തിയതിന്റെ കൃത്യതയും പരിശോധിച്ചുറപ്പാക്കാൻ കഴിയില്ല.

9.നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന അഡ്വാൻസുകൾ (മുൻകൂർ തുക) പൂർണ്ണമായും അഡ്വാൻസ് എന്ന നിലയിലല്ല അക്കൌണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ അഡ്വാൻസുകളുടെ വിനിയോഗം നിരീക്ഷിക്കാനാവില്ല.
10. വികസന ഫണ്ട് (പൊതുവിഭാഗം) I-6 ൽ ഉൾപ്പെടുത്തിയിരിക്കുന്ന '408800' രൂപയുടെ ഉറവിടം വിശദീകരിക്കപ്പെട്ടില്ല. സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവിലും അധികരിച്ച നിൽക്കുന്ന ഈ തുകയുടെ ഉറവിടം വ്യക്തമാക്കേണ്ടതാണ്.
11. ലേലം സംബന്ധിക്കുന്ന വരവുകൾ കൃത്യമായ ഹെഡ്ഡുകളിലല്ല ഉൾപ്പെടുത്തിയിട്ടുള്ളത്
12. ആസ്തി രജിസ്റ്റർ വാല്യു ബേസ്ഡ് ആക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
13. സ്പെഷ്യൽ ഗ്രാന്റ് I-6 ഷെഡ്യൂളിൽ RP-6 നേക്കാൾ അധികമായി ഉൾപ്പെടുത്തിയിട്ടുള്ള 280000/- രൂപയുടെ ഉറവിടം വിശദീകരിക്കപ്പെട്ടിട്ടില്ല.
14. AUEGS ന്റെ വരവ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 51982200 |
| വരവ് | 158856692 |
| ആകെ | 210838892 |
| ചെലവ് | 155925416 |
| നീക്കിയിരിപ്പ് | 54913476 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 90732 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14508186 |

## 1-4 ഗ്രാന്റ് വിനിയോഗ വിവരം

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസന | 35987230 | 1004266 | 30900876 | 31905142 | 4082088 |

| | | | | | | |
|---|---|---|---|---|---|---|
| | ഫണ്ട്- പൊതുവിഭാഗം | | | | | |
| 2 | വികസന ഫണ്ട്- എസ്.സി.പി | 15170000 | 0 | 12747015 | 12747015 | 2422885 |
| 3 | സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 8487000 | 85840* | 7959510 | 8045350 | 441650 |
| 4 | സംരക്ഷണ ഗ്രാന്റ്-റോഡ് | 14445000 | 0 | 5883693 | 5883693 | 8561307 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 44845926 | 0 | 18954722 | 18954722 | 25891204 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 16460000 | 0 | 6399289 | 6399289 | 10060711 |
| | | | | | | 51459845 |

| ക്രമ നമ്പർ | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരച്ചടവ് | 266666-80000=186666 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 2 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം | 817600 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 3 | വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് നൽകേണ്ട തുക | 85840 | സംരക്ഷണ ഗ്രാന്റ് നോൺ റോഡ് |
| | ആകെ | വികസന ഫണ്ട് (പൊതുവിഭാഗം) | 1004266 |
| | | സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 85840 |

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച തുകയിൽ 5.14 കോടി രൂപ ലാപ്സാക്കി. കൃത്യമായ ആസൂത്രണത്തിന്റെ അഭാവം കാരണമാണ് തുക ലാപ്സായത്. ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗപ്പെടുത്തി നഗരസഭയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | നടപ്പിലാക്കിയത് |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 248 | 141598164 | 123 | 84555663 | 27 | 98 | 50% |

അംഗീകാരം ലഭിച്ച പദ്ധതികളിൽ 50% പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. നഗരസഭയുടെ വികസനത്തിനായി സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും ലഭിക്കുന്ന തുകകൾ പൂർണ്ണമായി വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 660 | 10072115 | 10072775 | 6951992 | 3120783 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3039100 | 210 |
| വിധവാ പെൻഷൻ | 11980600 | 864 |
| അവിവാഹിത പെൻഷൻ | 833100 | 58 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3245100 | 234 |
| വാർദ്ധക്യകാല പെൻഷൻ | 27966300 | 2351 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2022 ന് സ്ഥാപനമേധാവിയുടെ/ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 123587/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലവിൽ കാര്യക്ഷമമല്ല. പല മേഖലകളിലും ഇത് പ്രകടമാണ്. ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കൗൺസിൽ മീറ്റിംഗുകളുടെ മിനിട്സ് സകർമ്മ സോഫ്റ്റ്‌വെയർ മുഖാന്തിരമായിരിക്കണമെന്ന സർക്കാർ നിർദ്ദേശം നഗരസഭയിൽ പാലിക്കുന്നില്ല. ഇത് മുൻകാല പ്രാബല്യത്തിൽ മിനിട്സിൽ തീരുമാനങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള അവസരമൊരുക്കുന്നു.

2.കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

3.2020 ൽ പുതിയ ഭരണസമിതി നിലവിൽ വന്നെങ്കിലും ഇതേ വരെയും പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

4.തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാര മായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. നഗരസഭയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല.

5.പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്റ്റുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്റ്റുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

6.നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരവ് ഇനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല.

7.ചെലവ് വൗച്ചറുകൾ ക്രമത്തിലും, ചിട്ടയായും സൂക്ഷിക്കുന്നില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. ആസ്തി രജിസ്റ്ററിൽ ഭൂമി ഉൾപ്പെടെയുള്ള പല ആസ്തികളുടേയും വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

9.സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

10.ഹാജർപുസ്തകം ശരിയായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ലീവ് അക്കൗണ്ട് പരിപാലനവും തൃപ്തികരമല്ല. പലർക്കും 20 ന് മുകളിലാണ് ആകസ്മികാവധികൾ അനുവദിച്ചിട്ടുള്ളത്. പല ജീവനക്കാരും ദിവസങ്ങളോളം ഹാജരില്ലാതെയും, ഹാജരില്ലാത്ത ദിവസത്തെ ലീവ് രേഖപ്പെടുത്താതെയും ഹാജർപുസ്തകം കാണപ്പെടുന്നു.

11.ഓഫീസ് ഓർഡറിനായി പ്രോസീഡിംഗ്സ് തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകുന്നുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

12.സർക്കാരിന്റെ തുടർച്ചയായുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടും നഗരസഭയുടെ മുഖ്യ വരവിനമായ വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിക്കുവാനും, പുതുക്കിയ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാനും നഗരസഭാ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

13.സഞ്ചയസോഫ്റ്റ്‌വെയർ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. എന്നാൽ മാന്വലായി ഡിമാന്റ്/അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നുമില്ല. ബിൽ കളക്ടർമാരുടെ ഹാന്റ്ബുക്ക് മാത്രമാണ് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതു സംബന്ധമായി നഗരസഭയിലുള്ള ഏക രേഖ. ഇതാകട്ടെ അപൂർണ്ണവുമാണ്.

14.നികുതി നിർണ്ണയത്തിലെ ക്രമക്കേടുകൾ കാരണം നഗരസഭയ്ക്ക് അർഹതപ്പെട്ട നികുതി ഈടാക്കുന്നതിന് വിഘാതമാകുന്നു.

15.നഗരസഭയിലെ അവശ്യ രജിസ്റ്ററുകളുടേയും രേഖകളുടേയും പരിപാലനത്തിൽ അധികൃതർ വീഴ്ച വരുത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല.

16.കടമുറികളുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിലും, വാടകക്കാരുമായി നിയമാനുസൃതം കരാർ ചമയ്ക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. വാടക പിരിവ് നടത്തുന്നതിന് ബൈലൊ നിലവിലില്ല.

17. നഗരസഭാ വാഹനങ്ങളുടെ പരിപാലനത്തിൽ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല. വാഹനങ്ങളുടെ ലോഗ് ബുക്കുകളുടെ പരിപാലനം കൃത്യമല്ല.

18. ഹരിത കർമ്മസേനയുടെ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. പ്ലാസ്റ്റിക്ക് ഷ്രഡ്ഡിങ്ങ് യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പ്ലാസ്റ്റിക്കുകൾ കൂടി കിടന്ന് ഷ്രഡ്ഡിംഗ് മെഷീൻ പോലും കാണാൻ പറ്റാത്ത അവസ്ഥയിലാണ്. ഈ കെട്ടിടത്തിന്റെ പരിസരങ്ങളിലും പ്ലാസ്റ്റിക്കുകൾ കൂട്ടിയിട്ടിരിക്കുകയാണ്. ഷ്രഡഡ് പ്ലാസ്റ്റിക്കുകൾ ഉപേക്ഷിക്കപ്പെട്ട നിലയിലും കാണപ്പെട്ടു.

19.സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് നഗരസഭയിൽ ലഭിച്ചെങ്കിലും ഇതേ വരെയും കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

20. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

നഗരസഭകളിലെ പദ്ധതി ആസൂത്രണത്തിലും മോണിറ്ററിങ്ങിലും ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ട ഒന്നാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ. 13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം, പ്രവർത്തനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ 02.02.2018 ലെ സ.ഉ(കൈ) 17/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ദുരന്ത നിവാരണം ഉൾപ്പെടെ നിലവിൽ 16 വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനട്ട്സ് പുസ്തകങ്ങളുടെ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. വാർഷികപദ്ധതി രൂപീകരണ ഗ്രാമസഭാ യോഗങ്ങളുടെ മുന്നോടിയായി വർക്കിങ്ങ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മിനിറ്റ്സുകൾ അപൂർണ്ണമാണ്. പലതിലും ഹാജർ മാത്രം.

വാർഷിക പദ്ധതി അംഗീകാരം ലഭിച്ചശേഷമുള്ള പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ, പ്രോജക്ടിന്റെ മോണിറ്ററിങ്

സമിതിയായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും ആയതിന്റെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന പ്രധാന ഉത്തരവാദിത്ത്വവും വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് പ്രവർത്തനം നടത്തേണ്ടതാണ്.

## 1-11 പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ പ്രകാരം പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിനു ശേഷം കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ കൗൺസിൽ യോഗം ചേർന്ന് മുനിസിപ്പാലിറ്റിക്ക് മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണം എന്നത് സംബന്ധിച്ചും പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതും അത് പൊതുജനങ്ങളുടെ അറിവിലേക്ക് ലഭ്യമാക്കേണ്ടതുമാണ്. 2020 ൽ പുതിയ ഭരണസമിതി നിലവിൽ വന്നതിന് ശേഷം പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വാണിജ്യാവശ്യ ഹോട്ടലിന്റെ വസ്തുനികുതി 73140/- രൂപ നഗരസഭക്ക് നഷ്ടമായി

നഗരസഭ പരിധിയിലെ പ്രമുഖ വാണിജ്യാവശ്യ ഹോട്ടൽ സമുച്ചയത്തെ ഓഫീസ് ആവശ്യത്തിന്റെ അടിസ്ഥാന വസ്തുനികുതിനിരക്ക് ചുമത്തിയതുമൂലവും റോഡ് സൌകര്യം, മുന്തിയ തരത്തിലുള്ള തറനിർമ്മിതിക്ക് ബാധകമായ വർദ്ധനവുകൾ എന്നിവ വരുത്താതുമൂലവും വസ്തുനികുതിയിൽ 73140/- രൂപയുടെ കുറവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നഗരത്തിലെ പ്രമുഖ ഹോട്ടൽ സമുച്ചയമായ ട്രാവൻകൂർ റീജൻസിക്ക് 4/369,4/370,4/371,4/372,/372/1, 4/373 എന്നീ കെട്ടിട നമ്പരുകൾ നൽകി നഗരസഭ വസ്തുനികുതി ചുമത്തിയിരുന്നു. ഇതിൽ 4/372 /1 എന്ന
കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം ഓഫീസ് ആവശ്യകെട്ടിടമെന്ന നിലക്കാണ് നടത്തിയത്. നഗരസഭയുടെ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപനം അനുസരിച്ച് 100 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 90/- രൂപയും 100 ച.മീറ്ററിൽ കുറവ് വിസ്തൃതിയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 70/- രൂപയും ഓഫീസ് ആവശ്യകെട്ടിടങ്ങൾക്ക് വിസ്തൃതി 70/- രൂപയുമാണ് അടിസ്ഥാന നികുതി നിരക്ക്. ഓഫീസ് ആവശ്യകെട്ടിടമല്ലാതിരുന്നിട്ടും ഈ കെട്ടിടത്തെ ഓഫീസ് ആവശ്യകെട്ടിടമെന്ന നിലക്ക് വസ്തുനികുതി ചുമത്തിയത് വസ്തുനികുതി കുറയുന്നതിനിടയാക്കി. വസ്തു നികുതി നിരക്കിൽ വ്യത്യാസമില്ലായെങ്കിലും ഉയർന്ന തറവിസ്തൃതിക്കനുസൃതമായ നിരക്ക് വർദ്ധനവ് ബാധകമാക്കിയില്ല. കൂടാതെ മാവേലിക്കര തിരുവല്ല സംസ്ഥാനപാതയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനത്തിന് റോഡ് സൌകര്യത്തിന് ബാധകമായ വർദ്ധനവ് (20%), ഉയർന്ന തരത്തിലുള്ള തറനിർമ്മിതിക്ക് ബാധകമായ വർദ്ധനവ് എന്നിവയും ചുമത്തിയില്ല. (മാവേലിക്കര കണ്ടിയൂർ 1.5 മീറ്റർ വിസ്തൃതി എന്ന രീതിയിലാണ് ഫോറം-6 ഇത് തെറ്റാണ്) ചുമത്തിയ വസ്തുനികുതിയും ചുമത്തേണ്ട വസ്തുനികുതിയും ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 4/372/1 | കെ.മണി മണിവീണ മണക്കാട് | താഴത്തെനില – 464.14ച.മീ<br>ഒന്നാം നില- 566.82 ച.മീ<br>രണ്ടാം നില-566.82 ച.മീ | താഴത്തെ നില-464.14 ച.മീ<br>അടിസ്ഥാനവസ്തുനികുതി- 464.14x90=41772.6<br>റോഡ് -20%= 8354.52 | വസ്തുനികുതി-73140<br>സേവന ഉപനികുതി-7316 |

| | | | | | |
|---|---|---|---|---|---|
| | | മൂന്നാം നില-53.07 ച.മീ<br>ആകെ-1650.85<br>അടിസ്ഥാനവസ്തുനികുതി-<br>1650.85 X 70 = 115559.5<br>= 115560<br>സേവന ഉപനികുതി- 11556 | ഉയർന്ന തറനിർമ്മിതി-15%= 6265.89<br>ആകെ- 56394<br>സേവന ഉപനികുതി- 5640<br>-----------------------<br>അടിസ്ഥാനവസ്തുനികുതി-<br>566.82 X 90 = 51013.8<br>റോഡ് +20%= 10202.76<br>ഉയർന്ന തറനിർമ്മിതി + 15%=<br>7652.07<br>ആകെ- 68869<br>ഇളവ് ഒന്നാം നില-3443.45<br>വസ്തുനികുതി (5%)-65426<br>സേവന ഉപനികുതി- 6543<br>----------------------<br>അടിസ്ഥാനവസ്തുനികുതി-<br>566.82 X 90 = 51013.8<br>റോഡ് +20% = 10202.76<br>ഉയർന്ന തറനിർമ്മിതി + 15%<br>= 7652.07<br>ആകെ- 68869<br>ഇളവ് രണ്ടാം നില-6886.9<br>വസ്തുനികുതി(10%)-61983<br>സേവന ഉപനികുതി- 6199<br>----------------------<br>അടിസ്ഥാനവസ്തുനികുതി-<br>53.07 X 90 = 4776.3<br>റോഡ് +20%= 955.26<br>ആകെ- 5732<br>ഇളവ് മൂന്നാം നില-859.8<br>വസ്തുനികുതി(15%)-4873<br>സേവന ഉപനികുതി- 488<br>------------------------<br>ആകെ വസ്തുനികുതി-188700<br>ആകെ സേവന ഉപനികുതി- 18872 | |

കെട്ടിടസമുച്ചയത്തിന് കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഇല്ലായെന്ന നിലയിലാണ് ചുമത്തേണ്ട

വസ്തുനികുതി തയ്യാറാക്കിയത്. സംവിധാനം ഉണ്ടെങ്കിൽ അടിസ്ഥാന വസ്തുനികുതിയോടൊപ്പം 10 ശതമാനം വർദ്ധനവ് വരുത്തേണ്ടതാണ്. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതുമൂലം വസ്തുനികുതി കുറയാനിടയായ സാഹചര്യം വിശദീകരിക്കപ്പെട്ടില്ല. എന്നാൽ വസ്തുനികുതി ചുമത്തിയത് പുനഃപരിശോധിച്ച് പുനർനിർണ്ണയം നടത്തുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചു (ഓഡിറ്റ് അന്വേഷണക്കുറിപ്പ്- നം-50/20-21). വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി- വസ്തുനികുതി നിർണ്ണയത്തിന് കാനോപ്പി ഏരിയ ഉൾപ്പെടുത്തിയും ഒഴിവാക്കിയുമുള്ള രീതി പിൻതുടരുന്നത് വരുമാന ചോർച്ചക്കിടയാക്കി

8 ഫ്യൂവൽ സ്റ്റേഷനുകളാണ് നഗരസഭപരിധിയിലുള്ളത്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് മാവേലിക്കര നഗരസഭയിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 7/- രൂപയായി കൌൺസിൽ തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത്. സംസ്ഥാനപാതകൾക്ക് സമീപമായി സ്ഥിതി ചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് ഇവയെല്ലാമെന്നിരിക്കെ ഇവയുടെ വസ്തുനികുതിയിൽ വലിയ അന്തരം നിലനിൽക്കുന്നു. 2 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയ പരിഗണിച്ച് നികുതി ചുമത്തിയപ്പോൾ 6 ഫ്യൂവൽ സ്റ്റേഷനുകളുടെയും ഓഫീസ് റൂം സെയിൽസ് റൂം എന്നീ ഭാഗങ്ങളെ മാത്രം നികുതി ചുമത്തുകയും യഥാർത്ഥത്തിൽ ഇടപാടുകൾ നടക്കുന്ന വാണിജ്യഭാഗകെട്ടിടം നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തത് വസ്തുനികുതിയിൽ വലിയ വ്യത്യാസമുണ്ടാക്കിയിട്ടുണ്ട്. നികുതി പരിഷ്കരിച്ചപ്പോൾ മുൻപ് സെയിൽസ് റൂം ഓഫീസ് റൂം എന്ന രീതിയിൽ മാത്രം നികുതി ചുമത്തിയ കെട്ടിടങ്ങളുടെ മാത്രം നികുതി പരിഷ്കരിക്കുകയാണ് നഗരസഭ ചെയ്തത്. കാനോപ്പി ഏരിയയുടെ നികുതി പുതിയതായി ഉൾപ്പെടുത്തിയില്ല. ഇത് വസ്തുനികുതി ചുമത്തലിലെ അസമത്വത്തിനും നഗരസഭയുടെ വരുമാനം കുറയുന്നതിനുമിടയാക്കി. നഗരപരിധിയിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഒരു താരതമ്യം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് സഞ്ചയ ഡേറ്റാ ബേസ് പ്രകാരം | കെട്ടിട നം | പരിഗണിച്ച തറവിസ്തൃതി | മുൻപുണ്ടായിരുന്ന നികുതി | വസ്തുനികുതി | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | ഹിന്ദുസ്ഥാൻ പെട്രോളിയം | 4/200 | 30 ച.മീ | 965 | 1930 | കാനോപ്പി പരിഗണിച്ചിട്ടില്ല |
| 2 | ഭാരത് പെട്രോളിയം | 4/237 | 10 ച.മീ | 1434 | 1793 | കാനോപ്പി പരിഗണിച്ചിട്ടില്ല |
| 3 | വി.കെ ഈപ്പൻ വിളക്ക് പാടത്ത് | 10/231 | 63.5 ച.മീ | 574 | 1148 | കാനോപ്പി പരിഗണിച്ചിട്ടില്ല |
| 4 | റോയി ജോർജ് ജോർജിയൻ ഫ്യൂവൽസ് | 5/12 | 50.88 ച.മീ | 50 | 100 | Office Room |
| | | 5/12/1 | 50.88 ച.മീ | 2730 | 4274 | കാനോപ്പി പരിഗണിച്ചിട്ടില്ല |
| 5 | ഭാരത് പെട്രോളിയം | 18/13/1 | 103 ച.മീ | 11536 | 8652 | നിലവിലുണ്ടായിരുന്ന |

| | | | | | | |
|---|---|---|---|---|---|---|
| | കോർപ്പറേഷൻ | | | | | വസ്തുനികുതി കുറഞ്ഞു. ഓഫീസ് മുറി, സെയിൽസ് റൂം, കാനോപ്പി എന്നിവ പരിഗണിച്ചിട്ടുണ്ടോ യെന്ന് വ്യക്തമല്ല. |
| 6 | വിജയചന്ദ്രൻ,കുസുമം കിടാരകുഴിയിൽ | 18/290 | 26.31ച.മീ | 9150 | 11438 | 26.31 ച.മീ മാത്രം പരിഗണിച്ചിട്ടും മുൻപുണ്ടായിരുന്ന നികുതിയുടെ 25 ശതമാനം വർദ്ധനവ്, കാനോപ്പി ഉൾപ്പെടുന്നോയെന്ന് പരിശോധിക്കണം |
| 7 | സുരേഷ് കുമാർ, കേളി | 26/452/1 | 379.2 ച.മീ | - | 26141 | കാനോപ്പി ഉൾപ്പെടെയുള്ള നികുതി നിർണ്ണയം |
| 8 | സോമരാജൻ, മഹിളാ മണി ചുങ്കത്ത് കിഴക്കതിൽ | 10/156/1 | 213 ച.മീ | - | 18396 | കാനോപ്പി ഉൾപ്പെടെയുള്ള നികുതി നിർണ്ണയം |

കാനോപ്പി ഭാഗം ഉൾപ്പെടെ നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുള്ള ക്രമ നം- 7, 8 വസ്തുനികുതി നിർണ്ണയങ്ങളേക്കാൾ വളരെക്കുറഞ്ഞ തറവിസ്തൃതി മാത്രം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ള ഫ്യൂവൽ സ്റ്റേഷനുകളും തമ്മിലുള്ള വസ്തുനികുതിയിലെ അന്തരം വളരെ വലുതാണ്. പഴക്കം ഒരു ഘടകമാണെങ്കിലും മിക്ക ഫ്യൂവൽ സ്റ്റേഷനുകളുടെയും കാനോപ്പി ഭാഗം കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നവയാണ്. ക്രമ നം. ഒന്നുമുതൽ ആറ് വരെയുള്ള ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി യഥാർത്ഥ വാണിജ്യ ഇടപാടുകൾ നടക്കുന്ന കാനോപ്പി ഏരിയ കൂടി കണക്കിലെടുത്ത് വസ്തുനികുതി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി പരിഷ്കരണം -തെറ്റായ ഉപയോഗക്രമം നൽകിയതുമൂലമുള്ള നഷ്ടം

വാർഷിക വാടകമൂല്യം അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ച വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയയും ഉപയോഗക്രമവും അടിസ്ഥാനമാക്കി പരിഷ്കരിച്ചപ്പോൾ നികുതി നിരക്ക് തെരഞ്ഞെടുത്തതിലുണ്ടായ പിശക് കാരണം നികുതി കുറയുവാനിടയായ സാഹചര്യം ഉണ്ടായി.

തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ നിന്നും ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിരിക്കേണ്ടതാണ് [കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-4 (സി)] തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല [സ.ഉ(എം.എസ്) നം.144/15/ത.സ്വ.ഭ.വ. മൂന്നാം നമ്പർ നിർദ്ദേശം]. നിർദ്ദേശങ്ങൾ മേൽ പറഞ്ഞ പ്രകാരമാണന്നിരിക്കെ ഉപയോഗക്രമം മാറ്റി നികുതി പുനനിർണ്ണയിച്ചത് വസ്തു നികുതി കുറയുന്നതിനിടയാക്കി. ഇൻഡസ് മോട്ടോർസ് എന്ന

വാണിജ്യാവശ്യ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം വ്യവസായിക ആവശ്യം എന്ന തരത്തിലേക്ക് മാറ്റിയാണ് നികുതി നിർണ്ണയിച്ചത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5/160 എന്നീ കെട്ടിട നമ്പരിലാണ് ഇൻഡസ് മോട്ടോർസ് എന്ന ഓട്ടോമൊബൈൽ സെയിൽസ് സർവ്വീസ് സ്ഥാപനം പ്രവർത്തിക്കുന്നത്. 18000/- രൂപ മുൻ നികുതി (ARV) യുണ്ടായിരുന്ന ഈ കെട്ടിടത്തിന്റെ വസ്തുനികുതി പുതുക്കിയപ്പോൾ ഉപയോഗക്രമം 100 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടം എന്നതിന് പകരം വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടം എന്ന നിലയിൽ പുതുക്കിയത് വസ്തുനികുതി കുറയുന്നതിനിടയായി. 100 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീറ്ററിന് 90/- രൂപയും വ്യവസായ ആവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് 70/- രൂപയുമാണ്. പരമാവധി വർദ്ധനവായി 36000/- രൂപ നികുതി പുനർനിർണ്ണയിക്കേണ്ട സ്ഥാനത്ത് 28474/- രൂപ മാത്രമായി. നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/ തറവിസ്തൃതി ച.മീ | ഉടമയുടെ പേര് | നിലവിലെ ഫോറം-6 പ്രകാരമുള്ള നികുതി കണക്കാക്കൽ | ചുമത്തേണ്ട നികുതി | പരിഷ്കരണത്തിന് തൊട്ട് മുൻപുള്ള വസ്തു നികുതി | പരിഷ്കരിച്ച നികുതി | പരിഷ്കരിക്കേണ്ട നികുതി | വ്യത്യാസം രൂപ |
|---|---|---|---|---|---|---|---|
| 5/160 369.79 ച.മീ | അലക്സ് പി ഉമ്മൻ, തൊമസ് പി ഉമ്മൻ, പി.ഒ നൈനാൻ പോളച്ചിറയ്ക്കൽ | @70 (വ്യവസായ ആവശ്യം) 369.79 X 70= 25885.3 ഇളവ് മേൽക്കൂര 10 %=2588.53 റോഡ് സൌകര്യം-20%= 5177.06 ആകെ- 28474 | @90 (100 ച.മീ അധികം വിസ്തൃതിയുള്ള വാണിജ്യാവശ്യ കെട്ടിടം) 369.79 X 90= 33281.1 ഇളവ് മേൽക്കൂര 10 % = 3328.1 റോഡ് സൌകര്യം-20%= 6656.22 ആകെ- 36609 | 18000 | 28474 | 36000 | 7526 |

സേവന ഉപനികുതിയിൽ 752/- രൂപയുടെയും ലൈ.സെസ്സിൽ 376/- രൂപയുടെയും കുറവുണ്ടായിട്ടുണ്ട്. ഈ വിഷയം ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-23/20-21 തീ.20-01-22) മറുപടിയിൽ വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണം -നടപടികൾ സ്വീകരിക്കേണ്ടതാണ്

1)നഗരസഭയുടെ പത്താം വാർഡിൽ ചന്ദ്രപ്രസാദ്,രേവതി കൊറ്റാർകാവ് എന്നപേരിലുള്ള കെട്ടിട സമുച്ചയത്തിന് നഗരസഭ X/451 മുതൽ X/ 460 വരെയും X/ 457 *1 എന്ന നമ്പരും നൽകിയിട്ടുണ്ട്. മൂന്ന് നിലകളിലുള്ള ഈ കെട്ടിടത്തിന്റെ ഏറ്റവും മുകളിലായി സ്റ്റെയർ കാബിനോട് ചേർന്ന് 250 ചതുരശ്രമീറ്റർ ഭാഗം ജിപ്സം ഷീറ്റ് ഉപയോഗിച്ച് ഭിത്തിയും ഷീറ്റ് ഉപയോഗിച്ച് മേൽക്കൂരയും നിർമ്മിച്ചിട്ടുള്ളതായി നഗരസഭ വിഭാഗം കണ്ടെത്തിയിട്ടുണ്ട്. (ഫയൽ നം-R1/*12041/21).നിലവിൽ ഈ ഭാഗം ക്ലാസ്സ്മുറികളായി ഉപയോഗിക്കുന്നതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ രേവതി കോംപ്ലക്സ് പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കൃത്യതയില്ലാതെയാണ്. മാവേലിക്കര-കറ്റാനം റോഡിന്റെ പാർശ്വഭാഗത്തായുള്ള ഈ കെട്ടിടത്തിന്റെ റോഡ് സംബന്ധിക്കുന്ന വിവരങ്ങൾ കൃത്യമല്ല. ഒന്നരമീറ്ററിൽ കൂടുതലുള്ള പ്രവേശനമാർഗ്ഗമെന്ന നിലക്കാണ് പല കെട്ടിടങ്ങളും നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇത് നിലവിൽ നമ്പരുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലും കുറവുണ്ടാക്കിയിട്ടുണ്ട്. അനധികൃത നിർമ്മിതികളുടെ വസ്തുനികുതി നിയമാനുസൃതം നിർണ്ണയിക്കുന്നതിനൊപ്പം നിലവിൽ ചുമത്തിയിരിക്കുന്ന നികുതി നിർണ്ണയത്തിലെ പിഴവുകളും (ഉണ്ടെങ്കിൽ)പുന:പരിശോധിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2.കൃഷ്ണാസ് ആർക്കേഡ് (വാർഡ് 24), ഫിൻലോർഡ് കോംപ്ലക്സ് (വാർഡ് 24), രാംകോ ടവർസ്, പുതിയകാവ് തുടങ്ങിയ നിരവധി കെട്ടിട സമുച്ചയങ്ങളിൽ സമാനമായ രീതിയിൽ ട്രസ്സ് വർക്ക് നടത്തിയ ഭാഗം ഉപയോഗപ്പെടുത്തുന്നുണ്ട്. നികുതി നിർണ്ണയിച്ചിട്ടില്ലാത്ത പക്ഷം വസ്തുനികുതി നിയമാനുസൃതം നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

3.തഴക്കര ഇൻഡ്യ വൺ ATM, 8/328 നമ്പർ കെട്ടിട ഉടമയായ ശ്രീ. തോമസ്സ് സൈമൺ പുത്തൻ പുരയിൽ എന്നയാളുടെ വസ്തുവിൽ സ്ഥിതി ചെയ്യുന്നു. ഈ കെട്ടിടം സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി വസ്തുനികുതി ചുമത്തിയിട്ടില്ല. വസ്തുനികുതി നിയമാനുസൃതം നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16 സർക്കാർ സ്ഥാപനങ്ങളുടെ വസ്തുനികുതി പൂർണ്ണമായും നിർണ്ണയിച്ച് ഈടാക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്-235 പ്രകാരം നികുതി ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി ഒഴിവിന് അർഹത. എന്നാൽ മാവേലിക്കര നഗരസഭയിലെ നിരവധി സംസ്ഥാന സർക്കാർ വകുപ്പുകളുടെ കെട്ടിടങ്ങൾ വസ്തുനികുതി നിർണ്ണയിക്കപ്പെടാതെ തുടരുന്നുണ്ട്.

1.സബ് ട്രഷറിയുടെ കെട്ടിടം സഞ്ചയഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും(കെട്ടിട നം-24/627) ഡിജിറ്റൽ സിഗ്നേച്ചർ ഉൾപ്പെടുത്തി നികുതി നിർണ്ണയം അന്തിമമാക്കി വസ്തുനികുതി ചുമത്തുന്നില്ല.

2.മാവേലിക്കര പോലീസ് സ്റ്റേഷൻ കെട്ടിടം സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നില്ല. ഇരുനിലകളുള്ള കെട്ടിടത്തിന്റെ വിവരങ്ങളൊന്നും തന്നെ നഗരസഭയുടെ പക്കലില്ല

3. പിഡബ്ല്യുഡി വിഭാഗത്തിന്റെ കെട്ടിടങ്ങൾ ഉൾപ്പെടുന്ന കാമ്പസിൽ നിരവധി കെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ നിർമ്മിതികളൊന്നും തന്നെ നഗരസഭയുടെ കണക്കുകളിൽ ഉൾപ്പെടുന്നില്ല.

വസ്തുനികുതി നിർണ്ണയിക്കാത്ത സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറുകൾ ഉടമകളെയെല്ലാം വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല-അനധികൃതമായി നിർമ്മാണം നടത്തിയ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല

നഗരസഭയുടെ ഇരുപത്തിയെട്ടാം വാർഡിൽ യോഹന്നാൻ ബേബി, ബി ആൻഡ് ബി കോംപ്ലക്സ്, കുറ്റിയിൽ സൂസൻ വില്ല, തട്ടാരമ്പലം എന്നയാളുടെ ഉടമസ്ഥതയിലുള്ള ബഹുനില കെട്ടിടത്തിന്റെ മുകളിലായി 2 മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ടവറുകൾ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥലപരിശോധന നടത്തി ഈ മൊബൈൽ ടവറുകൾ നഗരസഭയുടെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അനധികൃത നിർമ്മാണമെന്ന നിലക്ക് UA നമ്പർ നൽകി വസ്തു നികുതി ചുമത്തുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 30/20-21 നുള്ള മറുപടിയിൽ നഗരസഭ അറിയിച്ചു.

നഗരസഭയുടെ പത്താം വാർഡിൽ മാത്രം ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള മൂന്ന് മൊബൈൽ ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ടവറുകളൊന്നും തന്നെ നഗരസഭയുടെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നില്ല.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി നഗരസഭയുടെ പക്കലില്ലായെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് നഗരസഭ സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതാണ്. എന്നാലിപ്പോഴും നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ശൃംഖലക്ക് പുറത്താണ് എന്നത് വലിയ വരുമാന ചോർച്ചക്കിടയാക്കുന്നു. ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-18 പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ നമ്പരിൽ ഫോർവീലർ വർക്ക് ഷോപ്പ് നടത്തുന്നതിന് ലൈസൻസ് അനുവദിച്ചു- അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചില്ല

ഉദയമോട്ടോർസ് എന്ന പേരിൽ ശ്രീ. സുരേഷ് മോഹൻ, മാവേലി കിഴക്കതിൽ എന്നയാൾക്ക് നാലുചക്ര മോട്ടോർ

വാഹനങ്ങളുടെ സർവ്വീസിനായി വർക്ക് ഷോപ്പ് നടത്തുന്നതിന് 5/34/1 എന്ന കെട്ടിടത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ടി കെട്ടിട നമ്പർ സഞ്ചയ ഡേറ്റാ ബേസിലെ രേഖകൾ പ്രകാരം ഷാജി തോമസ്, ജോല്യജോസ്, ബ്ലസിവില്ല എന്നയാളുടെ പേരിലുള്ളതും പാർപ്പിടാവശ്യത്തിനായി നികുതി ചുമത്തിയതുമായ കെട്ടിടമാണ് (165ച.മീറ്റർ വിസ്തൃതി). വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് നൽകിയ ടി കെട്ടിടത്തിൽ സ്ഥലപരിശോധന നടത്തി നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തൃതി, മേൽക്കൂര, തറ എന്നിവയുടെ തരം, റോഡിന്റെ തരം, കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിവരം എന്നിവ പരിശോധിച്ച് നഗരസഭ റിപ്പോർട്ട് ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-20/20-01-22). ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 5/34/1 എന്നത് പാർപ്പിടാവശ്യകെട്ടിടമാണ്. കെട്ടിടത്തിന് സമീപത്തായി നാല് ചക്ര വാഹനങ്ങളുടെ സർവ്വീസ് സ്റ്റേഷൻ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന്റെ നികുതി നിർണ്ണയം സംബന്ധിച്ച് വ്യക്തമായ മറുപടി നഗരസഭ ലഭ്യമാക്കിയില്ല. ഫോർ വീലർ വർക്ക് ഷോപ്പിന് നമ്പർ നൽകിയിട്ടില്ലായെന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ വിസ്തൃതി സംബന്ധിക്കുന്ന വിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയില്ല. നിയമാനുസൃതമായി ക്രമവൽക്കരിക്കാവുന്ന കെട്ടിടമാണെങ്കിൽ ഉദയ മോട്ടോർസ് എന്ന സ്ഥാപനം ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളും വാണിജ്യാവശ്യമെന്ന നിലക്ക് നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അനധികൃത കെട്ടിടമെന്ന നിലക്ക് ഫോർ വീലർ വർക്ക് ഷോപ്പിന്റെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-19 കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

ഭരണഘടനയുടെ ആർട്ടിക്കിൾ 285 പ്രകാരം വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിൽ നിന്നും നഗരസഭയ്ക്ക് സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്. [(2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം - 30] കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള മാവേലിക്കര റെയിൽവേ സ്റ്റേഷൻ കെട്ടിടങ്ങൾ, ഹെഡ് പോസ്റ്റ് ഓഫീസ് കെട്ടിടം, ബി.എസ്.എൻ.എൽ കെട്ടിടം എന്നിവയൊക്കെ നഗരസഭ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും ടി കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന് നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. പൊതുവെ തനത് വരുമാനം കുറഞ്ഞ നഗരസഭയുടെ ഈ വിഷയത്തിലെ അഭിപ്രായം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭാ കൌൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 നഗരസഭ പ്രവർത്താനാനുമതി നൽകുന്ന സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചുറപ്പാക്കുന്നില്ല

നഗരസഭപരിധിയിൽ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച പലകെട്ടിടങ്ങളിലും വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നഗരസഭയുടെ പ്രവർത്താനനുമതി നേടിയ ഉടമകളുടെ വാണിജ്യവശ്യ കെട്ടിടങ്ങളും ഇപ്രകാരം ഉപയോഗക്രമം മാറ്റി നികുതി പുനനിർണ്ണയിക്കാത്ത ഗണത്തിൽപെടുന്നവയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സൺ ആൻഡ് സ്റ്റാർ റസ്റ്റോറന്റ് പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി ചുമത്തപ്പെട്ട കെട്ടിട ത്തിൽ

മാവേലിക്കര നഗരസഭയുടെ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന റസ്റ്റോറന്റ് ആയ സൺ ആൻഡ് സ്റ്റാർ 3/187 എന്ന നമ്പരിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടം സഞ്ചയ ഡേറ്റാ ബേസ് വിവരങ്ങൾ പ്രകാരം 182 ച.മീറ്റർ വിസ്തൃതിയുള്ളതും പാർപ്പിടാവശ്യം എന്ന നിലക്കുള്ള ഉപയോഗക്രമത്തിൽ നികുതി ചുമത്തിയിട്ടുള്ളതുമാണ്. ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം സ്ഥലപരിശോധന നടത്തിയ നഗരസഭയുടെ ഫീൽഡ് തല ഉദ്യോഗസ്ഥൻ 3/187 എന്ന നമ്പരിലുള്ള കെട്ടിടത്തിന് കാർ പോർച്ച് ഉൾപ്പെടെ 231.6 ച.മീറ്റർ വിസ്തൃതിയുണ്ടെന്നും മുൻപ് തന്നെ വാണിജ്യാവശ്യത്തിലേക്ക് മാറ്റിയ കെട്ടിടമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-21/20-21). എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്ന വിവരങ്ങൾ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നില്ല. സഞ്ചയയിലെ വിവരങ്ങൾ പ്രകാരം 2016 ഒന്നാം പാദം മുതൽ ഈ കെട്ടിടത്തിന്റെ വസ്തുനികുതി പാർപ്പിടാവശ്യമെന്ന നിലക്ക് തന്നെ പരിഷ്കരിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഘടനാപരമായ മാറ്റങ്ങളില്ലാത്ത 2000 ചതുരശ്ര അടിയിൽ താഴെ മാത്രം വിസ്തൃതിയുള്ള പാർപ്പിടാവശ്യ കെട്ടിടമായതിനാൽ വസ്തുനികുതി മുൻപുണ്ടായിരുന്ന 3000/-രൂപയിൽ തന്നെ തുടരുകയും ചെയ്യുന്നു. മുൻപ് ഉപയോഗക്രമം മാറ്റിയിരുന്നുവെങ്കിൽകൂടി ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തുക വഴി വാണിജ്യാവശ്യകെട്ടിടങ്ങളുടെ കുറഞ്ഞ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു. പഴയ അസസ്മെന്റ് രജിസ്റ്ററുകൾ പരിശോധിച്ച് വസ്തുനികുതി പുന:പരിശോധിക്കേണ്ടതാണ്.

2.സമാനമായ രീതിയിൽ ഓഫീസ് കെട്ടിടങ്ങൾ, ഹോം സ്റ്റേ, കൺസ്ട്രക്ഷൻ കമ്പനി ഓഫീസുകൾ എന്നിവ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം ഫീൽഡ് തല പരിശോധന നടത്തിയ ഉദ്യോഗസ്ഥർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ, സഞ്ചയ ഡേറ്റാ ബേസ് പ്രകാരം ഉടമയുടെ പേര് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ഉപയോഗക്രമം | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|---|
| 1 | NCC ഓഫീസ് പുതിയകാവ് | 9/427 | പാർപ്പിടാവശ്യം | - |
| 2 | ABS ബിൽഡേഴ്സ്, കണ്ടിയൂർ | 3/193/1 | പാർപ്പിടാവശ്യം | - |
| 3 | അമ്മൂസ് ഹോം സ്റ്റേ | 9/412 | പാർപ്പിടാവശ്യം | ലീലാമ്മ പങ്കജാക്ഷൻ നായർ അമൃതവാണി |

ഫീൽഡ് തല അന്വേഷണം നടത്തി നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-21 തൊഴിൽ നികുതി എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തുന്നില്ല

നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയിൽ നിന്നും സർക്കാർ കാലാകാലങ്ങളിൽ ഇളവ് നൽകിയ വിഭാഗത്തിന്റെയൊഴികെ തൊഴിലിലോ ജോലിയിലോ കലയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള തൊഴിൽ നികുതി ചുമത്തൽ പൂർണ്ണമല്ല. നിരവധി സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)നഗരസഭപരിധിയിലുള്ള കോ -ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ബാങ്കുകളെയും ബാങ്കുകളിലെ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യില്ല .

നഗരസഭ പരിധിയിലെ താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടില്ല

| ക്രമ നം. | സഹകരണ ബാങ്കുകളുടെ പേര് |
|---|---|
| 1* | മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് നം- 707 ചെട്ടികുളങ്ങര ബ്രാഞ്ച് (OPP. VSM Hospital) |
| 2* | മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് നം- 707, തഴക്കര ബ്രാഞ്ച് |
| 3 | കല്ലുമല കാർഷിക സഹകരണ ബാങ്ക് നം. HW 14, പുതിയകാവ് ബ്രാഞ്ച് |
| 4 | തെക്കേക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബ്രാഞ്ച് A 218 പുന്നമൂട് ബ്രാഞ്ച് |

*ക്രമ നം.1, 2 എന്നിവയിലെ ജീവനക്കാർ മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ഹെഡ് ഓഫീസിലെ ജീവനക്കാർക്കൊപ്പം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കേണ്ടതാണ് .

മേൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ് .

2) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് തല പ്രോഗ്രാം ഓഫീസിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല .

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് തല പ്രോഗ്രാം ഓഫീസ് മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസിൽ അക്രഡിറ്റഡ് എൻജിനീയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർ കരാർ

അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. എന്നാൽ ഈ സ്ഥാപനത്തിലെ ജീവനക്കാരെ നഗരസഭ തൊഴിൽ നികുതി ചുമത്തിയില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

3) നഗരപരിധിയിലെ സാമ്പത്തിക ഇടപാടു സ്ഥാപനങ്ങളെ പൂർണ്ണമായും തൊഴിൽ നികുതി ചുമത്തുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

സാമ്പത്തിക ഇടപാടുകൾ നടത്തുന്ന നിരവധി സ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ സ്ഥാപനങ്ങളെയൊന്നും നഗരസഭ തൊഴിൽ നികുതി ചുമത്തുന്നില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) NCS ഫിനാൻസ്, പുതിയകാവ്, മാവേലിക്കര

2) നെടുംബറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ്, തട്ടാരമ്പലം

3) കെ.എൽ.എം ആക്സിവ ഫിൻവെസ്റ്റ് മാവേലിക്കര-1st Floor, Vishnu Plaza, Nadakkavu, Mavelikkara P.O, Alleppey, 690101

4) ജിയോജിത്ത് ബിഎൻപി പാരിബാസ് ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് -2ND FLOOR,THYVILAYIL TOWERS MAVELIKARA, Kerala 690101

5)കണ്ണാട്ട് ഫിനാൻസ് നിധി ലിമിറ്റഡ്-BMC കോംപ്ലക്സ്, Near KSRTC മാവേലിക്കര

6) ഈസി ഫിനാൻഷ്യൽ സർവ്വീസ്, Near Block Office, Opp. L.P.School, Puthiyakavu, Mavelikara

7) ഇൻഫോസെൻ ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, Finlord Shopping Complex, Mavelikara, Kerala 690101

8) കണ്ണാട്ട് അരുൺ ഫൈനാൻസിയേഴ്സ്, മാവേലിക്കര

9) മണിമുറ്റത്ത് നിധി ലിമിറ്റഡ്, മാവേലിക്കര

10) എസ്.എം.എൽ ഫിനാൻസ് ലിമിറ്റഡ്. DEVILAND, KALATHATT, PONAKAM, PUNNAMOODU, MAVELIKKARA, ALAPUZHA, PIN-690101

11) വഞ്ചിനാട് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്- PONAKAM, PUNNAMOODU, MAVELIKKARA, ALAPUZHA, PIN-690101

12) കെ.പി.ബി നിധി ലിമിറ്റഡ്,THOMAS KORAH BUILDING, A.R.JUNCTION, (FORMERLY A V J JUNCTION) TEMPLE ROAD MAVELIKKARA PIN – 690101.

13) ഫിൻലോർഡ് ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, 1st Floor Finlord Complex, Park Junction, Mavelikara-690101

14) താഴയിൽ നിധി ലിമിറ്റഡ്, Mavelikara

15) കണ്ണാട്ട് നിധി ലിമിറ്റഡ്, Panchamoodu Jn.Mavelikara

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-22 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി : നിരവധി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയില്ല/രസീത് വിവരങ്ങൾ ലഭ്യമാക്കിയില്ല

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245പ്രകാരം നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയിൽ നിന്നും സർക്കാർ കാലാകാലങ്ങളിൽ ഇളവ് നൽകിയ വിഭാഗത്തിന്റെയൊഴികെ തൊഴിലിലോ ജോലിയിലോ കലയിലോ ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള തൊഴിൽ നികുതി ചുമത്തൽ പൂർണ്ണമല്ല. നിരവധി സ്ഥാപങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ ട്രേഡേഴ്സിന്റെ / പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നതിൽ നഗരസഭക്ക് വീഴ്ചയുണ്ടായി. സ്ഥാപനം പരിശോധനക്ക് ലഭ്യമാക്കിയ ഡിമാൻഡ് രജിസ്റ്റർ പ്രകാരം 2020-21 വർഷം സ്ഥാപനങ്ങളുടെ ട്രേഡേഴ്സിന്റെ/ പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഫെഡറൽ ബാങ്ക്, മാവേലിക്കര | I & II |

| | | |
|---|---|---|
| 2 | കാരുണ്യ ഫാർമ്മസി | I & II |
| 3 | മെഡിവിഷൻ സ്കാൻ ആൻഡ് ഡയഗ്നോസ്റ്റിക്ക് സെന്റർ | I & II |
| 4 | DDRC സ്കാൻ ആൻഡ് ഡയഗ്നോസ്റ്റിക്ക് സെന്റർ | I & II |
| 5 | മണപ്പുറം ഫിനാൻസ് പുതിയ കാവ് | I & II |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ്, പുതിയകാവ് | I & II |
| 7 | ഇൻഡ്യൻ ബാങ്ക്, പുതിയകാവ് | I & II |
| 8 | കൊശമറ്റം ഫിനാൻസ്, തട്ടാരമ്പലം | I & II |
| 9 | HDB ഫിനാൻഷ്യൽ സർവ്വീസസ് | I & II |
| 10 | HDFC ബാങ്ക് | I & II |
| 11 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, മാവേലിക്കര | I & II |
| 12 | SC ST കോ-ഓപ്പറേറ്റീവ് സോസൈറ്റി മാവേലിക്കര | I & II |
| 13 | പബ്ലിക്ക് ഹെൽത്ത് സെക്ഷൻ, വാട്ടർ അതോറിറ്റി | I & II |
| 14 | കോറൽ ഏജൻസീസ്, പുതിയ കാവ് | I & II |
| 15 | ഹെർക്കുലീസ് ഓട്ടോമൊബൈൽസ്, തട്ടാരമ്പലം | I & II |
| 16 | നാഷണൽ ഇൻഷുറൻസ്, തട്ടാരമ്പലം | I & II |
| 17 | മുത്തൂറ്റ് മെർക്കന്റയിൽസ് പുതിയകാവ് | II |
| 18 | സപ്ലൈകോ, പുതിയകാവ് | I & II |
| 19 | ഇൻഡസ് മോട്ടോർസ് | I & II |
| 20 | ഉദയ മോട്ടോർസ് | I & II |
| 21 | ഭാസ്കര മൊബൈൽസ്, പുതിയ കാവ് | I & II |
| 22 | മാവേലിക്കര മിൽക്ക് സപ്ലൈയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 91 (A) | I & II |
| 23 | സപ്ലൈകോ, തട്ടാരമ്പലം | I & II |
| 24 | എസ്സ്. എസ്സ്. ഹ്യുണ്ടായി | II |
| 25 | എസ്സ്.എസ്സ് ഹ്യുണ്ടായി യൂസ്ഡ് കാർസ് | II |
| 26 | സിക്സർ ഹോട്ടൽ | I & II |
| 27 | സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ | I & II |
| 28 | ശ്രീ ഗോകുലം ചിറ്റ്സ് ആൻഡ് ഫിനാൻസ് കമ്പനി | I & II |
| 29 | ഇൻഡസ് ഇൻഡ് ബാങ്ക് | I & II |
| 30 | വന്ദനം ഹോട്ടൽ | I & II |
| 31 | പഞ്ചാബ് നാഷണൽ ബാങ്ക് | I |
| 32 | അയ്യപ്പാസ് ടെക്സ്റ്റൈൽസ്, മാവേലിക്കര | I & II |
| 33 | സംഗം ടെക്സ്റ്റൈൽസ്, മാവേലിക്കര | I & II |
| 34 | AVJ ജ്വലേഴ്സ് | I & II |
| 35 | PNB മെറ്റ്ലൈഫ് ഇൻഡ്യ ഇൻഷുറൻസ് | |
| 36 | സ്വപ്ന ഫാഷൻ ജ്വവലറി | I & II |
| 37 | മുളമൂട്ടിൽ നിധി ലിമിറ്റഡ് | I & II |
| 38 | മുത്തൂറ്റ് ഫിൻകോർപ്പ്, മിച്ചൽ ജംഗ്ഷൻ | I & II |
| 39 | രാംകോ ഡെന്റൽ കെയർ | I & II |
| 40 | കേരള ഹൌസിംഗ് ഫിനാൻസ് | I & II |
| 41 | കൊയർ ഫെഡ് ഷോറൂം, മാവേലിക്കര | I & II |
| 42 | റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ്, മാവേലിക്കര | I |
| 43 | മോർ റീറ്റെയിൽ ലിമിറ്റഡ്- മോർ സൂപ്പർ മാർക്കറ്റ് | I & II |
| 44 | കൊച്ചിൻ എക്സ്പോർട്ട്സ് ലിമിറ്റഡ് | I & II |
| 45 | റിലയൻസ് കോ-ഓപ്പറേറ്റ് IT പാർക്ക് ലിമിറ്റഡ് | I & II |

| | | |
|---|---|---|
| 46 | റിലയൻസ് റീട്ടെയിൽ ലിമിറ്റഡ്- ട്രെൻഡ്സ് | II |
| 47 | ഈസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് | I & II |
| 48 | കൊമ്പശ്ശേരിൽ ജ്വവലേഴ്സ് | I & II |
| 49 | മെഡിസിറ്റി ഇൻറർ നാഷണൽ അക്കാദമി | |
| 50 | ഐശ്വര്യ ടെക്സ്റ്റൈൽസ് | I & II |
| 51 | ബാങ്ക് ഓഫ് ബറോഡ കണ്ടിയൂർ NRI ബ്രാഞ്ച് | I |
| 52 | ബാങ്ക് ഓഫ് ബറോഡ പുതിയകാവ് | I & II |
| 53 | ഉപാസന മെഡിക്കൽസ് | I & II |
| 54 | ആലപ്പി ജ്വവലേഴ്സ് | I & II |
| 55 | സിൻഡിക്കേറ്റ് ബാങ്ക്, മാവേലിക്കര | I & II |
| 56 | സി ചാക്കോ ആൻഡ് സൺസ് | I & II |
| 57 | റോയൽ കോഫീ വർക്സ് | I & II |
| 58 | ന്യൂ ഇൻഡ്യ അഷ്വറൻസ് മാവേലിക്കര | I |
| 59 | ജിയോജിത്ത് സെക്യൂരിറ്റീസ് | I & II |
| 60 | കോർപ്പറേഷൻ ബാങ്ക് മാവേലിക്കര | I & II |
| 61 | മുത്തൂറ്റ് ഫിൻകോർപ്പ് മാവേലിക്കര | I & II |
| 62 | വൃന്ദാവൻ ആയുർവേദ നേഴ്സിംഗ് ഹോം | I & II |
| 63 | കണ്ണാട്ട് അരുൺ ഫൈനാൻസിയേഴ്സ് | I & II |
| 64 | യൂണിമണി ഫിനാൻസ് | II |
| 65 | ധനലക്ഷ്മി ബാങ്ക് മാവേലിക്കര | I & II |
| 66 | ത്രിവേണി സൂപ്പർമാർക്കറ്റ്- കൺസ്യൂമർഫെഡ് | I & II |
| 67 | ദേവസ്വം ഓഡിറ്റ് ഓഫീസ് | |
| 68 | SBI റീജിയണൽ ബിസിനസ്സ് ഓഫീസ് | II |
| 69 | SBI മെയിൻ ബ്രാഞ്ച് | I & II |
| 70 | ഓറിയന്റൽ ഇൻഷ്വറൻസ്, മാവേലിക്കര | I & II |
| 71 | SBI NRI ബ്രാഞ്ച് | II |
| 72 | കേരള ബാങ്ക്, മാവേലിക്കര | I & II |
| 73 | SBI RASMAC | I & II |
| 74 | ഗവ.സെർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി A790 | I & II |
| 75 | ചന്ദ്ര സ്റ്റോർ | I & II |
| 76 | രാഹുൽ ട്രേഡേഴ്സ് | I & II |
| 77 | മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ് കോർട്ട് ജം | I & II |
| 78 | അപരാജിത ഡയഗ്നോസ്റ്റിക്ക് സിനർജീസ് പ്രൈവറ്റ് ലിമിറ്റഡ് | |
| 79 | PCARD ബാങ്ക് നം-836 | I |
| 80 | DHFL മാവേലിക്കര | I & II |
| 81 | ഡയറി എക്സ്റ്റെൻഷൻ ഓഫീസ്, മാവേലിക്കര | |
| 82 | അസി. പബ്ലിക്ക് പ്രോസിക്യൂട്ടർ ഓഫീസ് മാവേലിക്കര | |
| 83 | സപ്ലൈകോ താലൂക്ക് ഡിപ്പോ മാവേലിക്കര | I & II |
| 84 | HDFC രേവതി കോംപ്ലക്സ് | I & II |
| 85 | ഗവ.നേഴ്സറിസ്കൂൾ മാവേലിക്കര | |
| 86 | കൊൺകോഡ് മോട്ടോർസ് മാവേലിക്കര | I & II |
| 87 | ലുംമ്പിനി അലൂമിനിയം ഫാബ്രിക്കേഷൻസ് | I & II |
| 88 | സെന്റ് പോൾസ് പ്രീന്റിംഗ് പ്രസ്സ് | I & II |
| 89 | താലൂക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക് നം-707 | I & II |

| | | |
|---|---|---|
| 90 | IDBI ബാങ്ക് | I & II |
| 91 | ശ്രീ രാജേശ്വരി ടെക്സ്റ്റൈൽസ് | I & II |
| 92 | KSFE കണ്ടിയൂർ | II |
| 93 | ശ്രീകണ്ഠപുരം ഹോസ്പിറ്റൽ | I & II |
| 94 | ബജാജ് അലയൻസ് ലൈഫ് ഇൻഷ്വറൻസ് കമ്പനി | I |
| 95 | VSM ഹോസ്പിറ്റൽ | I & II |
| 96 | IOB മറ്റം ബ്രാഞ്ച് | I & II |
| 97 | കാത്തോലിക്ക് സിറിയൻ ബാങ്ക് തട്ടാരമ്പലം ബ്രാഞ്ച് | I & II |
| 98 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ തട്ടാരമ്പലം | I & II |
| 99 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് തട്ടാരമ്പലം | I & II |
| 100 | സിറ്റി മെഡിക്കൽസ് | I & II |
| 101 | മണപ്പുറം ഫിനാൻസ് തട്ടാരമ്പലം | I & II |
| 102 | ഇൻഡസ് ലാൻഡ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 103 | മാവേലിക്കര എയിഡഡ് സ്കൂൾ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം-A288 | I & II |
| 104 | പോളച്ചിറക്കൽ മെഡിക്കൽ സെന്റർ പുതിയകാവ് | I & II |
| 105 | ICL ഫിൻകോർപ്പ് | I & II |
| 106 | റിലയൻസ് പെട്രോൾ പമ്പ്, മാവേലിക്കര | I & II |
| 107 | അമൃത ഏജൻസീസ് മാവേലിക്കര | I & II |
| 108 | സൌപർണ്ണിക ഹോം സെന്റർ മാവേലിക്കര | I & II |
| 109 | ട്രാവൻകൂർ റീജൻസി | I & II |
| 110 | രേവതി മൊബൈൽസ് | I & II |
| 111 | ഇന്ദ്രപ്രസ്ഥ ഹോട്ടൽ | I & II |
| 112 | ബ്ലൂചിപ്പ് കോർപ്പറേറ്റ്, മാവേലിക്കര | I & II |

പരിശോധിച്ച് നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ സഹിതം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-9/20-21 തീയതി 17/01/22 ന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ഈടാക്കി രസീത്/ഡേ ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-23 ജീവനക്കാരുടെ തൊഴിൽ നികുതി രസീത് വിവരങ്ങൾ ലഭ്യമാക്കിയില്ല

രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെപേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഈസ്റ്റേൺ ITC | I & II |
| 2 | ARR VEE ബേക്കറി | I & II |
| 3 | മണപ്പുറം ഫിനാൻസ് പുതിയ കാവ് | I |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ്, പുതിയകാവ് | II |
| 5 | കൊശമറ്റം ഫിനാൻസ്, തട്ടാരമ്പലം | I & II |
| 6 | HDB ഫിനാൻഷ്യൽ സർവ്വീസസ് | I & II |
| 7 | SC ST കോ-ഓപ്പറേറ്റീവ് സോസൈറ്റി, മാവേലിക്കര | I & II |
| 8 | IEM ബൈബിൾ കോളേജ് | I & II |
| 9 | ജ്യോതിസ്സ് സ്കൂൾ | I & II |
| 10 | കോറൽ ഏജൻസീസ് | I & II |

| | | |
|---|---|---|
| 11 | ഹെർക്കുലീസ് ഓട്ടോമൊബൈൽസ്, തട്ടാരമ്പലം | I & II |
| 12 | നാഷണൽ ഇൻഷുറൻസ്,തട്ടാരമ്പലം | I & II |
| 13 | മുത്തൂറ്റ് മെർക്കന്റയിൽസ് പുതിയകാവ് | II |
| 14 | സപ്ലൈകോ, പുതിയകാവ് | I & II |
| 15 | ഉദയ മോട്ടോർസ് | I & II |
| 16 | ഭാസ്കര മൊബൈൽസ് | I & II |
| 17 | PWD മെക്കാനിക്കൽ സബ്ഡിവിഷൻ, മാവേലിക്കര | II |
| 18 | PWD ബിൽഡിംഗ് സബ്ഡിവിഷൻ, മാവേലിക്കര | II |
| 19 | സപ്ലൈകോ, തട്ടാരമ്പലം | II |
| 20 | എസ്സ്.എസ്സ് ഹ്യുണ്ടായി | II |
| 21 | എസ്സ്.എസ്സ് ഹ്യുണ്ടായി യൂസ്ഡ് കാർസ് | II |
| 22 | സിക്സർ ഹോട്ടൽ | I & II |
| 23 | ഇൻഡസ് ഇൻഡ് ബാങ്ക് | I & II |
| 24 | വന്ദനം ഹോട്ടൽ | I & II |
| 25 | AVJ ജ്വല്ലേഴ്സ് | II |
| 26 | PNB മെറ്റ്ലൈഫ് ഇൻഡ്യ ഇൻഷുറൻസ് | II |
| 27 | സ്വപ്ന ഫാഷൻ ജ്വവലറി | I & II |
| 28 | രാംകോ ഡെന്റൽ കെയർ | I & II |
| 29 | കേരള ഹൌസിംഗ് ഫിനാൻസ് | I & II |
| 30 | കൊയർ ഫെഡ് ഷോറൂം, മാവേലിക്കര | I & II |
| 31 | കൊച്ചിൻ എക്പോർട്ട്സ് ലിമിറ്റഡ് | II |
| 32 | റിലയൻസ് കോ-ഓപ്പറേറ്റ് IT പാർക്സ് ലിമിറ്റഡ് | I & II |
| 33 | ഈസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് | II |
| 34 | കൊമ്പശ്ശേരിൽ ജ്വവലേഴ്സ് | |
| 35 | മെഡിസിറ്റി ഇൻറർ നാഷണൽ അക്കാദമി | II |
| 36 | ഐശ്വര്യ ടെക്സ്റ്റൈൽസ് | I & II |
| 37 | ഉപാസന മെഡിക്കൽസ് | I & II |
| 38 | സിൻഡിക്കേറ്റ് ബാങ്ക്, മാവേലിക്കര | I & II |
| 39 | ജിയോജിത്ത് സെക്യൂരിറ്റീസ് | I & II |
| 40 | കോർപ്പറേഷൻ ബാങ്ക്, മാവേലിക്കര | I |
| 41 | വൃന്ദാവൻ ആയുർവേദ നേഴ്സിംഗ് ഹോം | I & II |
| 42 | യൂണിമണി ഫിനാൻസ് | II |
| 43 | ത്രിവേണി സൂപ്പർമാർക്കറ്റ്- കൺസ്യൂമർഫെഡ് | I & II |
| 44 | ദേവസ്വം ഓഡിറ്റ് ഓഫീസ് | I |
| 45 | ഓറിയന്റൽ ഇൻഷുറൻസ്, മാവേലിക്കര | I & II |
| 46 | കേരള ബാങ്ക് മാവേലിക്കര | II |
| 47 | രാഹുൽ ട്രോഡേഴ്സ് | I & II |
| 48 | ഡയറി എക്സ്റ്റെൻഷൻ ഓഫീസ്, മാവേലിക്കര | II |
| 49 | അസി. പബ്ലിക്ക് പ്രോസിക്യൂട്ടർ ഓഫീസ്, മാവേലിക്കര | II |
| 50 | ഗവ.നേഴ്സറിസ്കൂൾ, മാവേലിക്കര | II |
| 51 | കൊൺകോഡ് മോട്ടോർസ്, മാവേലിക്കര | I & II |
| 52 | സെന്റ് പോൾസ് പ്രിന്റിംഗ് പ്രസ്സ് | I & II |
| 53 | IDBI ബാങ്ക് | II |
| 54 | ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് കമ്പനി | I |

| | | |
|---|---|---|
| 55 | സിറ്റി മെഡിക്കൽസ് | I & II |
| 56 | മണപ്പുറം ഫിനാൻസ് തട്ടാരമ്പലം | |
| 57 | ഇൻഡസ് ലാൻഡ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 58 | എക്സൈസ് സർക്കിൾ ഓഫീസ് തട്ടാരമ്പലം | I |
| 59 | മാവേലിക്കര എയിഡഡ് സ്കൂൾ എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി നം- A288 | I & II |
| 60 | അമൃത ഏജൻസീസ്, മാവേലിക്കര | II |
| 61 | സൌപർണ്ണിക ഹോം സെന്റർ, മാവേലിക്കര | I & II |
| 62 | ഇന്ദ്രപ്രസ്ഥ ഹോട്ടൽ | I & II |
| 63 | ബ്ലൂചിപ്പ് കോർപ്പറേറ്റ്, മാവേലിക്കര | I & II |

മേൽ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്നുള്ള വിവരം പരിശോധിച്ച് വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-10/20-21 തീയതി 17/01/22) തൊഴിൽ നികുതി ഈടാക്കി രസീത് /ഡേ ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 കടമുറി വാടക - നടപടിക്രമങ്ങളിലെ അപാകതകൾ

നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A)വാടക കുടിശ്ശികയായി ഈടാക്കാനുള്ളത് 10,24,126 /-രൂപ

വാടക കുടിശ്ശിക വരുത്തിയവർക്കുതന്നെ കുടിശ്ശിക തുക ഈടാക്കാതെ തുടർന്നും കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുകയാണ്. ദീർഘ നാളായി വാടക കുടിശ്ശിക വരുത്തിയിട്ടുള്ള കുത്തകക്കാരുടെ കുത്തകാവകാശം ഒഴിപ്പിച്ച് പുനർ ലേലം നടത്തുന്നതിൽ നഗരസഭാധികൃതർ വീഴ്ച വരുത്തിയിരിക്കുന്നു. നഗരസഭയിൽ വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. നഗരസഭയുടെ വരുമാനം പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ കൃത്യവിലോപം ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/19.01.22) വാടക കുടിശ്ശിക ഈടാക്കുവാൻ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണന്ന് മറുപടി നൽകിയിട്ടുണ്ട്. വാടക കുടിശ്ശിക ബന്ധപ്പെട്ട നികുതികളുൾപ്പടെ അടിയന്തിരമായി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടി യുക്തമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

B)നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് | റൂം നമ്പർ |
|---|---|---|
| 1 | പുതിയകാവ് ഷോപ്പിങ്ങ് കോംപ്ലക്സ് | 8 |
| 2 | പുന്നമൂട് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 33 |
| 3 | പുന്നമൂട് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 17/159(37) |
| 4 | മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 1 |
| 5 | മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 2 |

| | | |
|---|---|---|
| 6 | മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 3 |
| 7 | മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 5 |
| 8 | മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 6 |
| 9 | മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 8 |
| 10 | മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 9 |
| 11 | മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് | 10 |
| 12 | കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് (എസ്.സി./എസ്റ്റി.) | 2 |
| 13 | പുതിയ കാവ് LIC ഷോപ്പിങ്ങ് കോംപ്ലക്സ് | 8 |

മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിക്കാത്തത് മൂലം നഗരസഭയ്ക്ക് വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. ഉദാഹരണമായി പുന്നമൂട് ഷോപ്പിങ്ങ് കോംപ്ലക്സ് (പിറകുവശത്തെ പഴയ കടമുറികളിൽ 7 എണ്ണം) ഷട്ടറുകൾ തകർന്ന് കിടക്കുന്നത് കാരണം ആരും വാടകയ്ക്ക് എടുക്കുന്നില്ല. മെയിന്റനൻസ് നടത്തുകയാണെങ്കിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് സാധ്യമാകും. മെയിന്റനൻസ് യഥാസമയം നടത്തുന്നില്ല എന്ന കാരണം കാട്ടി നഗരസഭയുടെ അനുമതി കൂടാതെ ലൈസൻസികൾ സ്വന്തം നിലയ്ക്ക് കടമുറിയ്ക്ക് മാറ്റങ്ങൾ വരുത്തുന്നു എന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. മുറികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കിയും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകി നഗരസഭയ്ക്കുണ്ടാകുന്ന വരുമാനച്ചോർച്ച പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

C)ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല

കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 567, 572 എന്നിവ അനുസരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് കൊടുക്കുന്നതിനായി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

D)വാടക ഡിമാന്റ് രജിസ്റ്റർ ആധികാരികമല്ല

വാടക സംബന്ധമായി നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വ്യക്തവും ആധികാരികവുമല്ല. ഓരോ മുറികളുടെയും ഡിമാന്റ്/കളക്ഷൻ/ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

E)എല്ലാ വാടക്കാരുമായും കരാർ ചമച്ചിട്ടില്ല

നഗരസഭയിലെ കടമുറികൾ വാടകയ്ക്കെടുത്ത എല്ലാ ലൈസൻസികളുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ആകെയുള്ള 97 ൽ 77 എണ്ണവും വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും എഗ്രിമെന്റ് ഫയൽ പ്രകാരം മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ 4 എഗ്രിമെന്റുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട നിയമാനുസൃത വരവിനത്തെ തടയിരുന്ന പ്രവണത തെറ്റാണ്. 77 കടമുറികളിൽ നിന്ന് 200 രൂപ ക്രമത്തിൽ ലഭിക്കേണ്ട 15400 രൂപയ്ക്ക് പകരം 800 രൂപയുടെ വരവ് മാത്രമേ ലഭ്യമായിട്ടുള്ളൂ. കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് ശരിയായ നടപടിയല്ല. കരാറിൽ ഏർപ്പെടാത്തതിനാൽ വാടകക്കുടിശ്ശിക വരുത്തുന്നവർക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടുമില്ല. ഈ വിഷയം അടിയന്തിര തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

F)നിയമാനുസൃത ലൈസൻസികളാണ് കടമുറി ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുന്നില്ല

നിയമാനുസൃത ലൈസൻസികളല്ലാതെ പലരും കടമുറി ഉപയോഗിക്കുന്നതെന്ന് വ്യക്തമാണ്. എന്നിട്ടും കേരള മുൻസിപ്പാലിറ്റി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നഗരസഭ വക കെട്ടിടത്തിലെ ഓരോ മുറികളും കൈവശം വെച്ചിരിക്കുന്നത് നിയമാനുസൃത കുത്തകക്കാർ തന്നെയാണോയെന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും ഇത് സംബന്ധമായ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

G) അനധികൃത കൈയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ സമീപത്തും, നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും അനധികൃതമായി കച്ചവടം നടത്തുന്ന വ്യാപാരികൾക്കെതിരെ നഗരസഭ നടപടി സ്വീകരിക്കുന്നില്ല. അനധികൃത വ്യാപാരങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തത് നഗരസഭയുടെ വരുമാനത്തെയും ബാധിക്കുന്നു. ഈ വിഷയത്തിൽ ഫലപ്രദമായ തുടർ നടപടികൾ നാളിതുവരെ ഉണ്ടായിട്ടുമില്ല. ഈ വിഷയത്തിൽ അടിയന്തിര തുടർ

നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

H) വാടകനിരക്കിലെ കുറവ്

നഗരസഭ നിലവിൽ വാടകയ്ക്കു നൽകിയിട്ടുള്ള പല കടമുറികളുടെയും വാടക, സമാന സ്വഭാവമുള്ള സ്വകാര്യ കെട്ടിടങ്ങളിലെ വാടകയേക്കാൾ കുറവാണ്. മാർക്കറ്റ് നിരക്കുമായുള്ള വ്യത്യാസം കാരണം വാടക ഇനത്തിൽ നഗരസഭയ്ക്കു വലിയ നഷ്ടം സംഭവിക്കുന്നുണ്ട്. നഗരസഭയിലെ പുന്നമൂട് ഷോപ്പിങ്ങ് കോപ്ലക്സിലെ 1 മുതൽ 9 വരെയുള്ള മുറികളിലെ നിരക്കിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

പുന്നമൂട് ഷോപ്പിങ്ങ് കോംപ്ലക്സ് .

| റൂം നമ്പർ | വാടക |
|---|---|
| 1 | 1252 |
| 2 | 664 |
| 3 | 1274 |
| 4 | 697 |
| 5 | 697 |
| 6 | 452 |
| 7 | 1071 |
| 8 | 561 |
| 9 | 75 |

മുൻകാലങ്ങളിൽ ലേലം ചെയ്തു നൽകിയ കടമുറികൾ 5% വാടക വർദ്ധനവ് വരുത്തി അതേ ലൈസൻസിയ്ക്കു നൽകുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നത്. മാർക്കറ്റ് നിരക്കിലെ വാടകയുമായുള്ള അന്തരം മൂലം നഗരസഭയുടെ കടമുറികൾ ലൈസൻസികൾ ഉയർന്ന വാടകയ്ക്കു മറിച്ചു നല്കുന്നതിനും ഇടയാക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വിപണിമൂല്യം അനുസരിച്ച് വിവിധ ഗണങ്ങളിൽ ഉൾപ്പെടുത്തി വാടക കാലികമായി പരിഷ്കരിക്കണം. പരിഷ്കരിച്ച നിരക്കിൽ വാടക നൽകുന്നതിനു ലൈസൻസികളോട് ആവശ്യപ്പെടാവുന്നതും വിമുഖത കാട്ടുന്ന പക്ഷം പ്രസ്തുത ലൈസൻസിയെ ഒഴിവാക്കി ലേലം നടത്താവുന്നതുമാണ്. മാർക്കറ്റ് നിരക്കിലേക്ക് വാടക ഉയർത്തുന്നതു വഴി കടമുറികൾ ഉയർന്ന വാടകയ്ക്കു മറിച്ചു നൽകുന്ന പ്രവണത ഇല്ലാതാക്കാനും സാധിക്കും. നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

ലേലത്തിൽ പോകുന്ന കടമുറികൾ, മത്സ്യ/താൽക്കാലിക സ്റ്റാളുകൾ എന്നിവയിൽ ഉപയോഗയോഗ്യമല്ലാത്തവ അടിയന്തിരമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കേണ്ടതാണ്.

## 1-25 തേക്കിൻ തടികളുടെ ലേലം- രേഖകൾ ഹാജരാക്കിയില്ല

നഗരസഭയുടെ വക ഗവ.ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ വെട്ടിയിരിക്കുന്ന തേക്കിന്റെ തടികൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് 45003/- രൂപ വാല്യുവേഷൻ നിശ്ചയിച്ചിട്ടുള്ളതാണ്. 2019-20 ലെ പൊതുലേലത്തിലും പുനർലേലത്തിലും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആരും തന്നെ തടികൾ ഏറ്റെടുത്തിരുന്നില്ല. പിന്നീട് പ്രസ്തുത തടികൾക്കായി 3 പേർ ഓഫർ വെച്ചിരുന്നു. ഓഫറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പേരും മേൽവിലാസവും | തുക |
|---|---|
| ആനന്ദൻ, പ്ലാവിള വടക്കേതിൽ, കല്ലുമല | 26,000 |
| സുമേഷ്.കെ.എസ്, ഐശ്വര്യ സദനം, പൊന്നാരംതോട്ടം, മാവേലിക്കര | 40,000 |
| ഗംഗ.സി, പാലപ്പള്ളിൽ ഹൌസ്, ഉമ്പർനാട്, മാവേലിക്കര | 22,00 |

മേൽ സൂചിപ്പിച്ച ഓഫറിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/22.01.22) ലേലം നടത്തിയിട്ടുണ്ട് എന്ന മറുപടി നൽകിയെങ്കിലും അതിനെ സാധൂകരിക്കുന്ന രേഖകൾ അധികൃതർ ഹാജരാക്കിയില്ല. രേഖകൾ അടിയന്തിരമായി ഹാജരാക്കി പരാമർശം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25-1 സ്ക്രാപ്പുകളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയില്ല

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി സ്ക്രാപ്പുകളുടെ ലേലവുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരമുള്ള തുകകൾ ലഭിച്ചിട്ടുണ്ടെന്ന് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2020-21

| | |
|---|---|
| സ്ക്രാപ്പ് | 1,88,401 |

തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട ഫയലുകൾ അടിയന്തിരമായി ഹാജരാക്കുന്നതിന് 17.01.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി (നം.17) നൽകിയെങ്കിലും അധികൃതർ ലേല രേഖകൾ ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25-2 ലേല നടപടി ക്രമങ്ങളിലെ അപാകതകൾ

നഗരസഭയുടെ 2020-21 വർഷത്തെ ലേല നടപടിക്രമങ്ങൾ, അക്കൗണ്ടിംഗ്, ലേലത്തുക അടവാക്കൽ തുടങ്ങിയവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ലേലം നടക്കുന്ന സമയത്ത് തയ്യാറാക്കുന്ന ലേലത്തിന്റെ ആധികാരിക രേഖയായ ലേല ഡയറി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

2. ലേലം ഉറപ്പിച്ച നൽകിയ കുത്തകക്കാരുമായി കരാർ നിബന്ധന പ്രകാരം നഗരസഭ നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. ലേലനിബന്ധന ഇനം 19 അനുസരിച്ച് ലേലം കൊള്ളുന്നവർ ലേലത്തുകയുടെ പകുതിയ്ക്ക് തുല്യമായ തുകയോ ബാങ്ക് ഗ്യാരന്റിയോ സോൾവൻസിയായി നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം സോൾവൻസി വാങ്ങാതെ ലേലം ഉറപ്പിച്ച് നൽകിയിരിക്കുന്നു. കുത്തകക്കാരൻ മുഴുവൻ ലേലത്തുകയും ഒടുക്കാത്ത സാഹചര്യമുണ്ടായാൽ ലേലത്തുക ഈടാക്കാൻ കഴിയാതെ വരുന്നു. നിയമാനുസൃത കരാറിൽ ഏർപ്പെടാത്തതിനാൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യവുമുണ്ട്.

4. ലേലത്തുക സാംഖ്യയിൽ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല. ഭൂരിഭാഗം ലേലത്തുകയും Auction Deposit ആയി കണക്കാക്കി നഗരസഭയുടെ ബാദ്ധ്യത ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഡെപ്പോസിറ്റായി അക്കൗണ്ട് ചെയ്തതിനാൽ നഗരസഭയുടെ വരുമാനമായ ലേലത്തുക നഗരസഭ ഫണ്ടിൽ ഡെപ്പോസിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ബാദ്ധ്യതയായിട്ടാണ് ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിക്കുന്നത്.

5. ലേല നിബന്ധന അനുസരിച്ച് ലേലത്തുക രണ്ട് തുല്യ ഗഡുക്കളായി ഒടുക്ക് വരുത്തേണ്ടതും ഒന്നാം ഗഡു, ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് രണ്ട് ദിവസങ്ങൾക്കകം ഒടുക്കേണ്ടതും രണ്ടാമത്തെ ഗഡു, 2020 ജൂൺ 30-ന് മുൻപ് ഒടുക്ക് വരുത്തേണ്ടതുമാണ്. എന്നാൽ സമയബന്ധിതമായി തുക ഈടാക്കുന്നില്ല.

## 1-26 ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല

നഗരസഭാ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും സംബന്ധിച്ച് പൂർണ്ണമായ ഒരു ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ ഇല്ല. ഒരു വർഷത്തെ ലൈസൻസിന്റെ വരവ് തുക തന്നെ ആ വർഷത്തെ ഡിമാന്റ് ആയും കണക്കാക്കുന്ന രീതിയാണ് തുടരുന്നത്. ലിസ്റ്റ് പൂർണ്ണമാക്കുന്നതിന് ഏറ്റവും ഫലപ്രദമായത് സഞ്ചയയിലെ (പൂർണമായതും, കാലികമാക്കിയതും) ഗാർഹികേതര കെട്ടിടങ്ങളുടെ ലിസ്റ്റിൽ നിന്നും വ്യാപാര സ്ഥാപനങ്ങളുടെ ഒരു പ്രത്യേക ലിസ്റ്റ് ഉണ്ടാക്കുക എന്നുള്ളതാണ്. സഞ്ചയയിൽ ഒരു പുതിയ വ്യാപാര ആവശ്യത്തിനുള്ള കെട്ടിടം ചേർക്കുമ്പോൾ ട്രേഡേഴ്സ് ലിസ്റ്റിലും അത് ചേർക്കപ്പെടണം. മനുഷ്യ പ്രയത്നത്തോടൊപ്പം സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. പൂർണ്ണമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കേണ്ടതുമാണ്.

### 1-26-1 പെട്രോൾ പമ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

നഗരസഭയുടെ 4-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന രണ്ട് പെട്രോൾ പമ്പുകൾക്ക് ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച വരുന്നതായി കാണുന്നു. പമ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | പെട്രോൾ പമ്പിന്റെ പേര് |
|---|---|---|
| IV | 200 | H.P.C |
| IV | 237 | B.P.C.L |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ -38/22.01.2022) മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല എന്ന വിവരം ആണ് ലഭ്യമാക്കിയത്. സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതും ഫീസ് ഇനത്തിൽ ലഭ്യമാകേണ്ട തുക ഈടാക്കേണ്ടതും ആയത് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

### 1-26-2 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ ഒരു സ്ഥലവും ഇതിലേക്കായി തയ്യാറാക്കിയിട്ടുള്ള ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് വ്യാപാരങ്ങൾക്കും സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലായെന്ന് ലൈസൻസ് സംബന്ധിച്ച് 1994-ലെ നഗരപാലിക ആക്ട് വകുപ്പ് 447ലും 2011-ലെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 3 ലും വ്യക്തമാക്കുന്നു. എന്നാൽ ലൈസൻസ് പുതുക്കാതെ ധാരാളം വ്യാപാരസ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

ലൈസൻസില്ലാതെ/പുതുക്കാതെ പ്രവർത്തിച്ച വ്യാപാരസ്ഥാപനങ്ങൾക്ക് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | സ്ഥാപനം | ഉടമയുടെ പേര് |
|---|---|---|---|
| 1 | 1/134(5) | വിജയ അലുമിനിയം | വിജയൻ നായർ |
| 2 | II/121 | അരുൺ എന്റർപ്രൈസസ് | അരുൺ.പി |
| 3 | II/86 | സുരേഷ് സ്റ്റോർസ് | സുരേഷ് കുമാർ.സി |
| 4 | IV/146.A | മിനി ഫാൻസി | ബീന യേശുദാസ് |
| 5 | IV/441-1 | ലക്ഷ്മി ലോഡ്ജ് | പ്രേംകുമാർ.എം.കെ. |
| 6 | IV/455 | മെവീസ് മീഡിയ | പ്രദീപ് വിജയൻ |
| 7 | IV/471/14 | നാഷണൽ കമ്പ്യൂട്ടേഴ്സ് | അനീഷ്.ആർ |
| 8 | IV/216/10 | ജിംനേഷ്യം | ദീപക്.എസ് |
| 9 | IV/605 | കാട്ടിൽ ഗാരേജ് | വിൻസന്റ് വർഗ്ഗീസ് ജോർജ്ജ് |
| 10 | IV/294 | ഹാപ്പി ഫിഷ് ഹബ് | ശിൽപ.എസ് |
| 11 | IV/408 | ഡി.എക്സ്.എൻ.സ്റ്റോക്ക് പോയന്റ് | ശ്രീദേവി കുഞ്ഞമ്മ |
| 12 | IV/10 | സ്റ്റൈൽ ഇൻ ടെക്സ്റ്റയിൽ | രാജി ജേക്കബ്ബ് |
| 13 | IV/235 | റിഥം വാച്ച് | സി.ജി.മോഹന ചന്ദ്രദാസ് |
| 14 | V/185 | സ്വാമിനാഥ് ജുവലറി വർക്സ് | സ്വാമിനാഥൻ |
| 15 | V/70 | താജ് മാർബിൾസ് | രഘുനാഥൻ.കെ.എം |
| 16 | V/270 | സി&എം അസോസിയേറ്റ്സ് | ജിമ്മി ചാക്കോ ജോർജ്ജ് |
| 17 | V/261 | എസ്.കെ.ടെക്സ്റ്റയിൽസ് | ജി.സോമൻ |
| 18 | V/198 | എസ്&എസ് വെജിറ്റബിൾസ് | ശ്രീജ |
| 19 | V/418 | മണിലാൽ അക്വാ ഹീലിങ്ങ് സെന്റർ | പ്രേം.എസ് |
| 20 | V/6/8 | ത്രീ സ്റ്റാർ ഫാസ്റ്റ് ഫുഡ് | അനിൽ കുമാർ.ഡി |
| 21 | VI/153 | സ്റ്റാർ ഇലക്ട്രിക് സർവ്വീസിങ്ങ് സെന്റർ | രാജീവ് .ആർ |
| 22 | VIII/421/2 | അമേയ ട്രേഡിംഗ് കമ്പനി | ഷൈനി രാജൻ |
| 23 | VI/364/1 | എ.കെ.ഹൈറിങ്ങ് | ജെസ്സി വർഗ്ഗീസ് |
| 24 | VIII/200 | ദയ ലൈഫ് സ്റ്റൈൽ | കെ.സി.ജോൺ |
| 25 | IX/13 | മിത്രം കെമിക്കൽസ് | അനി വർഗ്ഗീസ് |
| 26 | IX/371-3 | ഹിമാനി ഫുഡ് പ്രൊഡക്ട്സ് | പത്മശ്രീലാൽ |
| 27 | IX/284 | സ്റ്റിച്ചിങ്ങ് സെന്റർ | ജിജിമോൾ.വി.എസ് |
| 28 | IX/515-3 | മാവേലിക്കര സ്പോർട്സ് | ജോബിൻജോസഫ് |
| 29 | X/166 | തോപ്പിൽ ഒപ്റ്റിക്കൽസ് | മേരിക്കുട്ടി.കെ.ഉമ്മൻ |
| 30 | X/657 | രേവതി സ്റ്റേഷനറി | അരുൺ അരവിന്ദ് |
| 31 | X/235 | വിശ്വാസ് കമ്മ്യൂണിറ്റി പെയർ പ്രൈസ് | അരുൺ.എസ്.കുറുപ്പ് |
| 32 | XI/209 | എസ്.എസ് മൊബൈൽസ് | ഷനോജ്.എസ് |
| 33 | XIV/438/B | ഇവോൾവ് സിസ്റ്റം സൊല്യൂഷൻസ് | അഫ്സൽ |
| 34 | XIV/82-2 | എസ്.എസ്.ഹ്യണ്ടായി യൂസ്ഡ് കാർ ഷോറൂം | സിബിമെൽവിൻ സ്ലീബ |

| | | | |
|---|---|---|---|
| 35 | XV/421 | ബ്യൂട്ടപാർലർ | ജമീല |
| 36 | XV/96 | സ്കൈലൈൻ കാർ അക്സസറീസ് | വിജിൻ കുമാർ.എം.ആർ |
| 37 | XVI/143-1 | എൽ&പി എൻജിനീയറിംഗ് വർക്സ് | മധുസൂദനൻ |
| 38 | XVII/56 | സൈനസ് ഫോട്ടോഗ്രാഫി | അനീഷ് ജോൺ |
| 39 | XVII/324 | ജിയ ഏജൻസീസ് | ബിന്ദു അനീഷ് |
| 40 | XVIII/321-1 | ബീയർഡ് മെൻ ബ്യൂട്ടി ഷോപ്പ് | ശംഭുമോൻ |
| 41 | XXVIII/350 | ബി.എസ്.എൻജിനീയറിംഗ് | വി.കെ.ഭാസ്കരൻ |
| 42 | XXVIII/98 | ലക്ഷ്മി റസ്റ്റോറന്റ് | രാജൻ പിള്ള |
| 43 | XXVIII/269,270,273 | മീനത്ത് ആട്ടോസെന്റർ | ഫിലിപ്പ്.പി |
| 44 | XXVIII/130 | പി.ആർ.എസ്.സ്റ്റീൽസ് | പ്രീതിഷ് കെ.എസ് |
| 45 | XXVIII/585-5 | ടോംകോ ഏജൻസീസ് | സാം ജോസഫ് വർഗ്ഗീസ് |
| 46 | XXVIII/53-2 | ജോതിസ് ഇലക്ട്രിക്കൽസ്&ഇലക്ട്രോണിക് സർവ്വീസ് | ഡേവിഡ് മാത്യു |
| 47 | XXVIII/521 | റിയാസ് ഫാഷൻ | ജോയ്.ജെ |
| 48 | XXVIII/443 | രാജീവ് മെഡിക്കൽസ് | രാജീവൻ പിള്ള |
| 49 | XXVIII/52-1 | ശിവശക്തി ടയേഴ്സ്&റീട്രേഡേഴ്സ് | വിന്ധ്യ പ്രസാദ് |
| 50 | XXVIII/536 | ഡ്രീംസ് ഇന്റർനെറ്റ് കഫേ | ജഗൻ.സി |
| 51 | XXVIII/528 | ബി.വി. ഫാർമസി | ഷാജി.കെ.ആർ |
| 52 | XXVIII/185 | ശാന്തിഗിരി ആയുർവേദ &സിദ്ധ ഹോസ്പിറ്റൽ | ആകാശ്.എസ്.ലാൽ |
| 53 | XXVIII/395 | ഷേയ്പ്സ് ബോട്ടിക് | രാജി രാജേഷ് |
| 55 | XXVIII/395 | സിറ്റി മെഡിക്കൽ സ്റ്റോർ | ഷൈല ആനി സാം |
| 56 | XXVIII/278 | മെട്രോസ്കാൻസ് | ചെറിയാൻ.ഐ.സി |
| 57 | XXVIII/565-1 | എ.വി.വെജിറ്റബിൾസ് | അനീഷ്.ബി |
| 58 | XXVII/284-1 | സൈബർ സെക്യൂരിട്ടി സർവ്വീസ് | ഫിലിപ്പ് യോഹന്നാൻ |
| 59 | XXVII/390 | പീറ്റൂസ് ഫ്രൂട്സ്&ബോക്കറി | രാജേന്ദ്രൻ കെ.ജി |
| 60 | XXVI/399 | ദീപു ഇലക്ട്രിക്കൽസ് &ഹാർഡ് വെയേഴ്സ് | ദീപുരാജ്.കെ |
| 61 | XXVI/400-2 | തൃപ്തി റസ്റ്റോറന്റ് | ശ്രീജിത്.ജി |

നഗരപാലികാ നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായി യഥാസമയം ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആസ്പത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം രേഖപ്പെടുത്തുന്നതിന് 2-ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വർഷം തോറും പുതുക്കുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 40/2022 തീയതി 22.01.22 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ 2-ാം നമ്പർ ഫോറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ഫോറം 3 ലുള്ള

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതും സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. നിലവിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-27-1 പാരലൽ കോളേജ് രജിസ്ട്രേഷൻ - രജിസ്റ്റർ ലഭ്യമാക്കിയില്ല

1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നഗരസഭയിലെ മൊത്തം വാർഡുകളിലെ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ഇല്ല.

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 40/2022 തീയതി 22.01.22 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ 2-ാം നമ്പർ ഫോറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ സെക്രട്ടറി ഫോറം 3 പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് നൽകേണ്ടതും സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വർഷം തോറും പുതുക്കുന്നതിന്റെ വിവരങ്ങൾ ഇല്ല. 2020-21 ൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെയും പുതുക്കിയതിന്റെയും അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-28 ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതായോ നിരസിച്ചതായോ രേഖപ്പെടുത്തലുകളില്ല

കേരള മുനിസപ്പൽ ബിൽഡിംഗ് റൂൾസ് 2019, റൂൾ 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം മുനിസിപ്പൽ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം അപേക്ഷകന് റൂൾ 14 പ്രകാരം അപേക്ഷകന് കൗൺസിലിന് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം കൗൺസിലിന് തീരുമാനം എടുക്കാവുന്നതാണ്.എന്നാൽ കൗൺസിൽ 30 ദിവസത്തിനകം തീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി അപേക്ഷകന് കരുതാവുന്നതാണ് താഴെപ്പറയുന്ന പെർമിറ്റുകളിൽ 30 ദിവസത്തിനുള്ളിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖകളില്ല. കൂടാതെ അപേക്ഷകർ കൗൺസിലിന് അപേക്ഷ നല്കിയതിന്റെയും കൗൺസിൽ അതിൽ തീരുമാനം എടുത്തതിന്റെയും രേഖകൾ പെർമിറ്റ് രജിസ്റ്ററിലില്ല.

| പെർമിറ്റ് നമ്പർ | വാർഡ് | അപേക്ഷകന്റെയും പെർമിറ്റിന്റെയും വിവരം | അപേക്ഷ ലഭിച്ച തീയതി | സെക്രട്ടറി പെർമിറ്റ് അനുവദിക്കേണ്ട / നിരസിക്കേണ്ട അവസാന തീയതി | നിർമ്മിതിയുടെ സ്വഭാവം |
|---|---|---|---|---|---|
| 4119/20 | IV | സിന്ധു ശ്രീനിവാസ് ലക്ഷ്മനായിൽ വീട് മാവേലിക്കര | 05.05.2020 | 04.06.2020 | വാസഗൃഹം |
| 4333/20 | XVIII | വർഗ്ഗീസ്.കെ.വി കളീക്കൽ ഹൌസ് പുന്നമൂട് | 12.05.2020 | 11.06.2020 | വാസഗൃഹം |
| 5961/20 | XXVIII | മുരളീധരൻ നായർ കൊച്ചുവീട്ടിൽ, പത്തിയൂർ ഈസ്റ്റ് | 29.06.2020 | 28.07.2020 | വാസഗൃഹം |
| 6025/20 | XVII | തോമസ്.കെ.കോശി ന്യൂബൈ വില്ല പുന്നമൂട് | 30.06.2020 | 29.07.2020 | വാസഗൃഹം |

| | | | | | |
|---|---|---|---|---|---|
| 7966/20 | XIII | ഷീന.എം. ചാക്കോ മലയിൽ പുത്തൻവീട് മാവേലിക്കര | 08.09.2020 | 07.10.2021 | വാസഗൃഹം |
| 8084/20 | XXII | ഏലിയാമ്മ കൊച്ചുപറമ്പിൽ മാവേലിക്കര | 11.09.2020 | 10.10.2020 | വാസഗൃഹം |
| 8163/20 | XIV | ജോർജ്ജ്.റ്റി.ഐപ്പ്& അനിൽ മാത്യൂ നല്ലൂർ ആർഷവില്ല മാവേലിക്കര | 15.09.2020 | 14.10.2020 | വാസഗൃഹം |
| 9347/20 | III | ശാന്തമ്മ ചോന്നാരപ്പറമ്പിൽ മറ്റം വടക്ക്, മാവേലിക്കര | 14.10.2020 | 13.11.2020 | വാസഗൃഹം |

മേൽ അപാകത പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 മരാമത്ത് വേലകളുടെ ഇ-ടെൻഡർ ഫീസ് സംബന്ധിച്ച്

നഗരസഭയിൽ 2019-20, 2020-21 വർഷങ്ങളിലായി ഇ-ടെൻഡർ ചെയ്ത വിവിധ മരാമത്ത് വേലകളുടെ ടെൻഡർ ഫീസിനത്തിൽ 57408/- രൂപ ലഭിച്ചിരുന്നു.

| വർഷം | ഇ-ടെണ്ടർ ചെയ്ത പ്രവർത്തികളുടെ എണ്ണം | ടെണ്ടർ ഫീസ് തുക |
|---|---|---|
| 2019-20 | 33 | 53016 |
| 2020-21 | 2 | 4392 |

മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ 122222/-രൂപ ഓഡിറ്റ് സമയം വരെ (1/22) നഗരസഭാ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| തീയതി | തുക |
|---|---|
| 23.12.19 | 98586 |
| 14.05.20 | 23636 |
| ആകെ | 122222 |

54541/-രൂപ (18.01.22) നിലവിൽ മുനിസിപ്പൽ എൻജിനീയറുടെ പേരിലുള്ള 67274077836-ാം നമ്പർ അക്കൗണ്ടിൽ നിലനിൽക്കുന്നു. ഈ തുക മുനിസിപ്പൽ അക്കൗണ്ടിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 നഗരസഭയുടെ സാമ്പത്തികനില തൃപ്തികരമല്ല - റവന്യൂ കമ്മി 2.25 കോടി രൂപ

നഗരസഭയുടെ സാമ്പത്തികനില തൃപ്തികരമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്. എന്നാൽ തെരുവ്

വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, ലൈബ്രറി സെസ് എന്നിവയിൽ ലക്ഷങ്ങളുടെ കുടിശ്ശികയാണുള്ളത്. നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ തനത് വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം നഗരസഭയുടെ റവന്യൂ കമ്മി 22566724/- രൂപയാണ്.

| ഇനം (വരവ്) | തുക | ഇനം (ചെലവ്) | തുക |
|---|---|---|---|
| നികുതി വരുമാനം | 29789756 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 46285940 |
| നികുതിയേതരം | (1122500+ 6200351+350279) 7673130 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 8419725 |
| പലിശ | 1006032 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 4763761 |
| | | ബാങ്ക് ചാർജസ് | 566216 |
| ആകെ | 38468918 | ആകെ | 61035642 |
| | | മിച്ച ഫണ്ട് | (-)22566724 |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് മതിയായ തനത് ഫണ്ട് ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം നഗരസഭയിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ തനത് ഫണ്ടിൽ നിന്നും അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വിഹിതം കൃത്യമായി ലഭിക്കാത്തതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് തനത് ഫണ്ടിൽ നിന്നുമാണ്. വാട്ടർ ചാർജ് കുടിശ്ശിക, എൻജിനീയറിംഗ് ജീവനക്കാരുടെ ശമ്പളം എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നുതന്നെ തുക കുറവ് ചെയ്യുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റെ അലോട്ട്മെന്റിലും വലിയ കുറവ് ഉണ്ടാകുന്നുണ്ട്.

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി, ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക എന്നീ ഇനത്തിൽ തൻവർഷവും മുൻവർഷങ്ങളിലും ഗണ്യമായ തുക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. നികുതികൾ കൃത്യമായി കണക്കാക്കി ഈടാക്കുന്നില്ല. കുടിശിക യഥാസമയം ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നില്ല. നഗരസഭാ ആസ്തികളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തി വാടകയ്ക്ക് കൈമാറുന്നില്ല. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിച്ച് റവന്യൂകമ്മി കുറക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-31 സമഗ്രമായ ആസ്തി സംരക്ഷണ പദ്ധതി അനിവാര്യം

ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. നഗരസഭയുടെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്നതിനുള്ള സചിത്ര സോഫ്റ്റ്‌വെയർ അപൂർണ്ണം. പുതിയ നിർമ്മാണങ്ങൾ, നിലവിലുള്ള ആസ്തികളിൽ പിന്നീട് വരുത്തുന്ന മെയിന്റനൻസുകൾ എന്നിവയൊന്നും തന്നെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്ററിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്നില്ല. 2017-18 ന ശേഷം സചിത്രയിൽ അപ്ഡേഷൻ നടന്നിട്ടില്ല. നഗരസഭാ പരിധിയിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ, ഗ്യാസ് ക്രിമറ്റോറിയം, എം.ആർ.എഫ്, അങ്കണവാടികൾ തുടങ്ങിയവയുണ്ട്. എന്നാൽ ഇവയൊന്നും സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

ഭൂരിഭാഗം തനത് ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വളരെ ഗൗരവകരമായി വീക്ഷിക്കേണ്ടതാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമികൾ ഉൾപ്പെടെയുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

നഗരസഭയ്ക്ക് ധാരാളം തനത് ആസ്തികളുണ്ടെങ്കിലും കൂടുതലും നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു. ജനങ്ങൾക്ക് ഉപകാരപ്രദമാവേണ്ടുന്ന ഗ്യാസ് ക്രിമറ്റോറിയം പോലെയുള്ള ആസ്തികൾ സ്ഥാപിച്ചെങ്കിലും വളരെ പെട്ടെന്ന് തന്നെ നിഷ്ക്രിയമായി. തനത് ആസ്തികളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാത്തത് കാരണം വാടകയ്ക്ക് നൽകുവാൻ കഴിയാത്ത അവസ്ഥയുണ്ട്. സ്ലോട്ടർ ഹൗസിനായി കെട്ടിടം നിർമ്മിച്ചെങ്കിലും വ്യക്തമായ ആസൂത്രണത്തിലെ അഭാവം കാരണം നിലവിലും ലക്ഷ്യം പൂർത്തീകരിക്കപ്പെട്ടിട്ടില്ല. നഗരസഭയുടെ ആസ്തി സംരക്ഷണത്തിനായി സമഗ്രമായ പദ്ധതികൾ അനിവാര്യം.

## 1-32 വാർദ്ധക്യകാല പെൻഷൻ- പ്രായം തെളിയിക്കുന്ന രേഖയിൽ പൊരുത്തക്കേട്

മാത്യു യോഹന്നാൻ, മംഗലത്ത് പടീറ്റതിൽ, പ്രായിക്കര, മാവേലിക്കര എന്ന വ്യക്തിക്ക് ദേശീയ വാർദ്ധക്യകാല പെൻഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രായം തെളിയിക്കുന്നതിനായി നൽകിയിട്ടുള്ള സ്കൂൾ സർട്ടിഫിക്കറ്റിലെ രേഖപ്പെടുത്തലുകളിൽ പൊരുത്തക്കേടുകൾ കാണുന്നു. ടിയാന്റെ ജനനതീയതി 01.04.1951 എന്നും അഞ്ചാം ക്ളാസ്സിലെ അഡ്മിഷൻ തീയതി 21.05.1973 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. റേഷൻകാർഡ്, ആധാർ എന്നിവയിലെല്ലാം വ്യത്യസ്തങ്ങളായ ജനനതീയതികളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാന്റെ സ്കൂൾ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്നുകാണിച്ച് നൽകിയ 21.01.2021-ലെ 34 നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-33 പെൻഷൻ അപേക്ഷകളിന്മേൽ കാലതാമസം നേരിടുന്നു

മാവേലിക്കര നഗരസഭയിൽ 2019-20, 2020-21 കാലയളവിലെ വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്ന കാര്യത്തിൽ വലിയ കാലതാമസം നേരിടുന്നു. ഇതുസംബന്ധിച്ച ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള കാലയളവ് പാലിക്കുന്നതായി കാണുന്നില്ല. അപേക്ഷകൾ റിപ്പോർട്ടിനയക്കുന്ന കാര്യത്തിലും അത് അംഗീകാരത്തിനായി സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ വെയ്ക്കുന്ന കാര്യത്തിലും വലിയ കാലതാമസം നേരിടുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഇനം | അപേക്ഷ ലഭിച്ച തീയതി | അന്വേഷണത്തിന് അയച്ച തീയതി | അംഗീകാരം നൽകിയ തീയതി |
|---|---|---|---|---|---|
| 1 | ശ്രീമതി.രാജി സന്തോഷ് | വാർദ്ധക്യകാല പെൻഷൻ | 07.12.2019 | 18.01.2020 | 15.03.2020 |
| 2 | ശ്രീമതി.ലിസി സാം | ,, | 24.10.2019 | 05.11.2019 | 15.03.2020 |
| 3 | ശ്രീമതി.രാധ പി.കെ | 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 20.09.2019 | 19.11.2019 | 15.03.2020 |
| 4 | ശ്രീ.രാജപ്പൻ | കർഷക തൊഴിലാളി പെൻഷൻ | 03.10.2019 | 05.10.2019 | 15.03.2020 |

കൂടാതെ മിക്ക അപേക്ഷകൾക്കൊപ്പവും പഴയ റേഷൻകാർഡിന്റെ പകർപ്പുകളാണ് വെച്ചിട്ടുള്ളത്. തന്മൂലം കുടുംബാംഗങ്ങളുടെ ജോലി സംബന്ധമായ കാര്യങ്ങളുടെ വ്യക്തത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യങ്ങളിന്മേൽ അടിയന്തിര പരിശോധന നടത്തി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-34 പകരം നിയമിച്ച തൊഴിലാളികൾക്ക് ദിവസ വേതനം അനുവദിച്ചത് - ക്രമവിരുദ്ധം

നഗരസഭാ കൗൺസിലിന്റെ 11.12.2019 തീയതിയിലെ 10-ാം നമ്പർ തീരുമാന പ്രകാരം സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് എന്ന പദ്ധതി എല്ലാ വാർഡുകളിലും നടപ്പിലാക്കുന്നതിനും ജൈവമാലിന്യസംസ്കരണത്തിന് സ്ഥാപിതമായ എയറോബിക് യൂണിറ്റുകളുടെ പരിരക്ഷയ്ക്കും കൊതുക് നിവാരണം, ഇതര മാലിന്യ സംസ്കരണം പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നീ അടിയന്തിര പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ആക്കം കൂട്ടുന്നതിനായി പുതുതായി നിയമിച്ച പകരം തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ടി തീരുമാന പ്രകാരം നഗരസഭയിൽ താൽക്കാലിക ജീവനക്കാർക്ക് പകരമായി നിയമിച്ച ജീവനക്കാർക്ക്, പകരം നിയമിച്ച

തീയതികളിൽ ജോലി ചെയ്തതിനുള്ള വേതനത്തിന് പുറമെ ദിവസ വേതനാടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ജീവനക്കാരുടെ എണ്ണം | ദിവസവേതനമിനത്തിൽ അനുവദിച്ച തുക | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| മാർച്ച് 2020 | 15 | 47996 | 123799/1.4.2020 |
| ഏപ്രിൽ 2020 | 15 | 79200 | 123761/1.4.2020 |
| മെയ് 2020 | 15 | 62040 | 125342/9.6.2020 |
| ജൂൺ 2020 | 15 | 35640 | 005506/2.7.2020 |
| ജൂലൈ 2020 | 15 | 101614 | 005512/4.8.2020 |
| ആഗസ്റ്റ് 2020 | 15 | 89760 | 125819/27.8.2020 |
| സെപ്റ്റംബർ 2020 | 3+12 | 23760+64680 | 126396/1.10.2020 |
| ഒക്ടോബർ 2020 | 15 | 92250 | 126674/5.1120 |
| നവംബർ 2020 | 8 | 33000 | 126696/4.12.20 |
| ഡിസംബർ 2020 | 8 | 63750 | 131325/6.2.2021 |
| ജനുവരി 2021 | 8 | 71250 | 139447/16.2.2021 |
| ഫെബ്രുവരി2021 | 8 | 47250 | 139466/6.3.2021 |
| ആകെ | | 812190 | |

ഇപ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പകരമായി നിയമിച്ച തീയതികൾ കൂടാതെ മറ്റ് തീയതികളിൽ അധികം ജോലി ചെയ്തതിന് തുക അനുവദിച്ചതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.

GO(rt) നം. 1649/2020/lsgd/14.9.2020 പ്രകാരം കോവിഡ് 19 മായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് വേതനം 750/- രൂപയായി ഉയർത്തിയിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 2020 മുതൽ 660/- രൂപയിൽ നിന്ന് ഉയർത്തി 750/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ടി തൊഴിലാളികൾ കോവിഡ് ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/18.1.2022) മറുപടി ലഭ്യമാക്കിയില്ല. കോവിഡുമായി ബന്ധപ്പെട്ട് സി.എഫ്.എൽ.ടി.സി കളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം ജീവനക്കാരെ നിയമിച്ചിരുന്നു. തന്നെയുമല്ല, ഒക്ടോബർ 2020 മാസം വരെ മാത്രമാണ് സി.എഫ്.എൽ.ടി.സി പ്രവർത്തിച്ചിരുന്നത്. മറ്റ് പൊതു സ്ഥലങ്ങളിലെ ശുചീകരണപ്രവർത്തനങ്ങൾക്കായി കണ്ടിജന്റ് വർക്കേഴ്സിനെയും പകരം ജീവനക്കാരെയും നിയമിച്ചിട്ടുള്ളതിനാൽ കോവിഡ് ശുചീകരണം നടത്തി എന്ന പേരിൽ പകരം ജീവനക്കാർക്ക് അധികം തുക അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

ഇക്കാരണത്താൽ 15 തൊഴിലാളികൾക്ക് ഒക്ടോബർ 2020 മാസവും 8 തൊഴിലാളികൾക്ക് നവംബർ 2020 മുതൽ ജനവരി 2021 വരെ 3 മാസങ്ങളിലും സി എഫ് എൽ ടി സി ശുചീകരണം നടത്തി എന്ന പേരിൽ 90/- രൂപ വീതം അധികം അനുവദിച്ചതിനാൽ സംഭവിച്ച നഷ്ടം 3510/-രൂപ (15x90+8x90x3=1350+2160) യുടെ നഷ്ടം നിരാകരിക്കുന്നു. 01.02.2021 മുതൽ കണ്ടിജന്റ് ജീവനക്കാരുടെ ദിവസ വേതനം 675/- രൂപയായി ഉയർത്തിയിട്ടുണ്ട്. അതിനാൽ ഫെബ്രുവരി 2021 മാസം 8 തൊഴിലാളികളുടെ വേതനം ഇനത്തിൽ അധികം ചെലവഴിച്ച 600 രൂപ {(750-675)x8} യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 4110/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. അതിനാൽ ആകെ ചെലവഴിച്ച 812190/- രൂപയിൽ നിന്ന് 4110/-രൂപ കഴിച്ചുള്ള 808080/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 തെരുവ് വിളക്കുകൾ- ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള തരം വിളക്കുകളുടെ കണക്ക് മാത്രം ഉൾപ്പെടുത്തി കെ.എസ്.ഇ.ബി പ്രതിമാസ ബിൽ തയ്യാറാക്കുന്നു- നഗരസഭയ്ക്ക് ലക്ഷങ്ങളുടെ ബാധ്യത

നഗരസഭയുടെ മീറ്റർ രഹിത തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ താരതമ്യേന വലിയ തുക കെ.എസ്.ഇ.ബി ചുമത്തുന്നുണ്ട്. തനതുവരുമാനം വളരെക്കുറവുള്ള നഗരസഭ കെ.എസ്.ഇ.ബി ബിൽ ഒടുക്കുന്നതിൽ നിലവിൽ വലിയ കുടിശ്ശിക വരുത്തിയിട്ടുണ്ട് (2022 ജനവരിയിലെ കുടിശ്ശിക 7307317 രൂപയാണ്). തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി നഗരസഭ മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത് (കൺസ്യൂമർ നം-1155221002983). എന്നാൽ നഗരസഭയുടെ തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിലെ *കണക്റ്റ് ലോഡി (239650 Watts)* നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ നഗരസഭ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശത്തെ തുടർന്ന് കെ.എസ്.ഇ.ബി മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷൻ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ തെരുവ് വിളക്കുകളുടെ കണക്കിൽ 2799 ഫ്ലൂറസെന്റ് ട്യൂബുകളും 315 സോഡിയം വേപ്പർ ലാമ്പുകളും ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി നഗരസഭ LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 2020-21 ലെ വാർഷിക പ്രോജക്റ്റിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്റ്റിലും നിരവധി LED ബൾബുകൾ വാങ്ങി സ്ഥാപിച്ചു. ആയതിനാൽ നഗരസഭ പരിധിയിൽ ഫ്ലൂറസെന്റ് ട്യൂബുകളോ സോഡിയം വേപ്പർ ലാമ്പുകളോ ഉണ്ടായിരിക്കുവാൻ സാധ്യതയില്ല. അഥവാ ഫ്ലൂറസെന്റ് ട്യൂബുകൾ ഉണ്ടെങ്കിൽ തന്നെ അവയുടെ എണ്ണം താരതമ്യേന വളരെ ചെറിയ ഒരു എണ്ണം മാത്രമായിരിക്കുമെന്നത് വ്യക്തമാണ്. എന്നാൽ കെ.എസ് ഇ ബി ബില്ലിംഗിനായി പരിഗണിക്കുന്ന തെരുവ് വിളക്കിന്റെ എണ്ണത്തിൽ ഒരു എൽ.ഇ.ഡി വിളക്കുകൾപോലുമില്ല. സംയുക്ത പരിശോധന നടത്താത്തതും നഗരസഭ മാറ്റി സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി അക്കൌണ്ട് ചെയ്യാത്തതും കാരണം വളരെ ഉയർന്ന പ്രതിമാസ വൈദ്യുത ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത്. 2022 ജനവരിയിലെ നഗരസഭ മീറ്ററിംഗില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുത ബിൽ തുക 4,44,766/- രൂപയാണ്. സംയുക്ത പരിശോധനയുടെ അഭാവം തെറ്റായ തരത്തിലുള്ള കെ.എസ്.ഇ.ബിയുടെ ബില്ലിംഗ് നടത്തുന്നതിനും ആയത് നഗരസഭ തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മാവേലിക്കര ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നഗരസഭയിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം, കണക്റ്റഡ് ലോഡ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 1 | CFL: Automatic On /Off - 2x11 | 315 | 22 | 6930 |
| 2 | Sodium Vapour Lamp 1x250 | 204 | 250 | 51000 |
| 3 | Fluorescent Tube- 1 X40 | 1744 | 40 | 139620 |
| 4 | Fluorescent Tube- 2x40 | 1055 | 80 | 42200 |
| ആകെ | | 3318 | | 239650 |

നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറുകയും പുതിയതായി സ്ഥാപിക്കുന്ന വൈദ്യുതവിളക്കുകളിൽ ഊർജ്ജ ഉപഭോഗം കുറഞ്ഞ *വൈദ്യുതിവിളക്കുകൾ* മാത്രം ഉൾപ്പെടുത്തുകയും ചെയ്തിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്റ്റഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്. ഓരോ


വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം നഗരസഭയുടെ കൈവശമില്ലാത്തത് കാരണം കെ.എസ്.ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഫ്ലൂറസെന്റ്, സി.എഫ്.എൽ, സോഡിയം വേപ്പർ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ് നഗരസഭയ്ക്കുള്ളത്

തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതിദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2020-21 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 Dtd.08-07-19 കാണുക).

| Type Of Lamp | Watts | 12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|---|
| F.Tube | 2x 40 W | 326 |
| F.Tube | 1x 40 W | 159 |
| LED | 18 W | 27 |

(പട്ടിക പൂർണ്ണമല്ല)

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ ആറ് മടങ്ങ് വൈദ്യുതി നിരക്ക് ഓഡിനറി വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 2x40 Watts ഫ്ലൂറസെന്റ് ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം മേൽ പരാമർശിച്ച താരിഫ് നിരക്കിനെ ആസ്പദമാക്കി ചുവടെ ചേർക്കുന്നു.




*ബാർ ഡയഗ്രം-* ഫ്ലൂറസെന്റ് ട്യൂബുകളുടെയും 18 W എൽ.ഇ.ഡി ബൾബുകളുടെയും പ്രതിമാസ നിരക്കിന്റെ താരതമ്യം

2799 ഫ്ലൂറസെന്റ് ട്യൂബുകൾ നഗരസഭ പരിധിയിലുണ്ടെന്ന രീതിയിൽ ബില്ലിംഗ് നടത്തുന്ന കെ.എസ്.ഇ.ബി നഗരസഭയിൽ നിന്നും അധിക നിരക്ക് ഈടാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് നഗരസഭയുടെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

നഗരസഭയുടെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. മാവേലിക്കര നഗരസഭയുടെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാക്കുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽ തുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. നഗരസഭ കൌൺസിലിന്റെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-36 വെള്ളക്കരം ഇനത്തിൽ കോടികളുടെ കുടിശ്ശിക - നഗരസഭ വൻ സാമ്പത്തിക പ്രതിസന്ധിയിൽ

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന നഗരസഭയ്ക്ക് വെള്ളക്കരം ഇനത്തിൽ കോടികളുടെ കുടിശ്ശിക. നഗര സഭയ്ക്ക് വൻ സാമ്പത്തിക ബാദ്ധ്യത. 28 വാർഡുകളുള്ള നഗരസഭയിൽ നിലവിൽ 441 ടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റി ചുമത്തുന്നത്. എന്നാൽ വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയും നഗരസഭയും സംയുക്ത പരിശോധന നടത്തി ഉപയോഗക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ചുമത്തിയിട്ടുള്ളത്. മുൻവർഷങ്ങളിലുൾപ്പെടെ നഗരസഭയുടെ തന്നെ വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. അതിനാൽ ഇത്രയും ടാപ്പുകൾ നഗരസഭയ്ക്ക് ആവശ്യമാണോ എന്ന് വ്യക്തമല്ല.

ഓരോ മാസത്തെയും വെള്ളക്കരം ഇനത്തിലെ ഡിമാൻറ് 304217/- രൂപയാണ്. ഇതോടൊപ്പം 2% ഫൈൻ കൂടെ ഉൾപ്പടെ ഓരോ മാസവും ബാദ്ധ്യത വർദ്ധിക്കുന്നു. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 31.3.2021 ൽ ഈ ഇനത്തിലെ ബാദ്ധ്യത 66314317/- രൂപയാണ്. ജനവരി 2022 ൽ ഇത് വർദ്ധിച്ച് 81947122/- രൂപയായി.

മുൻ വർഷങ്ങളിലുൾപ്പെടെ വിവിധ പ്രോജക്ടുകൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് കൂടാതെ സോഴ്സ് ഡിഡക്ഷൻ മുഖേനയും വെള്ളക്കരം അടയ്ക്കുന്നുണ്ടെങ്കിലും ഈ തുകകൾ പിന്നീടുള്ള ബില്ലുകളിൽ കുറവ് ചെയ്യുതായി കാണുന്നില്ല. ഉദാഹരണമായി 2018-19, 2019-20 വർഷങ്ങളിലായി ആകെ 9536153/- രൂപയും 2020-21 വർഷം പ്രോജക്ട് നം.S0042/21 പ്രകാരം 100000/- രൂപ വെള്ളക്കരമിനത്തിൽ അടച്ചിട്ടുണ്ടെങ്കിലും ഈ തുകകളൊന്നും തന്നെ ബില്ലുകളിൽ നിന്ന് കുറവ് ചെയ്യിട്ടില്ല.

വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതോടൊപ്പം സോഴ്സ് ഡിഡക്ഷൻ മുഖേനയും വിവിധ പ്രോജക്ടുകൾ പ്രകാരവും അടച്ചിട്ടുള്ള വെള്ളക്കരം ബില്ലിൽ നിന്ന് കുറവ് ചെയ്യ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നഗരസഭയുടെ ബാദ്ധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 പെൻഷൻ ഫണ്ട് - ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് – കം – റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ലെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 05/20-21 ന് നൽകിയ വിശദീകരണത്തിൽ നഗരസഭ അറിയിച്ചിട്ടുണ്ട്. ഈയിനത്തിൽ 374669/- രൂപ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കാൻ കുടിശ്ശിക നിലനിൽക്കുന്നതായും നഗരസഭ അറിയിച്ചിട്ടുണ്ട്. ചട്ടം 8 (4) പ്രകാരം കുടിശ്ശിക വരുത്തിയിട്ടുള്ള കാലയളവിലേക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ കൂടി നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്.

പെൻഷൻ ഫണ്ട് വക മാറ്റി ചെലവഴിക്കുന്നു .

പെൻഷൻ ഫണ്ടിനായി മാവേലിക്കര IDBI ബാങ്കിൽ അക്കൗണ്ട് ഉള്ളതായി നഗരസഭ അറിയിച്ചിട്ടുണ്ട്. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും പെൻഷൻ ആവശ്യത്തിനല്ലാതെ മറ്റ് ഇതര ആവശ്യങ്ങൾക്കുള്ള ഇടപാടുകളും ഈ അക്കൗണ്ട് വഴി നടത്തുന്നതായി കാണുന്നു. 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻ ഫണ്ടിനായി രൂപീകരിക്കുന്ന അക്കൗണ്ട് പെൻഷൻ ആവശ്യത്തിന് മാത്രമായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ മറ്റ് ഇതര ആവശ്യങ്ങൾക്കുള്ള വരവും ചെലവും ഉൾപ്പെടെയുള്ള ഇടപാടുകൾ ഈ അക്കൗണ്ട് വഴി നിർവഹിക്കുന്നത് ചട്ടം 10 ന്റെ ലംഘനമാണ്.

2020-21 സാമ്പത്തിക വർഷത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ (ചട്ടം 06 പ്രകാരം രൂപീകരിക്കുന്ന) നഗരകാര്യ ഡയറക്ടറുടെ 05-05-2020 യിലെ പി.6-18226/16 നമ്പർ ഉത്തരവ് പ്രകാരം 3913687/- രൂപ അനുവദിച്ചിട്ടുണ്ട്.

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല

കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ലഭ്യമാക്കാനായി നഗരസഭയിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെന്റ് ബനിഫിറ്റ്) റൂൾസ് പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% മാസ വിഹിതമായി ഈടാക്കി മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ്

പെൻഷൻ ഫണ്ടിൽ അടക്കേണ്ടതാണ്. എന്നാൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയോ ഇപ്രകാരമുള്ള നടപടിക്രമം പാലിക്കുകയോ ചെയ്തിട്ടില്ല. ചട്ടങ്ങൾ പാലിച്ച് പെൻഷൻ കോൺട്രിബ്യൂഷൻ അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 അറ്റൻഡൻസ് രജിസ്റ്റർ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല

നഗരസഭയിലെ ജീവനക്കാരുടെ ഹാജർ പുസ്തകം അലക്ഷ്യമായാണ് കൈകാര്യം ചെയ്യുന്നത്. 2019, 2020, 2021 എന്നീ വർഷങ്ങളിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ജീവനക്കാർ ഹാജരാകാത്ത ദിവസങ്ങളിൽ കൃത്യമായി ലീവ് രേഖപ്പെടുത്താത്തതും കാഷ്വൽ ലീവിനത്തിൽ 20 ൽ കൂടുതൽ ലീവനുവദിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ വിഷയങ്ങൾ ശ്രദ്ധയിൽപെട്ട ജീവനക്കാരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | കണ്ടെത്തിയ അപാകത |
|---|---|
| മായാ ലക്ഷ്മി,എച്ച്.സി. | നവംബർ 2019 ൽ 18.5 കാഷ്വൽ ലീവ് എടുത്തിട്ടുണ്ട്. എന്നാൽ ഡിസംബർ 2019 ന്റെ തുടക്കത്തിൽ 17 C/L എടുത്തതായാണ് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത്. ഡിസംബർ 2019 ൽ വീണ്ടും 04 C/L കൂടി എടുത്തിട്ടുണ്ട്. ഇപ്രകാരം 22.5 C/L 2019 ൽ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ 15-10-2020, 16-10-2020, 23-10-2020, 28-10-2020, 16-11-2020, 26-11-2020, 09-12-2020 എന്നീ ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തുകയോ, ലീവ് മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. 23-12-20 ൽ ഹാജർ പുസ്തകത്തിൽ കമ്മ്യൂട്ടഡ് ലീവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സേവന പുസ്തകത്തിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല. 2020 ഒക്ടോബറിൽ തന്നെ 20 ആകസ്മികാവധി പൂർത്തിയായിട്ടുണ്ട്. |
| റഷീദ്കുഞ്ഞ്<br>പി.എം.,<br>എൽ.ഡി.സി | 06.10.20, 07.10.20, 28.10.20, 05.12.2020, 18.12.2020, 31.12.2020 എന്നീ ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തുകയോ, ലീവ് മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. 2020 സെപ്റ്റംബറിൽ തന്നെ 20 ആകസ്മികാവധി പൂർത്തിയായിട്ടുണ്ട്. |
| ലാലി.വി, എൽ.ഡി.സി | 22-10-20, 23-10-20, 13.11.20, 27-11-20, 05-12-2020, 07-12-2020, 08-12-2020, 09-12-2020, 16-12-20, 30-12-2020, 31-12-2020 എന്നീ ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തുകയോ, ലീവ് മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. 2020 ഒക്ടോബറിൽ തന്നെ 20 ആകസ്മികാവധി പൂർത്തിയായിട്ടുണ്ട്. |
| അശ്വിൻ.വി.സുക,<br>എൽ.ഡി.സി | 2020 സെപ്റ്റംബറിൽ തന്നെ 20 ആകസ്മികാവധി പൂർത്തീകരിച്ചിട്ടുണ്ട്. 15-12-2020, 16-12-2020, 19-12-2020 എന്നീ ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തുകയോ, ലീവ് മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. 2021 ഒക്ടോബറിൽ 19.5 ലീവ് എടുത്തിട്ടുണ്ട്. നവംബറിൽ (12-11-21) ലീവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആകെ ലീവ് 20 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| കിഷോർ.എച്ച്.എച്ച്,<br>എച്ച്.ഐ. ഗ്രേഡ് -I | 05-12-2020, 28-12-2020, 31-12-2020 എന്നീ ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തുകയോ, ലീവ് മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. |
| എം.പുഷ്പരാജ്,<br>സീനിയർ ക്ലാർക്ക് | 28-11-2019 ൽ ആർജ്ജിതാവധി ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തി യിരുന്നെങ്കിലും സേവന പുസ്തകത്തിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല. 11-11-2020 ൽ ഉച്ചക്ക് ശേഷം ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. 26-11-2020, 09-12-2020, 21-10-21, 02-12-21, 03-12-21, 04-12-21 എന്നീ ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തുകയോ, ലീവ് മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. 2020 വർഷം 10/20 ലും 2021 വർഷം 08/21 ലും 20 C/L പൂർത്തിയായിട്ടുണ്ട്. എന്നാൽ 27-11-2021 ന് C/L അനുവദിച്ചിട്ടുണ്ട്. |
| ശ്രീകല.എ, സീനിയർ ക്ലാർക്ക് | 27-12-2021 ൽ ഒപ്പ് രേഖപ്പെടുത്തുകയോ, ലീവ് മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. 17-12-2021, 31-12-2021 എന്നീ തീയതികളിൽ ഉച്ചക്ക് ശേഷം ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒക്ടോബറിൽ തന്നെ 20 ആകസ്മികാവധി പൂർത്തി യായിട്ടുണ്ട്. |
| ശ്രീജിത്ത്.എസ്,<br>ക്ലാർക്ക് | 13-12-21 ൽ ഒപ്പ് രേഖപ്പെടുത്തുകയോ, ലീവ് മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. 31-12-2021 ൽ ഉച്ചക്ക് ശേഷം ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. നവംബറിൽ തന്നെ 20 ആകസ്മികാവധി പൂർത്തിയായിട്ടുണ്ട്. |

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം തേടി നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം. 26/20-21 ന് നൽകിയ മറുപടിയിൽ മേൽ പരാമർശിച്ചിരിക്കുന്ന ദിവസങ്ങളിലെ കുറെ ലീവുകൾ പാസ്സാക്കിയിട്ടുണ്ടെന്നും, ആർജ്ജിതാവധിയായി ക്രമീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കുന്ന തിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അർഹമായതിൽ അധികരിച്ച് എടുത്തിട്ടുള്ള ആകസ്മികാവധികൾ മറ്റ്

അർഹമായ ലീവുകളാക്കി ക്രമീകരിക്കേണ്ടതും മറ്റുള്ള ദിവങ്ങളിലെ ലീവ് ക്രമീകരിച്ചതിന്റെ വിശദാംശം ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

## 1-39 കോൺട്രിബ്യൂട്ടറി പെൻഷൻ - കുടിശ്ശികയിനത്തിൽ നഗരസഭക്ക് ബാദ്ധ്യത നിലനിൽക്കുന്നു

നഗരസഭയിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ 17 റഗുലർ ജീവനക്കാരും 16 കണ്ടിജന്റ് ജീവനക്കാരും ഉണ്ട്. 2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിൽ റഗുലർ ജീവനക്കാരുടെയും കണ്ടിജന്റ് ജീവനക്കാരുടെയും ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം കൃത്യമായി ഒടുക്കുന്നതായി ഓഡിറ്റ് എൻക്വയറിക്ക് (06/17.01.22) നൽകിയ മറുപടിയിൽ നഗരസഭ അറിയിച്ചിട്ടുണ്ട്.

പ്രാൺ നമ്പർ ലഭിക്കുന്നതിന് മുമ്പ് ചില ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം നിലവിലും അടച്ചിട്ടില്ല എന്ന് ഇത് സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. നിലവിലും കുടിശ്ശിക അടക്കാനുള്ള ജീവനക്കാരുടെ പേര്, ഏത് കാലയളവിലെ വിഹിതം, തുക എന്നിവയുടെ വിവരം നഗരസഭ ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|
| ലാലി.വി. | 02/2014 മുതൽ 09/2016 വരെ | 57359 |
| റഷീദ് കുഞ്ഞ് പി.എം . | ടി | 57285 |
| നവാസ്. എച്ച് . | 05/2014 മുതൽ 09/2016 വരെ | 50231 |
| ജിസ്സി.എസ്. | 01/2014 മുതൽ 09/2016 വരെ | 55721 |
| ലക്ഷ്മി. വി. | 10/2014 മുതൽ 09/2016 വരെ | 45735 |
| ജ്യോതി.എസ് | 10/2014 മുതൽ 09/2016 വരെ | 45735 |
| അശ്വിൻ. വി.സുകു | 02/2019 09/2020 | 43898 |
| അലീഷ ലത്തീഫ് | 08/2019 09/2020 | 24182 |
| അനിത.എ.എസ്. | 02/2020 04/2020 | 6902 |
| പാർവതി. എസ്. | 02/2021 09/2021 | 20415 |
| സ്മിത രവീന്ദ്രനാഥൻ പിള്ള | 06/2020 09/2020 | 7032 |
| അശ്വതി. ജി.ശിവൻ | 05/2020 09/2020 | 10341 |

| | | |
|---|---|---|
| കിഷോർ.ഡി. | 01/2021 | 2160 |
| വൃന്ദ ബാബു | 08/2021 10/2021 | 4842 |
| പ്രിയപിള്ള പരമേശ് | 09/2021 12/2021 | 9831 |
| രവീന്ദ്രൻ. കെ. | 02/2018 09/2020 | 63522 |

ആകെ 505191

മേൽ സൂചിപ്പിച്ചിട്ടുള്ള തുക ദേശീയ പെൻഷൻ പദ്ധതിയിൽ അടക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. പ്രിയപിള്ള പരമേശ് എന്ന ജീവനക്കാരിക്ക് നിലവിലും പ്രാൺ നമ്പർ ലഭിച്ചിട്ടില്ല. ടി ജീവനക്കാരിക്ക് പ്രാൺ നമ്പർ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-40 പകൽവീട്,(270/19-20)- അളവ് രേഖപ്പെടുത്തിയതിലെ അപാകത കാരണം തുക അധികമായി ചെലവഴിച്ചു

കരാറുകാരന്റെ പേര് - സുരേഷ് ബാബു

ആകെ മൂല്യം - 774995, (ബിൽ നം.78/31.03.21)

എം. ബുക്ക് നം.64/20-21

നിലവിലുള്ള അറവുശാലയുടെ ഒരു ഭാഗം പകൽവീടായി രൂപാന്തരപ്പെടുത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. ഫയൽ പരിശോധന, സ്ഥലപരിശോധന എന്നിവയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾക്ക് സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഇനം.20, സ്പെസിഫിക്കേഷൻ 15.21.1 പ്രകാരം Doors, Windows, Rolling Shutters, Ventilators എന്നിവ ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. 15 എണ്ണം ഡിസ്മാന്റിൽ ചെയ്തതായാണ് എം.ബുക്ക് പേജ്. 2 ൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ പുനരുപയോഗം എം.ബുക്കിൽ രേഖപ്പെടുത്തുകയോ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2)21.01.22 ൽ നഗരസഭാ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അപ്പന്റിക്സ്. എ) ഇനം. 9, Solid Block Masonry Using Precast Solid Blocks- Compound Wall And Pillars ചെയ്തിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന അളവുകൾ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടില്ല.

1x0.40x0.40x0.15 = 0.024m$^3$

5x2x0.15x1.60 = 2.40 M$^3$

ആകെ, 2.424m$^3$@5530/m$^3$ = 13404.72

മൂല്യനിർണ്ണയത്തിലെ അപാകത കാരണം 13404.72 രൂപ അധികമായി ചെലവഴിച്ചു.

ബി) E24, 18.48, Providing And Placing On Terrace Polythene Water Storage Tank, 1000lr@10.47 = 10470 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടാങ്ക് സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3) പ്ലംബിംഗ് നടത്തിയിട്ടുണ്ടെങ്കിലും വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷനും നടത്തിയിട്ടില്ല.

4)നിലവിലുള്ള സ്ലോട്ടർ ഹൗസിന്റെ ഒരു ഭാഗമാണ് ഇപ്രകാരം പകൽവീടായി രൂപാന്തരപ്പെടുത്തിയിട്ടുള്ളത്.

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തെറ്റായി മൂല്യ നിർണ്ണയം നടത്തിയത് കാരണം അധികമായി ചെലവഴിച്ച 13405/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-41 സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഇലക്ട്രിഫിക്കേഷൻ, (S0250/20) -ടെണ്ടർ കുറവ്

വരുത്തിയില്ല

അടങ്കൽ - 183000

എസ്റ്റിമേറ്റ് - 175000

കരാർ നം. -38/AE/MVKA/Mlty/19.12.19

എം ബുക്ക് നം. 3/19-20

ചെലവ് വിവരം - 67454, ബിൽ ക്രമ നം. 31/15.05.20

മാവേലിക്കര നഗരസഭയിലെ മുനിസിപ്പൽ ബസ് സ്റ്റാന്റിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റേയും കാന്റീൻ കെട്ടിടത്തിന്റേയും മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. അപാകതകൾ താഴെ കൊടുക്കുന്നു.

1)ഷോപ്പിംഗ് കോംപ്ലക്സിന്റേയും കാന്റീൻ കെട്ടിടത്തിന്റേയും മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന്റെ ആവശ്യത്തിലേക്കാണ് 175000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ എം. ബുക്ക് പ്രകാരമുള്ള ആകെ മൂല്യം 60734/-രൂപയാണ്. കാന്റീൻ കെട്ടിടത്തിൽ മാത്രമാണ് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുള്ളത്.

2)റ്റി.എസ് ഹരിലാൽ എന്ന കരാറുകാരന്റെ 10.2% കുറവായ ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. എന്നാൽ ആകെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. ആയതിനാൽ 6195/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ്ജ് ഉൾപ്പെടെ ആകെ (5040+1680) 67454/- രൂപയാണ് പിൻവലിച്ചിട്ടുള്ളത്.

എം. ബുക്ക് പ്രകാരമുള്ള ആകെ മൂല്യം - 60734

ടെണ്ടർ കുറവ്, (-10.2%) - 6195

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/20.01.22) "അനർട്ടിന്റെ പുതിയ സാങ്കേതിക വിദ്യ പ്രകാരം സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിന് കുറച്ച് പോയിന്റുകൾ നൽകിയാൽ മതിയെന്നതിനാൽ എസ്റ്റിമേറ്റ് അളവുകളിൽ ആവശ്യമുള്ളവ മാത്രം നൽകികൊണ്ട് ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ലാത്തത് കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും " മറുപടി നൽകിയിട്ടുണ്ട്.

## 1-42 സി.എഫ്.എൽ.റ്റി.സി നിർമ്മാണം - തുക അധികമായി ചെലവഴിച്ചു

അടങ്കൽ - 600000

എസ്റ്റിമേറ്റ് - 571744

കരാറുകാരൻ - ആനന്ദരാജൻ. കെ

കരാറുകാരന് അനുവദിച്ച തുക – ചെക്ക് നം.551324/- 404922/23.10.20

പുതിയകാവ് സി.എസ്.ഐ പാരിഷ് ഹാൾ, സി.എഫ്.എൽ.റ്റി.സി ആയി പരിവർത്തനം ചെയ്യുന്നതിനായി 571744/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തിട്ടുണ്ട്. അനുബന്ധ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)എം. ബുക്ക്, പേജ് 38

App.7, ഇനം. 8, Supplying And Fixing PVC Door – 1x0.800x2 =1.600m2 എന്നാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുക എസ്റ്റിമേറ്റ് അളവിൽ അനുവദിച്ചു.

3.200m2@1635.60/m2 = 5233.92

അളവിൽ അധികരിച്ച് 2616.96 രൂപ ചെലവഴിച്ചു.

2) App. 9, ഇനം.6

Providing And Fixing Stainless Steel Kitchen Sink , 4@3251.17/E = 13004.68

എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള Bright Distributors ന്റെ *15.08.20 ലെ* ബില്ലിൽ 4 കിച്ചൻ സിങ്കിന്, *ടാക്സ് ഉൾപ്പെടെ 7800/-* രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ ബിൽ തുകയിൽ ലിമിറ്റ് ചെയ്യാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചത് കാരണം 5204.68/- രൂപയുടെ അധികചെലവ് ഉണ്ടായി.

3)എം. ബുക്കിൽ ആകെ മൂല്യം 510486.07(12% ജി.എസ്.റ്റി ഉൾപ്പെടെ 571744.40) രൂപയായി കണക്കാക്കി തുക അനുവദിച്ചിട്ടുണ്ട്. നിരീക്ഷണ ഡാറ്റാ ഉൾപ്പെടെ എസ്റ്റിമേറ്റിലുണ്ടെങ്കിലും എസ്റ്റിമേറ്റിന് എ.എക്സ്.ഇ യുടെ അംഗീകാരം വാങ്ങിയിട്ടില്ല. എം. ബുക്കിൽ ചെക്ക് മെഷർ ചെയ്തിട്ടുമില്ല.

4)ആനന്ദരാജൻ.കെ എന്ന വ്യക്തിയെയാണ് പ്രവൃത്തി ഏൽപിച്ചിട്ടുള്ളത്. എന്നാൽ കരാർ ചമച്ചിട്ടില്ല. എം. ബുക്കിന് നമ്പർ നൽകിയിട്ടുമില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ക്രമ നം.1, 2 പ്രകാരം അധികമായി ചെലവഴിച്ച 7822/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-43 സി.എഫ്.എൽ.റ്റി.സി. നടത്തിപ്പ് - നിർവ്വഹണത്തിലെ അപാകത – അധികചെലവ്

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 16.7.2020 ലെ സ.ഉ.(സാധാ) 1364/2020 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ സി.എഫ്.എൽ.റ്റി.സി. സി.എസ്.ഐ. പാരിഷ് ഹാളിലാണ് പ്രവർത്തിച്ചിരുന്നത്. സി.എഫ്.എൽ.റ്റി.സി.യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വൌച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 47/24.1.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

A) സി.എഫ്.എൽ.റ്റി.സി. - ശുചീകരണതൊഴിലാളികൾക്ക് വേതനം നൽകിയതിലെ അപാകതകൾ

ഹാജർ പുസ്തകം പരിശോധിച്ചതിൽ 5 ബാച്ചുകളിലായി 15 ക്ലീനിംഗ് സ്റ്റാഫുകൾ 286 മാൻഡേയ്സ് ആണ് ജോലി ചെയ്തതിട്ടുള്ളത്. ആയതിന് ദിവസവേതനമായി 214500/- (286x750) രൂപയും 182 മാൻഡേയ്സിന് ക്വാറന്റീൻ വേതനമായി 136500/- (182x750) രൂപയും ഉൾപ്പെടെ 351000/-രൂപയാണ് നൽകാവുന്നത്. 04.10.21 ലെ 022241 മുതൽ 02250 വരെയുള്ള ചെക്കുകളിലായി 115500/- രൂപയും 404923/2.11.20 ചെക്കിൽ 90750/- രൂപയും ക്വാറന്റയിൻ അലവൻസായി 10.12.20 ലെ 404932 ചെക്കിൽ 158250/- രൂപയും ഉൾപ്പെടെ 364500/- രൂപ ദിവസവേതനവും ക്വാറന്റീൻ വേതനവും നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. അധികമായി പിൻവലിച്ച 13500/- രൂപ തിരികെ ഒടുക്കേണ്ടതാണ്. 404923, 404932 ചെക്കുകളിൽ പിൻവലിച്ച തുക ക്ലീനിംഗ് സ്റ്റാഫിന്റെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ആയതിന്റെ രേഖകളും ലഭ്യമാക്കാത്തതിനാൽ 249000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

B) സി.എഫ്.എൽ.റ്റി.സി. യിൽ ക്ലീനിംഗ് സ്റ്റാഫായി ജോലി ചെയ്തതിന് ചുവടെ ചേർക്കുന്നവർക്ക് ദിവസവേതനം, ക്വാറന്റയിൻ അലവൻസ് എന്നിവ നൽകിയതിൽ ചില ന്യൂനതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജോലി ചെയ്ത ദിവസങ്ങൾ | ക്വാറന്റയിനിൽ പോയതിന് വേതനം അനുവദിച്ച ദിവസങ്ങൾ | ഡ്യൂട്ടിയിലുണ്ടായിരുന്ന ക്ലീനിംഗ് സ്റ്റാഫിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | 21.8.20 – 31.8.20 (11 ദിവസം) 33000/- (ഒന്നാം ബാച്ച്) | 31.8.20 - 6.9.20 (7 ദിവസം) 21000/- | ആര്യ.പി.<br>ബിന.എം.<br>സുനിമോൾ.കെ.വി.<br>അനിൽകുമാർ | ഹാജർ പുസ്തക പ്രകാരം 4 ശുചീകരണതൊഴിലാളികൾ 21.8.20 – 31.8.20 വരെയുള്ള ദിവസങ്ങളിലാണ് ഡ്യൂട്ടി ചെയ്തിട്ടുള്ളത്. ഇവർ 31.8.20 തീയതി വരെ ഡ്യൂട്ടി ചെയ്തതിന് ദിവസവേതനം അനുവദിച്ച ശേഷം വീണ്ടും 31.8.20 മുതൽ ക്വാറന്റയിനിൽ ആണെന്ന് കാണിച്ച് അന്നേ ദിവസത്തെ കൂടി ക്വാറന്റീൻ അലവൻസ് അനുവദിച്ച് നൽകുക വഴി 3000/- രൂപ (4x750) അധികമായി നൽകിയിട്ടുണ്ട്. |
| 2 | 31.8.20 - 10.9.20 (11 ദിവസം) 33000/- | 11.9.20 - 17.9.20 (7 ദിവസം)21000 | ശ്രീലക്ഷ്മി<br>അഖിൽകുമാർ | ഒന്നാം ബാച്ച് 31.8.20 തീയതി വരെ ഡ്യൂട്ടി ചെയ്തതിന് ദിവസവേതനം അനുവദിച്ച ശേഷം രണ്ടാം ബാച്ചിലുള്ള 4 പേർ 31.8.20 |

| | | | | |
|---|---|---|---|---|
| | (രണ്ടാം ബാച്ച്) | | ഗംഗാ പ്രസാദ്<br>അജയകുമാർ | മുതൽ ഡ്യൂട്ടിയിലാണെന്ന് കാണിച്ച് അവർക്ക് ആ ദിവസത്തെ വേതനം കൂടി നൽകിയത് വഴി 3000/- രൂപ (4x750) അധികമായി നൽകിയിട്ടുണ്ട്. |
| 3 | 14.9.20 - 24.9.20 (11 ദിവസം) 41250 (മൂന്നാം ബാച്ച്) | 25.9.20 - 1.10.20 (7 ദിവസം) 26250 | ആര്യ.പി.<br>ബീന.എം.<br>സുനിമോൾ.കെ.വി<br>ഭരത്<br>അനിൽകുമാർ | |
| 4 | 24.9.20 - 4.10.20 (11 ദിവസം) 49500 (നാലാം ബാച്ച്) | 5.10.20 - 11.10.20 (7 ദിവസം) 31500 | ഗോപി.റ്റി.<br>ശ്രീലക്ഷ്മി<br>അഖിൽകുമാർ<br>ഗംഗാ പ്രസാദ്<br>അജേഷ്.ആർ.<br>വിജേഷ്.വി. | മൂന്നാം ബാച്ചിലുള്ള സ്റ്റാഫുകൾ 14.9.20 - 24.9.20 വരെയുള്ള ദിവസങ്ങളിലാണ് ഡ്യൂട്ടി ചെയ്തതിന് വേതനം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാലാം ബാച്ച് 24.9.20 മുതൽ ഡ്യൂട്ടിയിലാണെന്ന് കാണിച്ച് ആ ദിവസത്തെ വേതനം കൂടി അനുവദിച്ച് നൽകിയതു വഴി 4500/- രൂപ (6x750) അധികമായി നൽകിയിട്ടുണ്ട്. |
| 5. | 4.10.20 - 14.10.20 (11 ദിവസം) 57750 (അഞ്ചാം ബാച്ച്) | 15.10.20 - 21.10.20 (7 ദിവസം) 36750 | വർഷ.ജി.<br>ആര്യ.പി.<br>ബീന.എം.<br>സുനിമോൾ. കെ.വി<br>ഭരത്<br>അഖിൽ.ബി.കൃഷ്ണൻ<br>ആഷിക്.ജി. | നാലാം ബാച്ചിൽ ഉൾപ്പെട്ട ക്ലീനിംഗ് സ്ററാഫുകൾ 24.9.20 – 4.10.20 വരെയുള്ള ദിവസങ്ങളിൽ ഡ്യൂട്ടി ചെയ്തതിന് വേതനം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ അഞ്ചാം ബാച്ച് 4.10.20 മുതൽ ഡ്യൂട്ടിയിലാണെന്ന് കാണിച്ച് ആ ദിവസത്തെ വേതനം കൂടി അനുവദിച്ച് നൽകിയതു വഴി 5250/- രൂപ (7x750) അധികമായി നൽകിയിട്ടുണ്ട്. |

C) ക്ലീനിംഗ് ജോലികളിൽ നിയമിച്ചവർക്ക് ക്വാറന്റയിനിൽ പോയ ദിവസങ്ങളിലേയ്ക്ക് ദിവസവേതനം അനുവദിച്ച് നൽകിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 11.11.2020 ലെ സ.ഉ.(പി.) 155/2020/ധന നമ്പർ ഉത്തരവിൽ ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് കോവിഡ് സ്ഥിരീകരിയ്ക്കുകയോ, ക്വാറന്റയിനിൽ/നീരീക്ഷണത്തിൽ ഇരിയ്ക്കേണ്ട അവസ്ഥ സംജാതമാകുകയോ ആണെങ്കിൽ അവർക്ക് ചികിത്സാ കാലയളവ്/നിരീക്ഷണ കാലയളവ് ബന്ധപ്പെട്ട സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിൽ അവർ ജോലിയ്ക്ക് ഹാജരാകേണ്ടിയിരുന്ന പ്രവർത്തി ദിനങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിയ്ക്കാവുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ക്ലീനിംഗ് ജോലിയ്ക്ക് ചുമതലപ്പെടുത്തിയിരുന്നവർക്ക് നിശ്ചിത ദിവസത്തെ ഡ്യൂട്ടി കഴിഞ്ഞതിന് ശേഷം 7 ദിവസങ്ങളിൽ

ക്വീറന്റയിനിലാണെന്ന് രേഖപ്പെടുത്തി ആ ദിവസങ്ങളിലേക്ക് വേതനം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ഉത്തരവിൽ അനുവദിക്കാത്ത പ്രകാരം ജീവനക്കാർക്ക് അവർ ജോലിയ്ക്ക് ഹാജരാകേണ്ടാത്ത പ്രവർത്തി ദിനങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് ക്വാറന്റയിനിലാണെന്ന് രേഖപ്പെടുത്തി വേതനം അനുവദിച്ചത് നിയമാനുസൃതമല്ല. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കാതെയുള്ള ചെലവ് ആയതിനാലും 136000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ക്രമ നമ്പർ A യില് തടസ്സപ്പെടുത്തിയിട്ടുള്ള തുകയിൽ 136000/- ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രത്യേകമായി ഉൾപ്പെടുത്തുന്നില്ല)

## 1-44 'ടൈനി മോഡേൺ സ്ലോട്ടർ ഹൌസ്' - പദ്ധതി നടപ്പിലായില്ല - നഗരസഭയ്ക്ക് 89.76 ലക്ഷം രൂപയുടെ ബാധ്യത

നഗരസഭയുടെ വികസനമാതൃകയായി നിലനിൽക്കേണ്ട "ടൈനി മോഡേൺ സ്ലോട്ടർ ഹൌസ്" എന്ന പദ്ധതി നിലവിൽ ആരംഭിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ശുചിത്വമിഷൻ ഫണ്ടും നഗരസഭാ ഫണ്ടും ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത പദ്ധതിക്ക് മിഷനിൽ നിന്നും എസ്റ്റിമേറ്റിനനുസൃതമായ ഫണ്ട് ലഭിച്ചിട്ടും സാങ്കേതിക തടസ്സങ്ങൾ കാരണം പദ്ധതി തുടങ്ങിവെക്കാൻ പോലും കഴിയാതെ 89,76,579/-രൂപ (പലിശഉൾപ്പടെ) നഗരസഭാ അക്കൌണ്ടിൽ ബാധ്യതയായി നിൽക്കുന്നു.

പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 2010 ൽ 9,50,000/-രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം, ആധുനിക അറവുശാലയാക്കി മാറ്റുവാനാണ് ശുചിത്വ മിഷനിൽ നഗരസഭ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നത്. 28.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ശുചിത്വമിഷനിൽ നിന്ന് അംഗീകാരം, സാങ്കേതിക അനുമതി എന്നിവ വാങ്ങി, 14.20 ലക്ഷം രൂപ (എസ്റ്റിമേറ്റ് തുകയുടെ 50%) മിഷനിൽ നിന്ന് അനുവദിക്കുകയും ടി തുക നഗരസഭയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൌണ്ടിൽ (നം.4314001000535596) 12-01-2011 ൽ ക്രഡിറ്റ് ചെയ്തു. ബാലൻസ് ഫണ്ട് കണ്ടെത്താൻ നഗരസഭക്ക് കഴിയാത്തതിനാൽ പ്രവർത്തി ആരംഭിച്ചില്ല.

തുടർന്ന് 30-09-2015 ൽ നഗരസഭ നൽകിയ 60,00,000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ശുചിത്വമിഷൻ അംഗീകരിച്ച് 31-12-2015 ലെ 25ാം നം.കൗൺസിൽ തീരുമാനപ്രകാരം ടെണ്ടർ ക്ഷണിച്ച് എസ്റ്റിമേറ്റിലും 9.99% കുറഞ്ഞ നിരക്കിലുള്ള ശ്രീ.എൻ.വിജയൻ, കല്ലുമല എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് 9-12-2016 ൽ എഗ്രിമെന്റും വെച്ചു (68/ME /LSGD/MVK/MLTY). എന്നാൽ നിലവിലുള്ള കെട്ടിടം ശുചിത്വമിഷൻ മാനദണ്ഡ മനുസരിച്ച് പുതുക്കിപണിയാൻ കഴിയുമോ എന്ന കാര്യത്തിൽ സാങ്കേതിക ഉപദേശം ലഭിക്കുന്നതിനായി 20-05-2017 ൽ ശുചിത്വമിഷനെ സമീപിക്കുകയും പരിശോധനയിൽ അറവുശാലകളുടെ നിലവിലുള്ള നിയമങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അംഗീകാരം ലഭിക്കണമെങ്കിൽ കെട്ടിടത്തിന്റെ 90 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ പാടില്ലെന്നും ഹസാർഡസ് ഒക്യുപെൻസ്സി ആയതിനാൽ KMBR ചട്ടങ്ങൾ പാലിക്കേണ്ടതാണെന്നും അറിയിച്ചു. 25 മീറ്റർ പരിധിയിൽ വാസഗൃഹങ്ങൾ ഉള്ളതിനാലും KMBR59 (3), 59(4) ചട്ടങ്ങൾ പാലിക്കുന്നില്ലായെന്നുമുള്ള കണ്ടെത്തലിനെയും തുടർന്ന് ടി സ്ഥലത്ത് നിർമ്മാണം അനുയോജ്യമല്ലെന്നും ആധുനിക രീതിയിലുള്ള അറവുശാല പണിയുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കൌൺസിൽ തീരുമാനിച്ചു (28-03-2018 ലെ 8ാം നം.തീരുമാനം). പദ്ധതിയുടെ ആരംഭഘട്ടത്തിലും 90 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ പാടില്ലായെന്നുള്ള നിബന്ധന/കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ ബാധകമായിരുന്നില്ലേ, നഗര വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ, അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രോജക്ട് വെക്കുന്നതിനും നഗരസഭയുടെ ബാധ്യത സംബന്ധിച്ചും കൌൺസിൽ ചർച്ച ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ? നഗരസഭ മേൽ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി എന്നിവ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19-20/24.01.22) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൌണ്ട് നം.4314001000535596 -ൽ ശുചിത്വമിഷനിൽ നിന്ന് ലഭിച്ച 74,20,000/-രൂപയും നാളിതുവരെയുള്ള പലിശ 15,56,579/-രൂപയും ഉൾപ്പടെ 89,76,579/- രൂപ 31-03-2021 ൽ നിഷ്ക്രിയമായി തുടരുന്നു. ഭാവിയിൽ പലിശ ഉൾപ്പടെ വലിയ തുകയാണ് നഗരസഭയ്ക്ക് ബാധ്യതയായി മാറുന്നത്. ആകയാൽ ആധുനിക അറവുശാലക്കായി എത്രയും വേഗം സ്ഥലം കണ്ടെത്തി ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയോ തുക പലിശ സഹിതം മിഷനിൽ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. ടി കെട്ടിടത്തിന്റെ ഒരു ഭാഗം ഇപ്പോൾ പകൽ വീടിനായി മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും നിലവിലും നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു.

## 1-45 IDSMT പദ്ധതി -1.16 കോടി രൂപ നഗരസഭയുടെ ബാധ്യത

ചെറുകിട ഇടത്തരം പട്ടണങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ 10 പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കേന്ദ്രവിഹിതം ഇനത്തിൽ 90,00,000/-രൂപയും, സംസ്ഥാന വിഹിതമായി 56,52,000/-രൂപയും ഉൾപ്പെടെ 146.52 ലക്ഷം 03/2004 മുതൽ 3/2007വരെ വർഷങ്ങളിലായി നഗരസഭയ്ക്ക് ലഭിച്ചിരുന്നു. ലഭിച്ച തുകയിൽ നിന്നും 78,74,585/-രൂപ വരെ നഗരസഭ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. IDSMT പദ്ധതി 31.03.2007 നുശേഷം കേന്ദ്രസർക്കാർ നിർത്തലാക്കിയതിനെ തുടർന്ന്

കേന്ദ്രവിഹിതമിനത്തിൽ മിച്ചം നിൽക്കുന്ന 11.26 ലക്ഷം രൂപ പലിശസഹിതം തിരിച്ചടക്കുവാൻ സർക്കാരിൽ നിന്നും ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിരുന്നിട്ടും നഗരസഭ തുകയൊന്നും തിരിച്ചടച്ചിട്ടില്ല. ഏറ്റവും ഒടുവിലായി 31.03.17 ലും ഇതുസംബന്ധമായി ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. IDBI ബാങ്കിന്റെ 31888-ാം നമ്പർ അക്കൗണ്ടിൽ ഈയിനത്തിൽ 22-03-2019 ലെ നീക്കിയിരിപ്പ് 10772025/-രൂപയാണ്(പലിശ ഉൾപ്പടെ). 22-03-2019 ൽ കേരള ഗ്രാമീണ ബാങ്കിൽ പുതുതായി അക്കൌണ്ട് തുടങ്ങുകയും (അക്കൌണ്ട് നം.8125) അതിലേക്ക് തുക പൂർണ്ണമായും ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. 31-03-2021 ലെ നീക്കിയിരിപ്പ് 11621953/-രൂപയാണ്. സംസ്ഥാന വിഹിതമിനത്തിൽ ലഭിച്ച തുക പൂർണ്ണമായും, കേന്ദ്രവിഹിതമിനത്തിൽ മിച്ചമുള്ള 11.26 ലക്ഷം രൂപയും, പലിശയും ഉൾപ്പെടെ മിച്ചം നിൽക്കുന്ന 11621953/-രൂപ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും തിരിച്ചടക്കാതെ ബാങ്ക് നിക്ഷേപമായി തുടരുന്നത് ക്രമവിരുദ്ധമാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-46 ജീവനക്കാർക്ക് മുൻകൂർ നൽകിയത് - ക്രമീകരിക്കാതെ അവശേഷിക്കുന്നു.

കെ എഫ് സി വാല്യം I ആർട്ടിക്കൾ 303(എ), ജി ഓ(പി) നം. 419/2011/ഫിൻ 4..10.2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള ജീവനക്കാർക്ക് അനുവദിച്ച മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും | ഇനം | വൗച്ചർ നം./തീയതി | തുക |
|---|---|---|---|
| ശ്രീ.കെമുരളി, സീനിയർ ക്ലർക്ക് | വിവിധ കറണ്ട് കണക്ഷനുകൾ ഡിസ്കണക്ട് ചെയ്യുന്നതിനുള്ള ചാർജ്ജ് | 32/14.6.2017 | 660 |
| സുനിൽകുമാർ,<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-II | മുനിസിപ്പൽ റെസ്റ്റ് ഹൗസിലെ ഡംപിംഗ് യാർഡിൽ മണ്ണിടുന്നതിന് നൽകിയ തുക | 27/11/17/7.11.17 | 30000 |
| സുനിൽകുമാർ,<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-II | വിമുക്തി ക്ലാസ് നടത്തുന്നതിന് | 19/18.12.2017 | 20000 |
| സുനിൽകുമാർ,<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-II | ഡിസാസ്റ്റർ മാനേജ്മെന്റ് അവേർനെസ് ക്ലാസ് നടത്തുന്നതിന് | 39/30.12.17 | 10000 |
| കെ.ജോൺ, റവന്യൂ ഇൻസ്പെക്ടർ | വസ്തു നികുതി, ലേലം എന്നിവ സംബന്ധിച്ച് അനൗൺസ്മെന്റ് നടത്തുന്നതിന് | 38/26.2.18 | 15000 |
| ഡി.സുഭദ്ര,<br>പി ഡബ്ല്യൂ ഓ I | വാട്ടർ ലെവൽ കൺട്രോളർ സ്ഥാപിക്കുന്നതിന് | 19/7.7.2018 | 1000 |
| ശ്രീജിത്ത്. എസ്, | സ്വാതന്ത്ര്യ ദിനാഘോഷത്തിന് നൽകിയ തുക | 15/13.8.2018 | 15000 |
| ദിലീപ് കുമാർ, | ഫ്ളഡ് റിലീഫ് പ്രോഗ്രാം നടത്തുന്നതിന് | 29/16.8.2018 | 25000 |
| രോഹിണി, സെക്ഷൻ ക്ലാർക്ക് | ഗവ. ഗേൾസ് സ്കൂൾ, കണ്ടിയൂർ അങ്കണവാട് | 33/13.12.2018 | 20000 |

| | | | |
|---|---|---|---|
| | എന്നിവയുടെ ഉദ്ഘാടനത്തിന് ചെലവഴിച്ച തുക | | |
| സുരേഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ -ഗ്രേഡ് -2 | ലോറി വാടകയ്ക്കെടുക്കുന്നതിനും ഡംപിംഗ് യാർഡിൽ മണ്ണിടുന്നതിനും | 39/19.1.2019 | 20000 |
| ദിലീപ് കുമാർ ഹെൽത്ത് സൂപ്പർവൈസർ | ധീരജവാൻ സ്മാരകത്തിന്റെ ഉദ്ഘാടനത്തിന് നൽകിയ തുക | 46/20.7.19 | 3000 |
| പി.ജി മുരളീധരൻ, കാഷ്യർ | ഇംപ്രസ്റ്റ് | 17/06.07.2019 | 1000 |
| പ്രീത. ആർ, | കോൺക്രീറ്റ് റോഡുകളിൽ സൈൻ ബോർഡ് സ്ഥാപിക്കുന്നതിന് | 85/20.11.19 | 3000 |
| രാജശ്രീ. ജെ കാഷ്യർ | കലണ്ടർ വാങ്ങുന്നതിന് | 12/04.01.2018 | 660 |
| റ്റി.കെ ദിലീപ് കുമാർ, ഹെൽത്ത് സൂപ്പർവൈസർ | സാനിട്ടേഷൻ പ്രോഗ്രാം നടത്തുന്നതിന് | 50/8/11 | 15000 |
| ദിലീപ് കുമാർ, ഹെൽത്ത് സൂപ്പർവൈസർ | റ്റി എ കനാൽ ക്ലീനിംഗിന് | 20/04.01.2020 | 35000 |
| ശ്രീജിത്ത്. എസ്, സെക്ഷൻ ക്ലാർക്ക് | ജനറൽ ലേലം നടത്തുന്നതിന് | 33/13.2.2020 | 15000 |
| ദിലീപ് കുമാർ, ഹെൽത്ത് സൂപ്പർവൈസർ | ഫുഡ് & ഷെൽട്ടർ ഫോർ പീപ്പിൾ ഇൻ ക്വാറന്റൈൻ | | 50000 |
| സുനിൽകുമാർ, ജെ എച്ച് ഐ III | സാപ്ലിംഗ് വാങ്ങുന്നതിന് | 4.6.2020 | 2500 |
| ശ്രീജിത്ത്.എസ് ക്ലാർക്ക് | ബാലൻസ് പേമെന്റ് ഓഫ് ജി എസ് ടി | 31/8.3.2021 | 30000 |
| പുഷ്പരാജ്. എസ്, ക്ലാർക്ക് | | 74/25.3.2021 | 13800 |

മേൽ ജീവനക്കാർക്ക് മുൻകൂറായി നൽകിയ തുക നാളിതുവരെ ക്രമീകരിക്കാതിരുന്നതിനുള്ള/ ഈടാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/24.01.2022) സ്ഥലം മാറിപ്പോയതും വിരമിച്ചതുമായ ജീവനക്കാരിൽ നിന്ന് തുക ഈടാക്കുന്നതിന് അതാത് നഗരസഭകളിലേക്ക് കത്തയച്ചിട്ടുണ്ടെന്നും മറ്റ് ജീവനക്കാരിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്ത മുൻകൂറുകൾ അടയന്തിരമായി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 തെങ്ങിന് വളം വിതരണം -യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം തുക ചെലവഴിച്ചു

അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നടപ്പിലാക്കിയ തെങ്ങ് കൃഷിയ്ക്ക് ജൈവ വളം വിതരണം പ്രോജക്ട് (പ്രോജക്ട് നം.S0067/21) പ്രകാരം കർഷകർക്ക് വിതരണം ചെയ്യുന്നതിന് 9140 കി.ഗ്രാം നീം കേക്ക് കി.ഗ്രാമിന് 38.1 രൂപ നിരക്കിൽ കെയ്കോയിൽ നിന്ന് വാങ്ങിയിരുന്നു. വാങ്ങലിനായി നീം കേക്കിന്റെ വില 348234/- രൂപയ്ക്ക് പുറമെ ജി എസ് റ്റി ഇനത്തിലെ 17366/- രൂപ ഉൾപ്പടെ 365600/- രൂപ (വികസന ഫണ്ട്-274200/- രൂപ (ബിൽ നം.10/30.3.2021), ഗുണഭോക്തൃ വിഹിതം-91400 രൂപ) ആകെ ചെലവഴിച്ചിരുന്നു. ജില്ലാതല ആസൂത്രണ സമിതി ഒരു കി.ഗ്രാം നീം കേക്കിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് 35 രൂപയാണ്. ഇത് ജി.എസ്.റ്റി ഉൾപ്പെടുന്ന നിരക്കാണ്. ജില്ലാ തലത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിനേക്കൾ അധിക നിരക്കിൽ വാങ്ങൽ നടത്തിയതിനും ഈ തുക കൂടാതെ ജി എസ് റ്റി ഇനത്തിൽ തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/24.1.2022) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാതല ആസൂത്രണ സമിതിയുടെ നിരക്ക് കെയ്കോയുടെ നിരക്കിനേക്കാൾ കുറവാണെന്നുള്ള വിവരം വാങ്ങലിന് ശേഷമാണ് അറിഞ്ഞത് എന്ന് അറിയിച്ചിട്ടുണ്ട്. 9140 കി.ഗ്രാം നീം കേക്ക് കി.ഗ്രാമിന് 35/- രൂപ നിരക്കിൽ ചെലവഴിക്കാമായിരുന്ന തുക 319900/- രൂപ മാത്രമായിരുന്നു. ഈ തുകയുടെ 75% തുകയായ 239925/- രൂപ മാത്രമേ സബ്സിഡി ഇനത്തിൽ ചെലവഴിക്കാമായിരുന്നുള്ളൂ. അതിനാൽ സബ്സിഡി ഇനത്തിൽ മാത്രം 34275/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വളം വാങ്ങലിനായി യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം ചെലവഴിച്ച 45700 രൂപ (365600 -319900) ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുകയിൽ സബ്സിഡി ഇനത്തിൽ അധികം ചെലവഴിച്ച 34275/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ അധികം പിരിച്ച 11425/- രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

## 1-48 ലാപ് ടോപ്പ് വിതരണം- രേഖകളിലെ അപാകതകൾ

ഹെൽത്ത് സൂപ്പർവൈസർ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം (S0187/21) സ്പിൽ ഓവർ പ്രോജക്റ്റ് പ്രകാരം 27 ലാപ്ടോപ്പുകൾ 27489/- രൂപ നിരക്കിൽ കേരള സ്റ്റേറ്റ് ഐ റ്റി മിഷനിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി ആകെ 742203/-രൂപ (632247 ബിൽ നം.19070447001701110/01.02.2020, 109956-19070447001701161000/28.03.2020) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ അപാകതകൾ കാണുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം. | അപാകത |
|---|---|---|
| ആര്യലക്ഷ്മി ബാബു, പോലീസ് ക്വാർട്ടേഴ്സ് E1, മാവേലിക്കര | 18 | അപേക്ഷ, റേഷൻ കാർഡ്, എന്നിവ പ്രകാരം മേൽവിലാസം പോലീസ് ക്വാർട്ടേഴ്സ് E1, മാവേലിക്കര എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.<br>എന്നാൽ ആധാർ കാർഡ് പ്രകാരം മേൽവിലാസം പുറത്തോട്ട്, ചെങ്ങന്നൂർ ഇടനാട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| സൗരവ് സോമൻ, പോലീസ് ക്വാർട്ടേഴ്സ് മാവേലിക്കര | 20 | അപേക്ഷ, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവ പ്രകാരം മേൽവിലാസം പോലീസ് ക്വാർട്ടേഴ്സ്, മാവേലിക്കര എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.<br>എന്നാൽ ഗുണഭോക്താവിന്റെ എസ് എസ് എൽ സി ബുക്ക് പ്രകാരം അയ്യൻകോവിൽ വടക്കേതിൽ കുറത്തികാട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| അതുല്യ ഗോപൻ, തുണ്ടിൽ വീട്, കണ്ടിയൂർ | 2 | ചെട്ടികുളങ്ങര ടീച്ചർ എഡ്യൂക്കേഷൻ സ്കൂളിൽ രണ്ടാം വർഷ വിദ്യാർത്ഥിനിയാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തി യിരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ മേൽ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി ചെലവഴിച്ച 82467/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 മുൻകൂറുകൾ ക്രമീകരിച്ചത് രേഖകൾ ലഭ്യമാക്കിയില്ല

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർക്ക്/ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക നൽകിയതായി കാണുന്നു. എന്നാൽ ഈ തുകകൾ ക്രമീകരിച്ചിട്ടുള്ളതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം. | വൗച്ചർ നം. | തുക | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് |
|---|---|---|---|---|
| E1-2686/20 | 125403/6.8.2020 | 32986 | സിംഗിൾ ഫേസ് സർവ്വീസ് കണക്ഷൻ | പ്രശാന്ത്. സി. സെക്ഷൻ ക്ലാർക്ക് |
| H1-3110/20 | 112589/12.8.2020 | 16271 | പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് | രേഖ,ജെ.എച്ച്.ഐ |
| H1-12542/19- | 11259/28.9.2020 | 42320 | സ്കൂളുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കുന്നതിന് | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ |
| ആകെ | | 91577 | | |

.

മുൻകൂർ തുകകൾ ക്രമീകരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 91577/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-50 നഗരസഭാ പാർക്കിലേയ്ക്ക് കളിയുപകരണങ്ങൾ - വാങ്ങലിൽ മത്സരസ്വഭാവം ഉറപ്പാക്കിയില്ല

പ്രോജക്ട് നം. - S0259/21

അടങ്കൽ - 800000/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ നം.88/6.8.20 -800000/-

നിർവ്വഹണം - സെക്രട്ടറി

മുനിസിപ്പൽ പാർക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ടെണ്ടർ മുഖേനെ കളിയുപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. എന്നാൽ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സിഡ്കോ, തൊടുപുഴയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തുകയാണുണ്ടായത്. ജി.ഒ.(ആർ.റ്റി.) 49/2019/SPD തീയതി 14.11.19 നമ്പർ ഉത്തരവ് പ്രകാരം തടി, സ്റ്റീൽ, ഹോസ്പിറ്റൽ ഫർണിച്ചറുകൾ എന്നിവ മാത്രം സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതിയുണ്ടായിരിക്കെ കളിയുപകരണങ്ങൾ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയതിന് വിശദീകരണവും കളിയുപകരണങ്ങളുടെ വാറന്റി/ഗ്യാരന്റി സംബന്ധിച്ച രേഖകളും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 33/21.1.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിട്ടില്ല. ഇപ്രകാരം സിഡ്കോയിൽ നിന്ന് ടെൻഡർ കൂടാതെ നേരിട്ട് വലിയൊരു തുകയുടെ വാങ്ങൽ നടത്തുക വഴി വാങ്ങലിൽ മത്സരം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ സിഡ്കോ നൽകിയ നിരക്ക് ന്യായമാണോയെന്നും ഉറപ്പാക്കാനായിട്ടില്ല. 8,00,000/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-51 ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ എ.എം.സി. - നഗരസഭയുടെ ആസ്തിയല്ലാത്ത സിഗ്നൽലൈറ്റിന്റെ പരിപാലനത്തിനായി തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ - 218/21

അടങ്കൽ - 644949/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം. 7/14.5.20 – 593345/-

നിർവ്വഹണം - സെക്രട്ടറി

നഗരസഭാ പരിധിയിലുള്ള മാവേലിക്കര മിച്ചൽ ജംഗ്ഷനിലേയും തട്ടാരമ്പലം ജംഗ്ഷനിലേയും ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ എ.എം.സി.നടത്തുന്നതിനായുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി 593345/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലല്ലാതെ പി.ഡബ്ല്യൂ.ഡി. റോഡിൽ സ്ഥാപിച്ചിരിയ്ക്കുന്ന ട്രാഫിക് സിഗ്നലിന്റെ പരിപാലനത്തിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണവും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.31/21.1.22 നൽകിയതിന് മുനിസിപ്പൽ കൌൺസിലിന്റെ അംഗീകാരത്തോടെയാണ് പ്രവർത്തി നടത്തിയതെന്നും കേരള മുനിസിപ്പൽ ആക്ട് പട്ടിക 1 പ്രകാരം റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക, തെരുവ് വിളക്കുകൾ കത്തിയ്ക്കുകയും പരിപാലിയ്ക്കുകയും ചെയ്യുക, നടപ്പാതയും റോഡ് മുറിച്ച് കടക്കുന്നതിനുള്ള സൌകര്യങ്ങൾ കാൽ നടയാത്രക്കാർക്കായി ഏർപ്പെടുത്തുക എന്നിവ മുനിസിപ്പാലിറ്റിയുടെ ചുമതലകളാണെന്നും ട്രാഫിക് സിഗ്നൽ സ്ഥാപിച്ചിരിയ്ക്കുന്നതിനായുള്ള കളക്ടറുടെ 4.1.14 ലെ 53662/13/F4 നമ്പർ ഭരണാനുമതിയിൽ സിഗ്നൽലൈറ്റിന്റെ മെയിന്റനൻസും AMC യും തദ്ദേശസ്ഥാപനം നടത്തണമെന്ന് സൂചിപ്പിച്ചിട്ടുള്ളതായുമാണ്. എന്നാൽ ഈ ഭരണാനുമതിയിൽ " The Implementing Officer Should Obtain Consent Concerned Local Body For The Maintanance And AMC Of The System " എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നഗരസഭയുടെ ഉടമസ്ഥതയിലല്ലാതെ ആസ്തിയുടെ സംരക്ഷണത്തിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. നഗരസഭയുട ആസ്തി അല്ലാത്തവയുടെ മെയിന്റനൻസിനായി തുക ചെലവഴിക്കുന്നത് ഒഴിവാക്കപ്പെടേണ്ട സംഗതിയാണ്.

## 1-52 മഴക്കാലപൂർവ്വശുചീകരണം -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറുടെ മേൽ നോട്ടത്തിൽ നടത്തപ്പെടുന്ന പ്രവർത്തനമാണ് മഴക്കാല പൂർവ്വ ശുചീകരണം. ഇതിനായി 28 വാർഡുകളിലും വാർഡ് മെമ്പർ കൺവീനറായി വാർഡ് തല ശുചിത്വ സമിതി രൂപീകരിച്ച് മഴക്കാലം ആരംഭിക്കുന്നതിനു മുൻപായി മാലിന്യം നിർമ്മാർജനം, കൊതുകു നശീകരണം, ശുചിത്വത്തിന്റെ ആവശ്യകത, ബോധവൽക്കരണം മുതലായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി 2020-21 വർഷം 10.6.2020 തീയതിയിലും 06.11.2020 തീയതിയിലുമായി ഓർഡർ നം.102/D/2020/3M ULBs പ്രകാരം 280000/- രൂപ വീതം ആകെ 560000/- രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ ആദ്യ ഗഡു ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു. രണ്ടാം ഗഡു അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നില്ല. കോവിഡ് വ്യാപനം നേരിട്ട സാഹചര്യത്തിൽ ഫണ്ട് യഥാസമയം ക്രെഡിറ്റ് ചെയ്യാൻ സാധിക്കാതിരുന്നതിനാൽ ടി ഗഡു നഷ്ടപ്പെടാൻ ഇടയായെന്നും ടി തുക 2021-22 വർഷം തിരികെ ലഭിച്ചതായും നഗരസഭയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. 2020-21 വർഷം ലഭിച്ച ശുചിത്വ മിഷൻ വിഹിതം ചെലവഴിച്ചതിന്റെ രേഖകളാവശ്യപ്പട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 39/20-21/22.01.2022) ചെലവ് രേഖകളോ സാനിട്ടേഷൻ സമിതിയുടെ പാസ് ബുക്കുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 2020-21 വർഷം ചെലവഴിച്ച തുക 280000/- രൂപ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-53 പോളി ക്ലിനിക്ക് നവീകരണം - ബാലൻസ് തുക മൃഗസംരക്ഷണ വകുപ്പിന് തിരികെ നൽകിയില്ല

ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ 19-02-2015 ലെ എം.3/3046/15 നം. ഉത്തരവ് പ്രകാരം വെറ്ററിനറി പോളി ക്ലിനിക്കിന്റെ നവീകരണത്തിനായി 8,50,000/- രൂപ ലഭിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 4.71% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് 28-02-2016 ൽ എഗ്രിമെന്റ് വച്ച് പോളിക്ലിനിക്ക് നവീകരണം 02-06-2017 ൽ പൂർത്തീകരിച്ച് കരാറുകാരന് തുക നല്കിയിട്ടുമുണ്ട്. ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 26-05-2021 ലെ DAHO/ALP/546/2019-A4 കത്തിൽ പ്രവർത്തി പൂർത്തീകരിച്ചശേഷം മിച്ചം നിൽക്കുന്ന 1,80,160/-രൂപ ഉപയോഗിച്ച് പുതിയ പ്രവൃത്തികൾക്ക് പ്രൊപ്പോസൽ തയ്യാറാക്കി നൽകുകയോ/വകുപ്പിന്റെ ഹെഡ്ഡ് ഓഫ് അക്കൌണ്ടിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നഗരസഭ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.തീയതി) 2022-23 വർഷം പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി വെറ്ററിനറി പോളിക്ലിനിക്കുകൾക്കായി പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്ന് മറുപടി നൽകി. പ്രോജക്ടുകൾ നടപ്പിലാക്കുകയോ/എത്രയും വേഗം തുക ബന്ധപ്പെട്ട വകുപ്പിന്റെ ഹെഡ്ഡ് ഓഫ് അക്കൌണ്ടിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-54 നഗരസഭാ ഓഫീസിൽ സൈറൺ സ്ഥാപിക്കൽ, (262/20-21) – സൈറൺ പ്രവർത്തനരഹിതം

നഗരസഭാ ഓഫീസിൽ സൈറൺ സ്ഥാപിച്ചതിനായി 99000/- രൂപ വികസന ഫണ്ടിൽ നിന്നും (ബിൽ നം. 70/24.02.21) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ സൈറൺ പ്രവർത്തിക്കുന്നില്ല.

പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/24.01.22) താഴെ പറയും പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. "മുനിസിപ്പൽ കെട്ടിടത്തിന് സമീപം പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷന്റെ പ്രവർത്തനത്തെ സൈറണിന്റെ ശബ്ദം പ്രതികൂലമായി ബാധിക്കുന്നുവെന്നും ഹൃദ്രോഗികളായ ഉദ്യോഗസ്ഥർക്ക് ശാരീരിക അസ്വസ്ഥതകൾ ഉണ്ടാകുന്നുവെന്നും സൂചിപ്പിച്ച് ഇൻസ്പെക്ടർ ഓഫ് പോലീസ് 16.03.21 ൽ കത്ത് നൽകിയെന്നും, കൂടാതെ മനുഷ്യാവകാശ പ്രവർത്തകനായ സുരേന്ദ്ര ദാസ്, വെട്ടിയാർ എന്നയാൾ 29.03.21 ൽ പരാതി നൽകിയെന്നും അതിന്റെ അടിസ്ഥാനത്തിൽ സൈറൺ ടെക്നീഷ്യനെ കൊണ്ട് പരിശോധിപ്പിച്ചതിൽ സൈറണിന്റെ ഫ്രീക്വൻസി മാറ്റാൻ കഴിയില്ല എന്ന് അറിയിച്ചത് പ്രകാരം കൗൺസിലിന്റെ അറിവോടെ താത്കാലികമായി സൈറൺ പ്രവർത്തിപ്പിക്കുന്നത് നിർത്തിവെച്ചിരിക്കുകയാണ്".

ഫ്രീക്വൻസി കൃത്യമായി കണക്കാക്കാതെ സൈറൺ സ്ഥാപിച്ചത് കാരണമാവാം ശബ്ദമലിനീകരണം ഉണ്ടാകുന്ന അവസ്ഥയിലേക്കെത്തിയത്. ക്ഷമതയുള്ള അധികാര സ്ഥാനത്ത് നിന്നുമുള്ള കൃത്യമായ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൈറൺ സ്ഥാപിച്ചിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള പ്രശ്നം ഒഴിവാക്ക പ്പെട്ടുമായിരുന്നു. സൈറണിന്റെ ഫ്രീക്വൻസിയിൽ മാറ്റം വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-55 സീറോ വേസ്റ്റ് പദ്ധതി - പ്രവർത്തനം നിലച്ചു - പ്രവർത്തനമില്ലാതിരുന്ന കാലയളവിലേക്കും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചു

2017 ഒക്ടോബർ മുതൽ മാവേലിക്കര നഗരസഭയിൽ സീറോ വേസ്റ്റ് പദ്ധതി നടന്നു വരുന്നു. പ്രോജക്ടിന്റെ നിർവഹണ ഏജൻസി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനായിരുന്നു (എസ്.ഇ.യു.എഫ്). ഈ പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മ സേന രൂപീകരിക്കുകയും പരിശീലനം ലഭിച്ച ഹരിതകർമ സേനാംഗങ്ങൾ വീടുകളിൽ നിന്നും പ്ലാസ്റ്ററിക് മാലിന്യം ശേഖരിക്കുകയും തരംതിരിക്കുകയും പദ്ധതിയുടെ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു.

ഹരിത കർമ്മ സേനയുടെ പ്രവർത്തനം

01.11.17 ൽ ഹരിത കർമ്മ സേന രൂപീകരിച്ചു. സേനാംഗങ്ങളായി 10 പേരെ തിരഞ്ഞെടുത്തിരുന്നുവെങ്കിലും നിലവിൽ 5 പേര് മാത്രമാണുള്ളത്. 24.08.17 ലെ കൗൺസിൽ തീരുമാന പ്രകാരം പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് വീടുകൾക്ക് 30/- രൂപ നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലും തുക ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ വീടുകളുടെ മാത്രമാണ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇതേ വരെ നടത്തിയിട്ടില്ല. രജിസ്ട്രേഷൻ സംബന്ധിച്ചുള്ള രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. സേനാംഗങ്ങളുടെ ഹാജർ പുസ്തകം സൂക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

രസീതിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല

യൂസർ ഫീസ് ശേഖരിക്കുന്നതിനായി ഹരിത കർമ്മ സേനാംഗങ്ങൾക്ക് രസീത് ബുക്കുകൾ നൽകുന്നുണ്ടെങ്കിലും അതിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല. നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന രസീത് ബുക്ക് മാത്രമാണ് ഹാജരാക്കിയത്. കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയിരുന്നില്ല. ഉപയോഗിച്ച ശേഷം രസീത് ബുക്കുകൾ തിരികെ നഗരസഭാ ഹെൽത്ത് വിഭാഗത്തിൽ ഏൽപ്പിക്കുന്നുവെന്നാണ് സേനയിലെ ഒരു അംഗം അറിയിച്ചത്. സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണ്. അത്തരം അപാകതകൾ പണാപഹരണത്തിന് ഇടയാക്കുന്നതാണ്.

യൂസർ ഫീസ് കൃത്യമായി ശേഖരിച്ചിട്ടില്ല

28 വാർഡിനായി 10 പേരെ മാത്രമാണ് ഹരിതകർമ്മസേനാംഗങ്ങളായി തിരഞ്ഞെടുത്തതെങ്കിലും 5 പേർ മാത്രമാണ് നിലവിൽ ഉണ്ടായിരുന്നത്. ഒരു വാർഡിന് രണ്ട് പേർ എന്ന രീതിയിൽ പ്രവർത്തിച്ചാൽ പോലും കൃത്യമായി പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യാൻ കഴിയില്ല എന്ന അവസ്ഥയിൽ 28 വാർഡിന് 5 പേർ എന്ന രീതിയിൽ സേനാംഗങ്ങളെ നിശ്ചയിച്ചത് വിചിത്രം തന്നെ. ഇത് ആസൂത്രണത്തിലെ അപാകത പ്രകടമാക്കുന്നു.

രസീത് പ്രകാരമുള്ള പിരിവ് തുകകൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും രജിസ്റ്റർ ഉപരി പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ഇതും പണാപഹരണത്തിന് ഇടയാക്കുന്നതാണ്. കൃത്യമായ മേൽപരിശോധന ഉണ്ടായിട്ടില്ല. ആകെ എത്ര വീടുകളുടെ രജിസ്ട്രേഷൻ നടന്നു എന്നതിന്റെ രേഖകൾ ഹാജരാക്കിയിരുന്നില്ല. പ്ലാസ്റ്റിക് മാലിന്യത്തിന്റെ വലിയ സ്രോതസ്സായ കടകളും ഓഫീസുകളും രജിസ്റ്റർ ചെയ്തിട്ടില്ല. സീറോ വേസ്റ്റ് മാനേജ്മെന്റ് എന്ന പ്രോജക്ട് ലക്ഷ്യം അട്ടിമറിക്കുന്നതാണ് ഈ ഒഴിവാക്കൽ. മുഴുവൻ സ്ഥാപനങ്ങളും വീടുകളും ഉൾപ്പെടുത്താൻ കഴിഞ്ഞാൽ തന്നെ പ്രോജക്ട്

സ്വയംപര്യാപ്തത നേടും.

വയബിലിറ്റി ഗ്യാപ് ഫണ്ട്

ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി 2017-18 മുതൽ നാളിതുവരെ വികസന ഫണ്ടിൽ നിന്നും 944900/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും യൂസർ ഫീസ് കൃത്യമായി പിരിച്ചെടുക്കാത്തത് കാരണം ഇതേ വരെ ഹരിതകർമ്മ സേന സ്വയംപര്യാപ്തമായിട്ടില്ല. ചെലവിനൊപ്പം വരവില്ലാത്തതാണ് പ്രോജക്ടിന്റെ പ്രതിസന്ധി.

താഴെ പറയും പ്രകാരമുള്ള തുകകൾ 2019-20, 2020-21 വർഷങ്ങളിലായി വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി പിൻവലിച്ചിട്ടുണ്ട്,

| പ്രോജക്റ്റ് നം. | തുക, ഫണ്ട് | നിർവ്വഹണോദ്യോഗസ്ഥരുടെ വിവരം | |
|---|---|---|---|
| 167/19-20 | 200000, FCA | പ്രോജക്റ്റ് ഓഫീസർ | ബിൽ നം.17/14.06.19 |
| 309/20-21 | 270000, FCA | സെക്രട്ടറി | ബിൽ നം.136/20.03.21 |

മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.(മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ളത്)

ചെലവിന്റെ വിവരം

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 10/06.01.2018 | 300000 |
| 2 | 36/24.02.2018 | 70000 |
| 3 | 59/24.03.2018 | 42000 |
| 4 | ബിൽ നം.വ്യക്തമല്ല | 42000 |
| 5 | ബിൽ നം.വ്യക്തമല്ല | 20900 |
| ആകെ | | 474900 |

സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ അക്കൗണ്ടിലാണ് ഈ തുകകൾ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. നിലവിൽ (06.12.21) 164242/- രൂപ ഈ അക്കൗണ്ടിലുണ്ട്.

അനർഹമായ കാലയളവിലേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചു.

2020-21 ൽ വി.ജി.എഫ് നായി പിൻവലിച്ച 270000/- രൂപയിൽ 129566/-രൂപ 2021 ഫെബ്രുവരി, മാർച്ച്, എപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വേതനമായി ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിരുന്നു. ബാലൻസ് 140434/- രൂപ ഈ അക്കൗണ്ടിൽ ബാലൻസുണ്ട്.

ഈ അക്കൗണ്ട് എച്ച്.എസിന്റേയും എസ്.ഇ.യു.എഫ് ജെ.ഡി യുടേയും പേരിലാണ്. പ്രോജക്ടിൽ പിരിക്കുന്ന രജിസ്ട്രേഷൻ ഫീസും യൂസർഫീസും നിക്ഷേപിക്കുന്നത് ഈ അക്കൗണ്ടിലാണ്. എന്നാൽ 4/20 മുതൽ 18.12.20 വരെയും(9 മാസം), 4/21 മുതൽ 10/21(7 മാസം) വരെയും യാതൊരു തുകയും ഈ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. എന്നാൽ പ്രവർത്തിക്കാത്ത കാലയളവിലും ഓണറേറിയം അനുവദിച്ചു.

| മാസം | അനുവദിച്ച തുക |
|---|---|
| മെയ് 2020 | 29421 |
| ജൂൺ | 25600 |

| | |
|---|---|
| ജൂലൈ | 25552 |
| ഓഗസ്റ്റ് | 28060 |
| സെപ്റ്റംബർ | 23400 |
| ഒക്ടോബർ | 27284 |
| നവംബർ 2020 | 28400 |
| 2021 ഫെബ്രുവരി | 23144 |
| മാർച്ച് | 24776 |
| എപ്രിൽ | 25344 |
| മെയ് | 29600 |
| ജൂൺ | 26702 |

അക്കൗണ്ടിൽ ക്യാഷ് ഇല്ലാതിരുന്നതിനാൽ പദ്ധതി തയ്യാറാക്കി തുക പിൻവലിച്ച് 2021 ഫെബ്രുവരി, മാർച്ച്, എപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ഓണറേറിയം അനുവദിച്ചു. മാലിന്യ നീക്കം നടത്താതെ തന്നെ, വികസന ഫണ്ട് പിൻവലിച്ച് ഓണറേറിയം അനുവദിച്ചു. 02.07.21 ലെ ജി.ഒ(ആർ.റ്റി)നം. 1250/2021/LSGD നം ഉത്തരവ് പ്രകാരം കോവിഡ് മഹാമാരിക്കാലത്ത് സജീവമായി പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാംഗങ്ങൾക്ക് മാർച്ച്, ഏപ്രിൽ, മെയ് തുടങ്ങിയ 3 മാസങ്ങളിലെ പ്രവർത്തനങ്ങൾക്ക് അവരുടെ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ യൂസർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക, പാഴ് വസ്തുക്കൾ വിറ്റ് കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ഹരിതകർമസേനക്ക് ലഭിക്കേണ്ടുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും, പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിക്കേണ്ടത്. എന്നാൽ ഇവിടെ പൂർണ്ണമായും വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചാണ് വേതനം അനുവദിച്ചത്. ഈ ഉത്തരവിൽ തന്നെ യൂസർഫീ ശേഖരണം കാര്യക്ഷമമായി നടത്തുന്നതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ വരുമാന കുറവ് നികത്താൻ വയബിലിറ്റിഗ്യാപ് ഫണ്ട് തുക ഉപയോഗിക്കുന്നത് അനുവദനീയമല്ല എന്നും വ്യക്തമാക്കിയിരുന്നു. ഇത് പരിഗണിക്കാതെ യാതൊരു പ്രവർത്തനവും നടത്താത്ത ഹരിത കർമസേനാംഗങ്ങൾക്ക് വേതനം പൂർണ്ണമായും വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നും അനുവദിച്ചു.

നിലവിൽ സംസ്ഥാനത്ത് ഹരിതകേരളം പദ്ധതിയിലൂടെയാണ് മാലിന്യ സംസ്കരണം നടപ്പിലാക്കേണ്ടത് എന്നതിനാൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ 2019 എപ്രിൽ മാസം തന്നെ ഇതിൽ നിന്നും ഒഴിവായിട്ടുള്ളതാണ്. എന്നാൽ തുടർന്നും ഈ അക്കൗണ്ട് ഇങ്ങനെ തന്നെ നിലനിൽക്കുന്നു.

കൺസോർഷ്യം രൂപീകരിച്ചിട്ടില്ല

14.06.21 ലെ കൗൺസിൽ തീരുമാന പ്രകാരം കൺസോർഷ്യം രൂപീകരിക്കുന്നതിനായി 28 അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനും ഗ്രൂപ്പിന്റെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ഐ.സി.ഐ.സി.ഐ ബാങ്കിൽ ആരംഭിക്കുന്നതിനും തീരുമാനമെടുത്തെങ്കിലും തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ യഥാസമയം സംസ്കരിക്കാതെ കൂട്ടിയിട്ടിരിക്കുന്നു - സംസ്കരിച്ച പ്ലാസ്റ്റി ക്കുകൾ സ്റ്റോക്കിലെടുക്കുന്നി ല്ല.

ശേഖരിക്കുന്ന പ്ലാസ്റ്റിക് സംസ്കരിക്കാത്തതാണ് പ്രതിസന്ധിക്ക് മറ്റൊരു കാരണം.



പ്ലാസ്റ്റിക് ശേഖരിക്കാത്ത ദിവസമാണ് സംസ്കരണം. ഇതിന്റെ അളവാകട്ടെ വളരെ പരിമിതവും. പ്രതിദിനം 1000 കിലോ പ്ലാസ്റ്റിക് സംസ്കരിക്കാൻ എം.ആർ.എഫിന് ശേഷിയുണ്ട്. സ്ഥാപിത ശേഷിയുടെ വളരെ കുറഞ്ഞ അളവിലാണ് സംസ്കരണം.

ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ സ്റ്റോക്ക് സംബന്ധിച്ച് യാതൊരു കണക്കും നഗരസഭ സൂക്ഷിക്കുന്നില്ല. വിൽക്കുന്ന പ്ലാസ്റ്റിക്കിന്റെ വിവരം രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ അപൂർണ്ണം. സ്ക്രാപ്പ് ലേലം ഉൾപ്പെടെയുള്ളവയുടെ വരവും ഈ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. ചിലതിൽ എത്ര കിലോയാണ് വിറ്റത് എന്നതും ഏത് തദ്ദേശസ്വയംഭരണ സ്ഥാപനം/കരാറുകാരനാണ് സംസ്കരിച്ച പ്ലാസ്റ്റിക് നൽകിയത് എന്നതിന്റേയും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഈ രജിസ്റ്ററിലും മേൽ പരിശോധനകൾ നടക്കുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം.42/20-21/24.01.22) മറുപടിയായി 2019-20, 2020-21, 2021-22 വർഷങ്ങളിലായി യഥാക്രമം 42683, 79982, 56541 രൂപ ഈ ഇനത്തിൽ വരവ് വന്നിട്ടുണ്ടെന്ന് മറുപടി നൽകിയിരുന്നു. എന്നാൽ രജിസ്റ്ററിൽ തുക കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാത്തത് കാരണം വരവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പാസ് ബുക്ക് പ്രകാരം തുകകൾ മാത്രമാണ് വരവ് വന്നിട്ടുള്ളത്.

പ്ലാസ്റ്റിക്ക് ചേർത്ത ടാർ നഗരസഭ റോഡ് പണിക്ക് ഉപയോഗിക്കുന്നതിന്റെ രേഖകളും ലഭ്യമല്ല.

സംസ്കരിച്ച പ്ലാസ്റ്റിക്കുകൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

നഗരസഭാ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ലോട്ടർ ഹൗസ് കെട്ടിടം നിൽക്കുന്ന പ്രദേശത്ത് ഷ്രഡഡ് പ്ലാസ്റ്റിക്കുകൾ ഉപേക്ഷിച്ചതായി കാണാൻ കഴിഞ്ഞു. ഷ്രഡഡ് പ്ലാസ്റ്റിക്കുകൾ ഉപേക്ഷിക്കുവാനുണ്ടായ കാരണം വ്യക്തമല്ല.



ഓഡിറ്റ് അന്വേഷണത്തിന് ഇപ്രകാരമാണ് മറുപടി നൽകിയത്. "നിലവിൽ എം.ആർ.എഫ് യൂണിറ്റിൽ സ്ഥലപരിമിതി ഉള്ളത്കൊണ്ട് ഷ്രഡ് ചെയ്ത പ്ലാസ്റ്റിക്കുകൾ താത്കാലികമായി സ്ലോട്ടർ ഹൗസ് കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതും ആവശ്യാനുസരണം ടി പ്ലാസ്റ്റിക്കുകൾ ടി സ്ഥലത്ത് നിന്നും വിതരണം ചെയ്ത് പോകുകയുമാണ്". കവർ പൊട്ടി മറ്റ് മാലിന്യങ്ങളോടൊപ്പം ചിതറിക്കിടക്കുന്ന ഷ്രഡഡ് പ്ലാസ്റ്റിക്കുകൾ എപ്രകാരമാണ് വിതരണം ചെയ്യുവാൻ സാധ്യമാവുക. ഈ വിഷയത്തിൻ മേൽ യാതൊരു ധാരണയുമില്ലാതെ യാണ് മറുപടി നൽകിയത് എന്ന് വ്യക്തം.

ഹരിത കർമ്മസേനയുമായി ബന്ധപ്പെട്ട യൂസർ ഫീസ് കളക്ഷൻ, സംസ്കരിച്ച പ്ലാസ്റ്റിക്കിന്റെ സ്റ്റോക്ക്, വിൽപന എന്നിവ സംബന്ധിച്ച് വിശദമായ പരിശോധന അനിവാര്യം. മുകളിൽ വിവരിച്ചതിൽ നിന്നും കൃത്യമായ ആസൂത്രണത്തിന്റേയും മാനേജ്മെന്റിന്റേയും അഭാവമാണ് പ്രോജക്ടിനെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. സീറോ വേസ്റ്റ് പദ്ധതിയിലെ പ്രതിസന്ധി ലക്ഷങ്ങൾ മുടക്കിയ എം.ആർ.എഫിനേയും ബാധിക്കും. 2016-17 ലും 2017-18 ലും 2300967/-രൂപ മുടക്കിയാണ് എം.ആർ.എഫിന് കെട്ടിടവും പ്ലാന്റും ഒരുക്കിയത്.

നിലവിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഹരിത കേരളം പദ്ധതിയിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിത കേരളം പദ്ധതിയുടെ നിർദ്ദേശാനുസരണം കൺസോർഷ്യം ആരംഭിച്ച് ഉടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-56 തെരുവ് വിളക്ക് ഉപകരണങ്ങൾ - സ്റ്റോക്ക് വിതരണത്തിൽ അപാകത – തുക

തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - 185/21 (സ്പിൽ ഓവർ)

അടങ്കൽ - 10,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്

ബിൽ നം.10/15.5.20 - 137291/-

ബിൽ നം.11/15.5.20 -430481/-

ബിൽ നം.12/15.5.20 -214689/-

ബിൽ നം.111/16.11.20 -17539/-

ബിൽ നം.112/16.11.20 -169841/-

നിർവ്വഹണം - സെക്രട്ടറി

തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങലിനായുള്ള പ്രോജക്റ്റിലുൾപ്പെടുത്തി 969841/- രൂപയുടെ ഉപകരണങ്ങൾ ജെ.ആർ.കെ. ഇലക്ട്രിക്കൽസെന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇലക്ട്രിക്കൽ സ്റ്റോക്ക് രജിസ്റ്ററിലെ 78 മുതൽ 80 വരെയുള്ള പേജുകളിലായി, ലഭിച്ച ഉപകരണങ്ങളുടെ സ്റ്റോക്കും വിതരണവും രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷത്തേയ്ക്ക് തെരുവ് വിളക്ക് ഉപകരണങ്ങൾക്കായി പുതിയ സ്റ്റോക്ക് രജിസ്റ്ററാണ് ഉപയോഗിച്ചിട്ടുള്ളത്. ഇവ പരിശോധിച്ചതിൽ 2020-21 നീക്കിയിരുപ്പുണ്ടായിരുന്ന പല ഉപകരണങ്ങളും 2021-22 ലെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു.
ആകെ വാങ്ങിയ ഉപകരണങ്ങളിൽ ചുവടെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇൻവോയ്സ് നമ്പർ A1363/24.8.20 പ്രകാരം വാങ്ങിയ 2039/- രൂപയുടെയും ഇൻവോയ്സ് നമ്പർ A1179/10.8.20 പ്രകാരം വാങ്ങിയ 17605/- രൂപയുടെയും ഇൻവോയ്സ് നമ്പർ A372/8.9.20 പ്രകാരം വാങ്ങിയ 35001/- രൂപയുടെയും ഇൻവോയ്സ് നമ്പർ A1528/24.8.20 പ്രകാരം വാങ്ങിയ 2039/- രൂപയുടെയും ഇൻവോയ്സ് നമ്പർ A3271/28.2.20 പ്രകാരം വാങ്ങിയ 114251/- രൂപയുടെയും ഉപകരണങ്ങളിൽ ഒരു ഉപകരണം പോലും 2020-21 ഉപയോഗിയ്ക്കുകയോ 2021-22 ലെ സ്റ്റോക്കിലേക്ക് മാറ്റി അവ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉപകരണങ്ങളുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 170935/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം - 58/27.1.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1-57 എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിയ്ക്കൽ - ലൈറ്റുകൾ സ്ഥാപിച്ചതിനെ സാധൂകരിയ്ക്കുന്ന രേഖകളില്ല –തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - S0045/21

അടങ്കൽ - 45,54,025/- [4053400 (വികസനഫണ്ട് സാധാരണവിഹിതം) + 500625 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ]

ചെലവ് -

ബിൽ നമ്പർ - 107/12.11.2020 – 4053400/-

ബിൽ നമ്പർ - 108/12.11.2020 – 1943277/-

നിർവ്വഹണം - സെക്രട്ടറി

മാവേലിക്കര നഗരസഭാ പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ലൈറ്റ് ആക്കുന്നതിനു വേണ്ടിയുള്ള പ്രോജക്റ്റിലുൾപ്പെടുത്തി 45/50 W എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം (ആട്ടോമാറ്റിക് ടൈപ്പ്, 2 വർഷ വാറന്റി) സ്ഥാപിയ്ക്കുന്നതിനുള്ള (വർക്ക് ഓർഡർ നമ്പർ - E1- 5784/2020 തീയതി 6.8.20) പ്രോജക്റ്റിലുൾപ്പെടുത്തി 1576 എൽ.ഇ.ഡി. ലൈറ്റുകൾ യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്ന് 5996677/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത് ഉറപ്പാക്കാതെ തുക നൽകി

നഗരസഭയും യുണൈറ്റഡ് ഇൻഡസ്ട്രീസുമായി ഏർപ്പെട്ട കരാറിലെ 7-ാം നമ്പർ നിബന്ധന (എഗ്രിമെന്റ് നമ്പർ, തീയതി രേഖപ്പെടുത്താത്ത) പ്രകാരം 90% തുക സാധനം സപ്ലൈ ചെയ്യുമ്പോഴും ബാക്കി തുക ഇൻസ്റ്റലേഷന് ശേഷവുമാണ് നൽകേണ്ടത്. എന്നാൽ 1576 ലൈറ്റുകളുടേയും വിലയായ 5996677/- രൂപയും സാധനം സപ്ലൈ ചെയ്തപ്പോൾതന്നെ നൽകുകയാണുണ്ടായത്. ഓരോ വാർഡിലേയും എത്ര ലൈറ്റുകൾ ഏതെല്ലാം പോസ്റ്റുകളിൽ ഏത് തീയതിയിൽ മാറ്റിയാണ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് പുതിയ ലൈറ്റ് സ്ഥാപിച്ചതെന്നതിനെ സാധൂകരിക്കുന്നതിനായി

വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രവും പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് 10% തുകയായ 599667.7/- രൂപ നൽകിയത്. കൂടാതെ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ സൂപ്പർവിഷൻ ചാർജ്ജായി 58820/- രൂപ 13.12.21 ലെ 150514 ചെക്ക് പ്രകാരമാണ് നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ 48/24.1.22 നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലൈറ്റുകളുടെ സപ്ലൈയും ഇൻസ്റ്റലേഷനും 11.11.20 ന് പൂർത്തിയായ ശേഷമാണ് തുക നൽകിയെന്നുമാണ്. ഈ മറുപടിയിൽ തന്നെ ലൈറ്റ് സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും വാർഡ് മെമ്പർമാരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നുമാണ്. ഈ രണ്ട് രേഖകളുമില്ലാതെ ലൈറ്റുകളുടെ സ്ഥാപനം എപ്രകാരമാണ് ഉറപ്പാക്കി തുക പൂർണ്ണമായും നൽകിയെന്നത് വ്യക്തമല്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 5996677/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-58 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ - പ്രവർത്തിയ്ക്കുന്നില്ല – റിവോൾവിങ് ഫണ്ട് തിരികെ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ - S074/21

അടങ്കൽ - 400000/- [400000(വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് -

ബിൽ നമ്പർ -137/14.3.21- 274001/- - ഫർണിച്ചർ

ബിൽ നമ്പർ -146/31.3.21– 30000/- - റിവോൾവിങ് ഫണ്ട്

ബിൽ നമ്പർ -147/ 31.3.21 – 14348/- പ്ലംബിംഗ്

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി അംഗീകരിച്ച കൊണ്ടുള്ള സ.ഉ.(കൈ)45/20 ത.സ്വ.ഭ.വ. തീയതി 6.3.20 നമ്പർ മാർഗ്ഗരേഖയിലെ ഖണ്ഡിക 1-7 ൽ അനുവദിക്കും പ്രകാരം ജനകീയ ഹോട്ടലിന് 30000/- രൂപ റിവോൾവിങ് ഫണ്ട് നൽകിയിട്ടുണ്ട്. ഫർണിച്ചറുകളുടെ സ്റ്റോക്ക്, വിതരണ രേഖകളും ഗ്രൂപ്പിന്റെ പാസ്സ് ബുക്കും റിവോൾവിംഗ് ഫണ്ടായി നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാനും റിവോൾവിംഗ് ഫണ്ട് നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീ ഗ്രൂപ്പുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ്, റിവോൾവിംഗ് ഫണ്ട് തിരിച്ചടവിനായി ആരംഭിച്ച റിവോൾവിംഗ് ഫണ്ട് റീക്കുപ്പ്മെന്റ് ബാങ്ക് അക്കൌണ്ടിന്റെ പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 29/21.1.21 ന് ലഭ്യമാക്കിയ മറുപടിയിൽ റിവോൾവിംഗ് ഫണ്ട് എത്രയും വേഗം തിരിച്ചടയ്ക്കുമെന്നും ജനകീയ ഹോട്ടൽ ഇപ്പോൾ പ്രവർത്തിയ്ക്കുന്നില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. സ.ഉ.(കൈ) 22/2018 /ത.സ്വ.ഭ.വ. തീയതി 14.2.18 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ 6-4-21-2 പ്രകാരം റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല മറിച്ച് താൽക്കാലികമായ പലിശരഹിത പ്രോത്സാഹനം മാത്രമാണ്. ഇത് തവണകളായി തിരിച്ചടയ്ക്കേണ്ടതു മാണ്. റിവോൾവിംഗ് ഫണ്ടായി നൽകിയ തുക തിരികെ ഈടാക്കേണ്ടതും അതുവരെ 30000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജനകീയ ഹോട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-59 ആശ്രയപദ്ധതി -വിനിയോഗവിവരം ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - S004/21

അടങ്കൽ - 300000/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ്

ബിൽ നം - 16/8.6.20 – 300000/-

നിർവ്വഹണം - സെക്രട്ടറി

ആശ്രയപദ്ധതിയ്ക്കായി സി.ഡി.എസ്. അക്കൌണ്ടിലേയ്ക്ക് നൽകിയ 300000/- രൂപയുടെ ചെലവ് രേഖകളും തുക ചെലവഴിയ്ക്കാതെ സി.ഡി.എസ്. അക്കൌണ്ടിൽ സൂക്ഷിക്കുകയാണെങ്കിൽ ആയതിനുള്ള കാരണവും വിശദമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 22/27.1.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-60 ഗ്യാസ് ക്രിമറ്റോറിയം-പ്രവർത്തനം നിലച്ചിട്ട് നാളുകളേറെ

നഗരസഭയുടെ പൊതു ശ്മശാനത്തിന്റെ ഭാഗമായ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം 14.02.2018 ൽ നിലച്ചിരുന്നു. അറ്റകുറ്റപ്പണി നടത്തി നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. 03.03.2009 ൽ ആരംഭിച്ച പൊതു ശ്മശാനത്തിന്

പലപ്പോഴായി നിരവധി തവണ കേടുപാടുകൾ സംഭവിക്കുകയും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുള്ളതുമാണ്. ഗ്യാസ് ക്രിമറ്റോറിയത്തിന്റെ ചിമ്മിനി, മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ കേടുപാടുകൾ കാരണമാണ് പ്രവർത്തനം നിർത്തിവച്ചത് എന്നാണ് ഫയലിൽ നിന്ന് ലഭ്യമായ വിവരം. ഇതുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തികവർഷത്തെ റിപ്പോർട്ടിൽ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ അറ്റകുറ്റപ്പണി അടിയന്തിരമായി നടപ്പാക്കുവാൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണെന്ന് പരാമർശിച്ചിട്ടുള്ളതുമാണ്. നഗരസഭാ കൗൺസിലിന്റെ 27.05.16 - ൽ 12-ാം നമ്പർ തീരുമാനത്തിലൂടെ അംഗീകരിച്ച ബൈലോ, സർക്കാർ അംഗീകാരത്തിന് അയച്ച നല്കുന്നതിനായി ആരോഗ്യ വിഭാഗം മേധാവി, ജനറൽ സൂപ്രണ്ട്, എച്ച്.ഐ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത ബൈലോ അയക്കുകയോ അംഗീകാരം ലഭിക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-15/11.01.2022) മറുപടി ലഭ്യമാക്കിയില്ല. ജനോപകാരപ്രദമാകേണ്ട പ്രസ്തുത പദ്ധതി ഇപ്പോഴും പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയിൽ തന്നെയാണെന്ന് ഭൌതികപരിശോധനയിൽ ബോധ്യപ്പെട്ടു. ഗ്യാസ് ക്രിമറ്റോറിയത്തിന്റെ അറ്റകുറ്റപ്പണി അടിയന്തിരമായി നടപ്പാക്കുവാൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-61 പൊതുമരാമത്ത് പ്രവൃത്തികൾ - ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ വില കുറവ് ചെയ്തിട്ടില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ എം. ബുക്കിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| പ്രോജക്റ്റ് | എം. ബുക്ക് നം./ മൂല്യനിർണ്ണയം നടത്തിയ കാലയളവ് | ഉപയോഗിച്ച ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ അളവ് | കരാറുകാരന്റെ പേര് | ആകെ മൂല്യം |
|---|---|---|---|---|
| കാട്ടിൽ റോഡ് റീടാറിംഗ് | 71/20-21 (02.11.20-19.01.21) | 106.78kg | ഗോപിനാഥൻ പിള്ള | 290958 (ബിൽ നം.62/27.01.21) |
| റയിൽവേ ഓവർബ്രിഡ്ജ് റോഡ് റീടാറിംഗ് | 51/19-20 (04.05.20 – 20.05.20) | 168.9kg | അരുൺ സോമൻ | 484231 (ബിൽ നം. 40/27.05.20) |

എന്നാൽ ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഷ്രഡഡ് പ്ലാസ്റ്റിക് വിൽക്കുന്നതുമായി ബന്ധപ്പെട്ട ഹരിതകർമ്മസേനയുടെ രജിസ്റ്ററും അപൂർണ്ണമാണ്. നിലവിൽ 21/- രൂപ നിരക്കിലാണ് ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ വില.

| പ്രോജക്റ്റ് | ഉപയോഗിച്ച ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ അളവ് | തുക |
|---|---|---|
| കാട്ടിൽ റോഡ് റീടാറിംഗ് | 106.78kg | 2242 |
| റയിൽവേ ഓവർബ്രിഡ്ജ് റോഡ് റീടാറിംഗ് | 168.9kg | 3547 |
| ആകെ | | 5789 |

ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ വിലയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 5789/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുക.

## 1-62 വിവിധ ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പയുടെ വിലയോടൊപ്പം ജി.എസ്.റ്റി കൃത്യമായി ഈടാക്കിയിട്ടില്ല

തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി ചില പ്രവൃത്തികളിൽ 281/- രൂപയും മറ്റ് ചിലതിൽ 268/-രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. 18% നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ടിയിരുന്നത് 238+18%= 281/- രൂപയായിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു. ടാർ വീപ്പയുടെ വിലയോടൊപ്പം 18% ജി.എസ്സ്.ടി

കൂടി ഉൾപ്പെടുത്തി വീപ്പയൊന്നിന് 281/- രൂപ നിരക്കിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതിന് പകരം 268 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

| പ്രോജക്റ്റിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ്, ഈടാക്കിയ തുക | ഈടാക്കേണ്ട തുക@281 (18% ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|
| റയിൽവേ ഓവർബ്രിഡ്ജ് റോഡ് റീടാറിംഗ് | 23@268=6164 | 6463 |
| മേലോട്ടിൽ കാവുള്ളതിൽ റോഡ് റീടാറിംഗ് | 9@268=2412 | 2529 |
| പടീതോട് റയിൽവേ സ്റ്റേഷൻ റോഡ് | 12@268=3216 | 3372 |
| തോക്കുപുരയിൽ ശ്രീരംഗം റോഡ് റീടാറിംഗ് | 6@268=1608 | 1686 |
| നെല്ലിത്തര റോഡ് റീടാറിംഗ് | 11@268=2948 | 3091 |
| പൊന്നാരംതോട്ടം ആതുരാശ്രമം റോഡ് റീടാറിംഗ് | 9@268=2412 | 2529 |
| കാട്ടുവള്ളിൽ കാളചന്ത റോഡ് റീടാറിംഗ് | 30@268=8040 | 8430 |
| | 26800 | 28100 |

മേൽ സൂചിപ്പിച്ചവിധം കാലിവീപ്പയുടെ വില ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.45/24.01.22) മറുപടി ലഭ്യമാക്കിയില്ല.

## 1-63 പാലിയേറ്റീവ് കെയർ പ്രോജക്ട് - നടപ്പാക്കിയതിലെ ന്യൂനതകൾ

1)മരുന്നുകളും ഉപകരണങ്ങളും ലഭിക്കുന്നതിൽ കാലതാമസം

2020-21 വർഷം നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ട്(S0033/2021) പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് മുൻകൂറായി തുക ചെലവഴിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | തുക | ഇനം | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് | 203054 | ഫിസിയോ തെറാപ്പി ഉപകരണങ്ങൾ | 384009 (ഗ്രോസ് തുക/- (ബിൽ നം.7/06.07.2020) |
| | 39120 | സപ്പോർട്ടിംഗ് എക്യുപ്മെന്റസ് | |
| | 60000 | മോഡേൺ മെഡിസിൻസ് | |
| ആകെ | 302174 | | |

എന്നാൽ മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക 302174/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (25/20.01.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കിടപ്പുരോഗികൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം ചേരുന്നില്ല

സ. ഉ(സാധാ) നം.553/2019/തസ്വഭവ/തീയതി 7.3.2019 പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖ ഖ-2.9.1 പ്രകാരം രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ പി.എം.സി യോഗം ചേരേണ്ടതാണ്. എന്നാൽ 18.11.2019, 12.3.2020 തീയതികളിൽ മാത്രമാണ് പി.എം.സി യോഗം ചേർന്നിട്ടുള്ളത്. പുതിയ ഭരണ സമിതി നിലവിൽ വന്നതിന് ശേഷം പുതിയ കമ്മറ്റി രൂപീകരിച്ചിട്ടില്ല. അടിയന്തിരമായി പി.എം.സി രൂപീകരിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ യോഗം

ചേരേണ്ടതുമാണ്.

## 1-64 കക്കൂസ് മെയിന്റനൻസ് - സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിനായി 40 ലക്ഷം രൂപ ചെലവഴിച്ചു

നിർവ്വഹണം - പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണ വിഭാഗം

2020-21 സാമ്പത്തിക വർഷം കക്കൂസ് പുനഃരുദ്ധാരണം എന്ന പദ്ധതിയ്ക്കായി താഴെ പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് | അടങ്കൽ, ഫണ്ട് | ചെലവ് തുക |
|---|---|---|---|
| 2020-21 | (എസ്.സി), 220/20-21, (സ്പിൽ ഓവർ) | 96000,Plan-scp | 96000 |
| | (എസ്.സി), 163/20-21 | 840000,Plan-scp | 435000<br>29@15000=435000 |
| | (ജനറൽ),37/20-21 | 4275000,FCA | 3629000<br>241@15000=3615000<br>1@14000=14000 |

15000 രൂപ നിരക്കിലാണ് കക്കൂസ് പുനരുദ്ധാരണത്തിന് സബ്സിഡി അനുവദിച്ചിരുന്നത്. തദ്ദേശസ്ഥാപന ങ്ങളുടെ വാർഷികപദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച സ.ഉ.(കൈ) 22/18/ത.സ്വ.ഭ.വ തീയതി 14.2.18 നമ്പർ ഉത്തരവിലെ പൊതുനിബന്ധനകളിലെ ഖണ്ഡിക 2-1 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇതിൻ പ്രകാരം കക്കൂസ് മെയിന്റനൻസിന് ആനുകൂല്യം നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖയിൽ അനുമതി നൽകിയിട്ടില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഒരിനത്തിനായി പ്രോജക്ട് ആവിഷ്കരിച്ച് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (54/20-21/25.01.22) മറുപടിയായി, 07.11.18, 30.09.19 തീയതികളിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചതെന്നാണ് മറുപടി നൽകിയത്.

2018-ലെ പ്രളയത്തെ തുടർന്ന് നഗരപ്രദേശങ്ങളിൽ ഉപയോഗശൂന്യമായ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് നഗരസഭാ എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനും 6667/- രൂപ സ്വച്ച് ഭാരത് മിഷൻ (അർബൻ) വിഹിതത്തിൽ നിന്നും ബാക്കി തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും (15%) ചെലവഴിക്കുന്നതിന് 07.11.18 ലെ സ.ഉ(സാധാ) നം.2851/2018/ തസ്വഭവ നം. ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. ഇത് കൂടാതെ 2019 ഓഗസ്റ്റ് മാസത്തിലും സംസ്ഥാനത്ത് പ്രളയം ഉണ്ടായതിനെ തുടർന്ന്, 30.09.19 ലെ ജി.ഒ(ആർ.റ്റി)നം.2128/2019/ത.സ്വ.ഭ.വ നം. ഉത്തരവ് പ്രകാരം, 2019 ലെ പ്രളയത്തെ തുടർന്ന് ഉപയോഗശൂന്യമായ ശൗചാലയങ്ങൾ പുനർനിർമിക്കുന്നതിനുള്ള അനുമതി 2019 വർഷവും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2018, 2019 എന്നീ വർഷങ്ങളിലേക്കായിരുന്നു ഈ ഉത്തരവ് ബാധകം. തുടർന്ന് ഇത്തരത്തിൽ ഉത്തരവുകൾ ബാധകമാക്കിയിട്ടില്ല. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2020-21 വർഷവും ഇതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് തുക ചെലവഴിച്ചു. തന്നെയുമല്ല നഗരസഭാ എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനായിരുന്നു നിർദ്ദേശം. എന്നാൽ ഫയലുകളോടൊപ്പമുള്ള എസ്റ്റിമേറ്റിൽ ആരുടേയും സാക്ഷ്യപ്പെടുത്തൽ ഇല്ല. മൂല്യനിർണ്ണയം നടത്തിയിട്ടുമില്ല. 6667/- രൂപ സ്വച്ച് ഭാരത് മിഷൻ (അർബൻ) വിഹിതത്തിൽ നിന്നും ബാക്കി തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുവാൻ ഉത്തരവ് ഉണ്ടായിരുന്നത് എന്നിരിക്കെ പൂർണ്ണമായും പ്ലാൻ ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്. സ്വച്ച് ഭാരത് മിഷൻ (അർബൻ) അക്കൗണ്ടിൽ 31.03.21 ൽ 45,65,640/- രൂപ നീക്കിയിരുപ്പുണ്ട്. ഒരു സ്പിൽ ഓവർ പ്രോജക്ടും രണ്ട് പുതിയ പദ്ധതിയുമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതിക്കായി (2020-21 ലെ പുതിയ പദ്ധതി) ചെലവഴിച്ച 4064000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-65 എ.ബി.സി പ്രോജക്ട് - തുകയുടെ വിനിയോഗവിവരം ലഭ്യമല്ല

പ്രോജക്ട് നം - S0226/21

അടങ്കൽ - 526301/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - ബിൽ നം. - 6/13.5.20- 526301/-

നിർവ്വഹണം - സെക്രട്ടറി

തെരുവ് നായ നിയന്ത്രണത്തിന്റെ ഭാഗമായുള്ള എ.ബി.സി പ്രോജക്ടിനായി 526301/- രൂപ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും നഗരസഭാ പ്രദേശത്ത് നിന്ന് എത്ര നായ്ക്കളെ ശസ്ത്രക്രിയക്ക് വിധേയമാക്കിയെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 36/21.1.22 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗവിവരങ്ങൾ ലഭ്യമല്ലന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ലഭ്യമാക്കുന്നത് വരെ 526301/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-66 ഹോമിയോ മരുന്നുകൾ സമയ ബന്ധിതമായി ലഭിച്ചില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി തുക മുൻകൂറായി ചെലവഴിച്ചിരുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | മുൻകൂറായി നൽകിയ തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|
| ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.S0047/21) | 300000 (ബിൽ നം.4/16.1.2021) | 147342 | 152658 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. 1,52,658/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-67 രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള ഇനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഇവയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ഫയൽ നമ്പർ | വൗച്ചർ നമ്പർ | തുക | ഇനം |
|---|---|---|---|
| G3(G4)-6986/09 | 125307/19.5.2020 | 16500 | രസീതുകൾ പ്രിന്റ് ചെയ്യുന്നുള്ള ചെലവ് |
| E1-8920/18 | 1183542/20.5.2020 | 29678 | ലൈൻ എക്സ്റ്റൻഷൻ |
| R2-6842/17 | 125360/29.6.2020 | 756334 | സേവന നികുതി |
| E1-8920/18 | 1472921/19.10.20 | 12105 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന്റെ റിട്ടൻഷൻ |
| ആകെ | | 814617 | |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ ആകെ ചെലവ് തുക 814617/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-68 ട്രഷറി അക്കൗണ്ടിലെ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് -ക്രമവിരുദ്ധം

താഴെ ചേർത്തിട്ടുള്ള വൗച്ചറുകൾ പ്രകാരം ട്രഷറി തനത് ഫണ്ടിൽ നിന്ന് തുക പിൻവലിച്ച് ഐ.ഡി.ബി.ഐ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം. | വൗച്ചർ നം. | തുക |
|---|---|---|

| | | |
|---|---|---|
| A1/11505/17 | 4649525/29.4.2020 | 1450000 |
| A1/11505/17 | 4849526/5.5.2020 | 300000 |

സർക്കുലർ നം.147340/എഫ് എം/2015/തസ്വഭവ/19.3.2015 പ്രകാരം പ്രത്യേക അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിലൊഴികെ ട്രഷറിയിൽ നിന്ന് തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുവാൻ പാടുള്ളതല്ല. ഇതിന് വിരുദ്ധമായി ട്രഷറി അക്കൗണ്ടിൽ ജനറൽ പർപ്പസ് ഇനത്തിൽ ലഭിച്ച തുക സ്വകാര്യ ബാങ്കിൽ നിക്ഷേപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/17.1.2022) 2020 ഏപ്രിൽ മാസത്തെ നഗരസഭാ ജീവനക്കാരുടെ ശമ്പളം, ഓണറേറിയം, കൂടാതെ മെയ് 2020 മാസത്തെ പെൻഷൻ എന്നീ ചെലവുകൾക്കാവശ്യമായ തുക 2707560/- രൂപയാണ് എന്നും ഈ തുക നൽകുന്നത് തനത് ഫണ്ട് അക്കൗണ്ടായ ഐ.ഡി.ബി.ഐ അക്കൗണ്ടിൽ നിന്നായതിനാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ട്രഷറി അക്കൗണ്ടിൽ നിന്ന് തനത് ഫണ്ട് അക്കൗണ്ടായ ഐ.ഡി.ബി.ഐ അക്കൗണ്ടിലേക്ക് തുക മാറ്റിയത് എന്നും മറുപടി നൽകി. ട്രഷറി ഫണ്ടിൽ നിന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക നൽകണം എന്ന നിർദ്ദേശത്തെ തുടർന്ന് ബിംസ് മുഖാന്തിരമാണ് തുക നൽകി വരുന്നത് എന്നും മറുപടി നൽകി. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം തുക പിൻവലിക്കാനും ചെലവഴിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-69 അങ്കണവാടികളുടെ ഭൗതിക സാഹചര്യം നിലവിലും പരിമിതം

മാവേലിക്കര നഗരസഭയിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം നിലവിലും പരിമിതമാണ്. ജനകീയാസൂത്രണം ആരംഭിച്ച് 25 വർഷങ്ങൾ പൂർത്തീകരിച്ചിട്ടും 7 അങ്കണവാടികൾ മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ഒരു മാതൃകാ അങ്കണവാടികൾ പോലും നിലവിലില്ല.

മാവേലിക്കര നഗരസഭയുടെ പരിധിയിൽ 28 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 07 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 19 എണ്ണം വാടക കെട്ടിടത്തിലും 02 എണ്ണം സ്കൂളിലും പ്രവർത്തിക്കുന്നു. 28 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഒരു അങ്കണവാടിയിലും ലഭ്യമല്ല. 15 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 27 അങ്കണവാടികളിൽ വൈദ്യുതി സൗകര്യം ഉണ്ട്. 27 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ്. ഒരു അങ്കണവാടി ഒറ്റ മുറിയിലാണ് പ്രവർത്തിക്കുന്നത്. ഒരു അങ്കണവാടിക്ക് (സെന്റർ നം. 106) കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാണെങ്കിലും കെട്ടിടം പണിതിട്ടില്ല. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ലഭ്യമാണ്.

ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടത്തിലും അങ്കണവാടി പ്രവർത്തിക്കുന്നു

09-ാം വാർഡിൽ സ്കൂളിൽ പ്രവർത്തിക്കുന്ന 125-ാം നമ്പർ അങ്കണവാടിക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഈ അങ്കണവാടി ഈ വാർഡിൽ നിലവിൽ നിർമ്മാണം നടക്കുന്ന പകൽ വീട്ടിലേക്ക് മാറ്റാനുള്ള നടപടികൾ നടന്നു വരുന്നതായും അറിയിച്ചിട്ടുണ്ട്. പകൽവീടിനായി പണിത കെട്ടിടത്തിൽ വാട്ടർ കണക്ഷൻ, കറന്റ് കണക്ഷൻ എന്നീ സൗകര്യങ്ങൾ നിലവിലില്ല (ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ).

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 17/2018/ത.സ്വ.ഭ.വ./തിരുവനന്തപുരം/02-02-2018 ഖണ്ഡിക 7.8.2 പ്രകാരം അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും, ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകാനും പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും, സ്ഥലവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്നും നിർദ്ദേശമുള്ളതാണ്. ജനകീയാസൂത്രണം തുടങ്ങിയതിന് ശേഷം 05 പഞ്ചവത്സര പദ്ധതികൾ പിന്നിട്ട ശേഷവും അങ്കണവാടികൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിൽ നഗരസഭ ഏറെ പിന്നിലാണ്. അതു പോലെ തന്നെ അങ്കണവാടികളുടെ മേൽനോട്ടച്ചുമതല വഹിക്കുന്ന ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് ഒരു ഓഫീസ് റൂമും നഗരസഭയിൽ നിന്ന് നാളിതുവരെ അനുവദിച്ച് നൽകിയിട്ടുമില്ല. അങ്കണവാടികളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹെൽത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-70 പി.എം.എ.വൈ-ലൈഫ് പദ്ധതി അവലോകനം

നഗരസഭയിലെ പി.എം.എ.വൈ – ലൈഫ് പദ്ധതിയുടെ ഘട്ടം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.പി.ആർ | ഗുണഭോക്താക്കളുടെ എണ്ണം | അംഗീകരിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| ഡി.പി.ആർ 1 | 66 | 21/3/2017 |
| ഡി.പി.ആർ 2 | 66 | 30/10/2017 |
| ഡി.പി.ആർ 3 | 4 | 28/11/2017 |
| ഡി.പി.ആർ 4 | 51 | 30/1/2019 |
| ഡി.പി.ആർ 5 | 49 | 29/6/2020 |
| ഡി.പി.ആർ 6 | 32 | ലഭ്യമല്ല |

പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം 268 ആണ്. അതിൽ 248 ഗുണഭോക്താക്കളാണ് കരാറിൽ ഏർപ്പെട്ടത്. കരാറിൽ ഏർപ്പെട്ടവരിൽ 157 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 91 ഗുണഭോക്താക്കൾ ഇനിയും നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

ഫണ്ട് സംബന്ധമായ വിവരങ്ങൾ

| ഫണ്ടിനം | ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|
| കേന്ദ്രവിഹിതം | 23640000 | 23640000 | - |
| സംസ്ഥാന വിഹിതം | 7880000 | 7880000 | - |
| മുനിസിപ്പൽ വിഹിതം | 53400000 | 47350000 | 6050000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ചെലവഴിക്കാൻ ശേഷിക്കുന്ന 60.5 ലക്ഷം രൂപ അർഹരായ ഗുണഭോക്താക്കളുടെ ഡി.പി.ആർ തയാറാക്കി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-71 കോവിഡ്- അവലോകനം

നഗരസഭയിൽ കോവിഡ് ബാധിതരെ പരിചരിക്കുന്നതിനായി സി.എസ്.ഐ പാരിഷ് ഹാളിൽ സി എഫ് എൽ റ്റി സി പ്രവർത്തിച്ചിരുന്നു. ആയതിന്റെ മേൽ നോട്ടം ജില്ലാ ആശുപത്രി സൂപ്രണ്ട് വഹിച്ചിരുന്നു.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വാർഡ്തോറും മാസ്ക്, സാനിട്ടൈസർ, പ്രതിരോധ മരുന്നുകൾ എന്നിവ വിതരണം ചെയ്തിരുന്നു. സംസ്ഥാന സർക്കാരിന്റ പന്ത്രണ്ടിന പരിപാടികളിലൊന്നായ വിശപ്പ് രഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി സി എഫ് എൽ ടിസി യിലുള്ളവർക്കും ക്വാറന്റൈനിൽ ഉള്ളവർക്കും ആവശ്യമായ ഭക്ഷണം വിതരണം ചെയ്യുന്നതിനായി ജനകീയ അടുക്കള ആരംഭിച്ചിരുന്നു. ഇതിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങി നൽകുന്നതിന് തുക ചെലവഴിച്ചിരുന്നു. നിലവിൽ ജനകീയ അടുക്കള പ്രവർത്തിക്കുന്നില്ല. 28 വാർഡുകളിലും വാർഡ് തല ജാഗ്രതാസമിതികൾ രൂപീകരിച്ചിരുന്നു. ഇവ വാർഡ് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നിയന്ത്രിച്ചിരുന്നു. കോവിഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നഗരസഭ ഓഫീസിൽ കോവിഡ് ഹെൽപ് ഡെസ്ക് രൂപീകരിച്ചിരുന്നു.

സി എഫ് എൽ ടി സിയുടെ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ നിലവിൽ സി.എഫ്.എൽ ടി.സിയായി പ്രവർത്തിക്കുന്ന പി.എം ഹോസ്പിറ്റലിലേക്ക് നൽകിയതായും അറിയിച്ചു.

സി.എഫ്.എൽ.റ്റി.സി.യുടെ പ്രവർത്തനങ്ങൾക്കായി മുപ്പത് ലക്ഷം രൂപ സർക്കാരിൽ നിന്ന് ലഭിച്ചിരുന്നു. ഈ തുകയിൽ 2990312/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പകരം നിയമിച്ച തൊഴിലാളികൾക്ക് ദിവസവേതനം അനുവദിച്ചത്-ക്രമവിരുദ്ധം

നഗരസഭാ കൗൺസിലിന്റെ 11.12.2019 തീയതിയിലെ 10-ാം നമ്പർ തീരുമാന പ്രകാരം സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് എന്ന പദ്ധതി എല്ലാ വാർഡുകളിലും നടപ്പിലാക്കുന്നതിനും ജൈവമാലിന്യസംസ്കരണത്തിന് സ്ഥാപിതമായ എയറോബിക് യൂണിറ്റുകളുടെ പരിരക്ഷയും കൊതുക് നിവാരണം, ഇതര മാലിന്യ സംസ്കരണം പൊതു ജനാരോഗ്യ പ്രവർത്തനങ്ങൾ എന്നീ അടിയന്തിര പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ആക്കം കൂട്ടുന്നതിനുമായി പുതുതായി നിയമിച്ച സബ്സ്റ്റിറ്റ്യൂട്ട് ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ഇതിൻ പ്രകാരം പ്രസ്തുത ജീവനക്കാർക്ക്, പകരം ജോലി ചെയ്ത ദിവസങ്ങളിലെ വേതനത്തിന് പുറമെ, മറ്റുള്ള ദിവസങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയതിന് ദിവസ വേതനാടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ജീവനക്കാരുടെ എണ്ണം | ദിവസവേതനമിനത്തിൽ അനുവദിച്ച തുക | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ (ചെക്ക് നം./തീയതി) |
|---|---|---|---|
| മാർച്ച് 2020 | 15 | 47996 | 123799/1.4.2020 |
| ഏപ്രിൽ 2020 | 15 | 79200 | 123761/1.4.2020 |
| മെയ് 2020 | 15 | 62040 | 125342/9.6.2020 |
| ജൂൺ 2020 | 15 | 35640 | 005506/2.7.2020 |
| ജൂലൈ 2020 | 15 | 101614 | 005512/4.8.2020 |
| ആഗസ്റ്റ് 2020 | 15 | 89760 | 125819/27.8.2020 |
| സെപ്റ്റംബർ 2020 | 3+12 | 23760+64680 | 126396/1.10.2020 |
| ഒക്ടോബർ2020 | 15 | 92250 | 126674/5.1120 |
| നവംബർ2020 | 8 | 33000 | 126696/4.12.20 |
| ഡിസംബർ2020 | 8 | 63750 | 131325/6.2.2021 |
| ജനുവരി 2021 | 8 | 71250 | 139447/16.2.2021 |
| ഫെബ്രുവരി2021 | 8 | 47250 | 139466/6.3.2021 |

| | | | |
|---|---|---|---|
| ആകെ | | 812190 | |

ഇപ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പകരമായി നിയമിക്കപ്പെട്ട തീയതികൾക്ക് പുറമെ മറ്റ് തീയതികളിൽ അധികം ജോലി ചെയ്തതിന് സബ്സ്റ്റിറ്റ്യൂട്ട് വർക്കേഴ്സിന് തുക അനുവദിച്ചതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.

GO(rt) നം. 1649/2020/lsgd/14.9.2020 പ്രകാരം കോവിഡ് 19 മായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് വേതനം 750/- രൂപയായി ഉയർത്തിയിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 2020 മുതൽ 660/- രൂപയിൽ നിന്ന് ഉയർത്തി 750/- രൂപ വീതം നൽകിയിട്ടുണ്ട്. ടി തൊഴിലാളികൾ കോവിഡ് ശുചീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കപ്പെട്ടിരുന്നില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/18.1.2022) മറുപടി ലഭ്യമാക്കിയില്ല. കോവിഡുമായി ബന്ധപ്പെട്ട് സി എഫ് എൽ ടി സികളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം ജീവനക്കാരെ നിയമിച്ചിരുന്നു. തന്നെയുമല്ല, ഒക്ടോബർ 2020 മാസം വരെ മാത്രമാണ് സി എഫ് എൽ ടിസി പ്രവർത്തിച്ചിരുന്നത്. പൊതു സ്ഥലങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തേണ്ട ചുമതല കണ്ടിജന്റ് വർക്കേഴ്സിനാണെന്നിരിക്കെ കോവിഡ് ശുചീകരണം നടത്തി എന്ന പേരിൽ സബ്സ്റ്റിറ്റ്യൂട്ട് ജീവനക്കാർക്ക് അധികം തുക അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

ഇക്കാരണത്താൽ 15 തൊഴിലാളികൾക്ക് ഒക്ടോബർ 2020 മാസവും 8 തൊഴിലാളികൾക്ക് നവംബർ 2020 മുതൽ ജനുവരി 2021 വരെ 3 മാസങ്ങളിലും സി എഫ് എൽ ടി സി ശുചീകരണം നടത്തി എന്ന പേരിൽ 90/- രൂപ വീതം അധികം അനുവദിച്ചതിനാൽ സംഭവിച്ച നഷ്ടം 3510/-രൂപ (15x90+8x90x3=1350+2160) യുടെ നഷ്ടം നിരാകരിക്കുന്നു. 1.2.2021 മുതൽ കണ്ടിജന്റ് ജീവനക്കാരുടെ ദിവസ വേതനം 675/- രൂപയായി ഉയർത്തിയിട്ടുണ്ട്. അതിനാൽ ഫെബ്രുവരി 2021 മാസം 8 തൊഴിലാളികളുടെ വേതനം ഇനത്തിൽ അധികം ചെലവഴിച്ച 600/- രൂപ {(750-675)x8} യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 4110/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ക്രമവിരുദ്ധമായി ചെലവഴിച്ച 812190/- രൂപയിൽ നിന്ന് 4110/-രൂപ കിഴിച്ചുള്ള 808080/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പകൽവീട്,(270/19-20)- അളവ് രേഖപ്പെടുത്തിയതിലെ അപാകത കാരണം തുക അധികമായി ചെലവഴിച്ചു

കരാറുകാരന്റെ പേര് - സുരേഷ് ബാബു

ആകെ മൂല്യം - 774995 (ബിൽ നം.78/31.03.21)

എം. ബുക്ക് നം.64/20-21

നിലവിലുള്ള അറവു ശാലയുടെ ഒരു ഭാഗം പകൽവീടായി രൂപാന്തരപ്പെടുത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. ഫയൽ പരിശോധന, സ്ഥലപരിശോധന എന്നിവയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾക്ക് സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഇനം.20, സ്പെസിഫിക്കേഷൻ 15.21.1 പ്രകാരം Doors, Windows, Rolling Shutters, Ventilators എന്നിവ ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. 15 എണ്ണം ഡിസ്മാന്റിൽ ചെയ്തതായാണ് എം ബുക്ക് പേജ്. 2 ൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ പുനരുപയോഗം എം. ബുക്കിൽ രേഖപ്പെടുത്തുകയോ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2)21.01.22 ൽ നഗരസഭാ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ബോധ്യപ്പെട്ടു.

എ) ഇനം. 9, Solid Block Masonry Using Precast Solid Blocks- Compound Wall And Pillars ചെയ്തിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന അളവുകൾ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടില്ല

$1x0.40x0.40x0.15 = 0.024m^3$

$5x2x0.15x1.60 = 2.40\ M^3$

ആകെ, $2.424m^3@5530/m^3 = 13404.72$

മൂല്യനിർണ്ണയത്തിലെ അപാകത കാരണം 13404.72/- രൂപ അധികമായി ചെലവഴിച്ചു.

ബി) E24, 18.48, Providing And Placing On Terrace Polythene Water Storage Tank, 1000lr@10.47 = 10470/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടാങ്ക് സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3) പ്ലംബിംഗ് നടത്തിയിട്ടുണ്ടെങ്കിലും വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷനും നടത്തിയിട്ടില്ല.

4)നിലവിലുള്ള സ്ലോട്ടർ ഹൗസിന്റെ ഒരു ഭാഗമാണ് ഇപ്രകാരം പകൽവീടായി രൂപാന്തരപ്പെടുത്തിയിട്ടുള്ളത്.

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തെറ്റായി മൂല്യ നിർണ്ണയം നടത്തിയത് കാരണം അധികമായി ചെലവഴിച്ച 13405/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-3 സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഇലക്ട്രിഫിക്കേഷൻ, S0250/20 -ടെണ്ടർ കുറവ് വരുത്തിയില്ല

അടങ്കൽ - 183000

എസ്റ്റിമേറ്റ് - 175000

കരാർ നം. -38/AE/MVKA/Mlty/19.12.19

എം ബുക്ക് നം. 3/19-20

ചെലവ് വിവരം - 67454, ബിൽ ക്രമ നം. 31/15.05.20

മാവേലിക്കര നഗരസഭയിലെ മുനിസിപ്പൽ ബസ് സ്റ്റാന്റിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റേയും കാന്റീൻ കെട്ടിടത്തിന്റേയും മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. അപാകതകൾ താഴെ കൊടുക്കുന്നു.

1)ഷോപ്പിംഗ് കോംപ്ലക്സിന്റേയും കാന്റീൻ കെട്ടിടത്തിന്റേയും മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന്റെ ആവശ്യത്തിലേക്കാണ് 175000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ എം. ബുക്ക് പ്രകാരമുള്ള ആകെ മൂല്യം 60734/-രൂപയാണ്. കാന്റീൻ കെട്ടിടത്തിൽ മാത്രമാണ് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുള്ളത്.

2)റ്റി.എസ് ഹരിലാൽ എന്ന കരാറുകാരന്റെ 10.2% കുറവായ ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. എന്നാൽ ആകെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. ആയതിനാൽ 6195/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ്ജ് ഉൾപ്പെടെ ആകെ (5040+1680) 67454/- രൂപയാണ് പിൻവലിച്ചിട്ടുള്ളത്.

എം. ബുക്ക് പ്രകാരമുള്ള ആകെ മൂല്യം - 60734

ടെണ്ടർ കുറവ്, (-10.2% ) - 6195

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3/20.01.22) "അനർട്ടിന്റെ പുതിയ സാങ്കേതിക വിദ്യ പ്രകാരം സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിന് കുറച്ച് പോയിന്റുകൾ നൽകിയാൽ മതിയെന്നതിനാൽ എസ്റ്റിമേറ്റ് അളവുകളിൽ ആവശ്യമുള്ളവ മാത്രം നൽകികൊണ്ട് ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ലാത്തത് കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും " മറുപടി നൽകിയിട്ടുണ്ട്.

## 3-4 സി.എഫ്.എൽ.റ്റി.സി നിർമ്മാണം - തുക അധികമായി ചെലവഴിച്ചു

അടങ്കൽ - 600000

എസ്റ്റിമേറ്റ് - 571744

കരാറുകാരൻ - ആനന്ദരാജൻ .കെ

കരാറുകാരന് അനുവദിച്ച തുക – ചെക്ക് നം.551324/- 404922/23.10.20

പുതിയകാവ് സി.എസ്.ഐ പാരിഷ് ഹാൾ, സി.എഫ്.എൽ.റ്റി.സി ആയി പരിവർത്തനം ചെയ്യുന്നതിനായി 571744/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തിട്ടുണ്ട്. അനുബന്ധ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)എം. ബുക്ക്, പേജ് 38

App.7, ഇനം. 8, Supplying And Fixing PVC Door – 1x0.800x2 =1.600$m^2$ എന്നാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുക എസ്റ്റിമേറ്റ് അളവിൽ അനുവദിച്ചു.

3.200m2@1635.60/$m^2$ = 5233.92

അളവിൽ അധികരിച്ച് 2616.96 രൂപ ചെലവഴിച്ചു.

2) App. 9, ഇനം.6

Providing And Fixing Stainless Steel Kitchen Sink, 4@3251.17/E = 13004.68

എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള Bright Distributors ന്റെ *15.08.20-ലെ* ബില്ലിൽ 4 കിച്ചൻ സിങ്കിന്, *ടാക്സ് ഉൾപ്പെടെ 7800/-* രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ ബിൽ തുകയിൽ ലിമിറ്റ് ചെയ്യാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചത് കാരണം 5204.68 രൂപയുടെ അധികചെലവ് ഉണ്ടായി.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ക്രമ നം.1, 2 പ്രകാരം അധികമായി ചെലവഴിച്ച 7822/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 സി എഫ് എൽ റ്റി സി നടത്തിപ്പ്-നിർവ്വഹണത്തിലെ അപാകത-അധികച്ചെലവ്

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 16.7.2020 ലെ സ.ഉ.(സാധാ) 1364/2020 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ സി.എഫ്.എൽ.റ്റി.സി. സി.എസ്.ഐ. പാരിഷ് ഹാളിലാണ് പ്രവർത്തിച്ചിരുന്നത്. സി.എഫ്.എൽ.റ്റി.സി.യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വൌച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 47/24.1.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

A) സി.എഫ്.എൽ.റ്റി.സി. - ശുചീകരണതൊഴിലാളികൾക്ക് വേതനം നൽകിയതിലെ അപാകതകൾ

ഹാജർ പുസ്തകം പരിശോധിച്ചതിൽ 5 ബാച്ചുകളിലായി 15 ക്ലീനിംഗ് സ്റ്റാഫുകൾ 286 മാൻഡേയ്സ് ആണ് ജോലി ചെയ്തതിട്ടുള്ളത്. ആയതിന് ദിവസവേതനമായി 214500/- (286x750) രൂപയും 182 മാൻഡേയ്സിന് ക്വാറന്റീൻ വേതനമായി 136500/- (182x750) രൂപയും ഉൾപ്പെടെ 351000/-രൂപയാണ് നൽകാവുന്നത്. 4.10.21 ലെ 022241 മുതൽ 02250 വരെയുള്ള ചെക്കുകളിലായി 115500/- രൂപയും 404923/2.11.20 ചെക്കിൽ 90750/- രൂപയും ക്വാറന്റയിൻ അലവൻസായി 10.12.20 ലെ 404932 ചെക്കിൽ 158250/- രൂപയും ഉൾപ്പെടെ 364500/- രൂപ ദിവസവേതനവും ക്വാറന്റീൻ വേതനവും നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. അധികമായി പിൻവലിച്ച 13500/- രൂപ തിരികെ ഒടുക്കേണ്ടതാണ്. 404923, 404932 ചെക്കുകളിൽ പിൻവലിച്ച തുക ക്ലീനിംഗ് സ്റ്റാഫിന്റെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആയതിന്റെ രേഖകളും ലഭ്യമാക്കാത്തതിനാൽ 249000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

B) സി.എഫ്.എൽ.റ്റി.സി. യിൽ ക്ലീനിംഗ് സ്റ്റാഫായി ജോലി ചെയ്തതിന് ചുവടെ ചേർക്കുന്നവർക്ക് ദിവസവേതനം, ക്വാറന്റയിൻ അലവൻസ് എന്നിവ നൽകിയതിൽ ചില ന്യൂനതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജോലി ചെയ്ത ദിവസങ്ങൾ | ക്വാറന്റയിനിൽ പോയതിന് വേതനം അനുവദിച്ച ദിവസങ്ങൾ | ഡ്യൂട്ടിയിലുണ്ടായിരുന്ന ക്ലീനിംഗ് സ്റ്റാഫിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | 21.8.20 – 31.8.20 (11 ദിവസം) 33000/- (ഒന്നാം ബാച്ച്) | 31.8.20 - 6.9.20 (7 ദിവസം) 21000/- | ആര്യ.പി.<br>ബിന.എം.<br>സുനിമോൾ.കെ.വി.<br>അനിൽകുമാർ | ഹാജർ പുസ്തക പ്രകാരം 4 ശുചീകരണതൊഴിലാളികൾ 21.8.20 – 31.8.20 വരെയുള്ള ദിവസങ്ങളിലാണ് ഡ്യൂട്ടി ചെയ്തിട്ടുള്ളത്. ഇവർ 31.8.20 തീയതി വരെ ഡ്യൂട്ടി ചെയ്തതിന് ദിവസവേതനം അനുവദിച്ച ശേഷം വീണ്ടും 31.8.20 മുതൽ ക്വാറന്റയിനിൽ ആണെന്ന് കാണിച്ച് അന്നേ ദിവസത്തെ കൂടി ക്വാറന്റീൻ അലവൻസ് അനുവദിച്ച് നൽകുക വഴി 3000/- രൂപ (4x750) അധികമായി നൽകിയിട്ടുണ്ട്. |
| 2 | 31.8.20 - 10.9.20 | 11.9.20 - 17.9.20 | ശ്രീലക്ഷ്മി | ഒന്നാം ബാച്ച് 31.8.20 തീയതി വരെ ഡ്യൂട്ടി |

| | | | | |
|---|---|---|---|---|
| | (11 ദിവസം) 33000/- (രണ്ടാം ബാച്ച്) | (7 ദിവസം)21000 | | ചെയ്തതിന് ദിവസവേതനം അനുവദിച്ച ശേഷം രണ്ടാം ബാച്ചിലുള്ള 4 പേർ 31.8.20 മുതൽ ഡ്യൂട്ടിയിലാണെന്ന് കാണിച്ച് അവർക്ക് ആ ദിവസത്തെ വേതനം കൂടി നൽകിയത് വഴി 3000/- രൂപ (4x750) അധികമായി നൽകിയിട്ടുണ്ട്. |
| | | | അഖിൽകുമാർ | |
| | | | ഗംഗാ പ്രസാദ് | |
| | | | അജയകുമാർ | |
| 3 | 14.9.20 - 24.9.20 (11 ദിവസം) 41250 (മൂന്നാം ബാച്ച്) | 25.9.20 - 1.10.20 (7 ദിവസം) 26250 | ആര്യ.പി. | |
| | | | ബിന.എം. | |
| | | | സുനിമോൾ.കെ.വി | |
| | | | ഭരത് | |
| | | | അനിൽകുമാർ | |
| 4 | 24.9.20 - 4.10.20 (11 ദിവസം) 49500 (നാലാം ബാച്ച്) | 5.10.20 - 11.10.20 (7 ദിവസം) 31500 | ഗോപി.റ്റി. | മൂന്നാം ബാച്ചിലുള്ള സ്ററാഫുകൾ 14.9.20 - 24.9.20 വരെയുള്ള ദിവസങ്ങളിലാണ് ഡ്യൂട്ടി ചെയ്തതിന് വേതനം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാലാം ബാച്ച് 24.9.20 മുതൽ ഡ്യൂട്ടിയിലാണെന്ന് കാണിച്ച് ആ ദിവസത്തെ വേതനം കൂടി അനുവദിച്ച് നൽകിയതു വഴി 4500/- രൂപ (6x750)അധികമായി നൽകിയിട്ടുണ്ട്. |
| | | | ശ്രീലക്ഷ്മി | |
| | | | അഖിൽകുമാർ | |
| | | | ഗംഗാ പ്രസാദ് | |
| | | | അജേഷ്.ആർ. | |
| | | | വിജേഷ്.വി. | |
| 5. | 4.10.20 - 14.10.20 (11 ദിവസം) 57750 (അഞ്ചാം ബാച്ച്) | 15.10.20 - 21.10.20 (7 ദിവസം) 36750 | വർഷ.ജി. | നാലാം ബാച്ചിൽ ഉൾപ്പെട്ട ക്ലീനിംഗ് സ്ററാഫുകൾ 24.9.20 - 4.10.20 വരെയുള്ള ദിവസങ്ങളിൽ ഡ്യൂട്ടി ചെയ്തതിന് വേതനം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ അഞ്ചാം ബാച്ച് 4.10.20 മുതൽ ഡ്യൂട്ടിയിലാണെന്ന് കാണിച്ച് ആ ദിവസത്തെ വേതനം കൂടി അനുവദിച്ച് നൽകിയതു വഴി 5250/- രൂപ (7x750)അധികമായി നൽകിയിട്ടുണ്ട്. |
| | | | ആര്യ.പി. | |
| | | | ബീന.എം. | |
| | | | സുനിമോൾ. കെ.വി | |
| | | | ഭരത് | |
| | | | അഖിൽ.ബി.കൃഷ്ണൻ | |
| | | | ആഷിക്.ജി. | |

C) ക്ലീനിംഗ് ജോലികളിൽ നിയമിച്ചവർക്ക് ക്വാറന്റയിനിൽ പോയ ദിവസങ്ങളിലേയ്ക്ക് ദിവസവേതനം അനുവദിച്ച് നൽകിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 11.11.2020 ലെ സ.ഉ.(പി.) 155/2020/ധന നമ്പർ ഉത്തരവിൽ ദിവസ/ കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് കോവിഡ് സ്ഥിരീകരിയ്ക്കുകയോ, ക്വാറന്റയിനിൽ/നിരീക്ഷണത്തിൽ ഇരിയ്ക്കേണ്ട അവസ്ഥ സംജാതമാകുകയോ ആണെങ്കിൽ അവർക്ക് ചികിത്സാ

കാലയളവ്/നിരീക്ഷണ കാലയളവ് ബന്ധപ്പെട്ട സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിൽ അവർ ജോലിയ്ക്ക് ഹാജരാകേണ്ടിയിരുന്ന പ്രവർത്തി ദിനങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിയ്ക്കാവുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ക്ലീനിംഗ് ജോലിയ്ക്ക് ചുമതലപ്പെടുത്തിയിരുന്നവർക്ക് നിശ്ചിത ദിവസത്തെ ഡ്യൂട്ടി കഴിഞ്ഞതിന് ശേഷം 7 ദിവസങ്ങളിൽ ക്വീറന്റയിനിലാണെന്ന് രേഖപ്പെടുത്തി ആ ദിവസങ്ങളിലേക്ക് വേതനം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ഉത്തരവിൽ അനുവദിക്കാത്ത പ്രകാരം ജീവനക്കാർക്ക് അവർ ജോലിയ്ക്ക് ഹാജരാകേണ്ടാത്ത പ്രവർത്തി ദിനങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് ക്വാറന്റയിനിലാണെന്ന് രേഖപ്പെടുത്തി വേതനം അനുവദിച്ചത് നിയമാനുസൃതമല്ല. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കാതെയുള്ള ചെലവ് ആയതിനാലും 136000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ക്രമ നമ്പർ A യിൽ തടസ്സപ്പെടുത്തിയിട്ടുള്ള തുകയിൽ 136000/- രൂപ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രത്യേകമായി ഉൾപ്പെടുത്തുന്നില്ല).

D) സി.എഫ്.എൽ.റ്റി.സി. ആയി പ്രവർത്തിച്ചിരുന്ന സി.എസ്.ഐ. പാരിഷ് ഹാളിന്റെ വാടകയായി 60500/- രൂപ ചെക്ക് നമ്പർ 420578/28.9.21 പ്രകാരവും കിങ് എഡ്വേഡ് കൊറേനേഷൻ സെന്ററിന്റെ വാടകയായി 37500/- രൂപ ചെക്ക് നമ്പർ 206496/28.9.21 പ്രകാരവും നൽകിയിട്ടുണ്ട്. സി.എഫ്.എൽ.റ്റി.സി.യുടെ രൂപീകരണം സംബന്ധിച്ച 25/ലെ 05/2020 സ.ഉ. (സാധാ) നം. 955/2020/ത.സ.ഭ.വ ഉത്തരവിലെ കെട്ടിടം കണ്ടെത്തുന്നതിനെ കുറിച്ച് വിശദീകരിയ്ക്കുന്ന ഖണ്ഡിക Iv(iii) പ്രകാരം ദുരന്തനിവാരണത്തിന്റെ ഭാഗമായി സൌജന്യമായി വേണം കെട്ടിടം ലഭ്യമാക്കാനെന്നും അതിനെന്തെങ്കിലും തടസ്സമുണ്ടെങ്കിൽ കളക്ടറുമായി ബന്ധപ്പെട്ട് വേണം നടപടികൾ സ്വീകരിക്കാനെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ കെട്ടിടം ഏറ്റെടുത്ത സമയത്ത് ടി കെട്ടിടങ്ങൾക്ക് വാടക ആവശ്യപ്പെട്ടിരുന്നതിന്റെ രേഖകൾ ഫയലിൽ ഇല്ല. പകരം സി.എഫ്.എൽ.റ്റി.സി. യുടെ പ്രവർത്തനം അവസാനിച്ചതിന് ശേഷമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ കളക്ടറുമായി കൂടിയാലോചന നടത്തി തീരുമാനം എടുത്തതിന്റെ രേഖകൾ ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്. സി.എഫ്.എൽ.റ്റി.സി. രൂപീകരണവുമായി ബന്ധപ്പെട്ട ഉത്തരവിൽ സൌജന്യമായി കെട്ടിടം കണ്ടെത്തണമെന്ന് പറഞ്ഞിരിക്കെ വാടക നൽകുന്നതിനായി പിൻവലിച്ച 98000/- രൂപയുടെ ചെലവ് അനുവദിയ്ക്കുന്നില്ല.

## 3-6 തെങ്ങിന് വളം വിതരണം -യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം ചെലവഴിച്ചു

അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നടപ്പാക്കിയ തെങ്ങ് കൃഷിയ്ക്ക് ജൈവ വളം വിതരണം പ്രോജക്ട് (പ്രോജക്ട് നം.S0067/21) പ്രകാരം കർഷകർക്ക് വിതരണം ചെയ്യുന്നതിന് 9140 കി.ഗ്രാം നീം കേക്ക് കി.ഗ്രാമിന് 38.1 രൂപ നിരക്കിൽ കെയ്കോയിൽ നിന്ന് വാങ്ങിയിരുന്നു. വാങ്ങലിനായി നീം കേക്കിന്റെ വില 348234/- രൂപയ്ക്ക് പുറമെ ജി എസ് റ്റി ഇനത്തിലെ 17366/- രൂപ ഉൾപ്പടെ 365600/- രൂപ (വികസന ഫണ്ട്-274200 രൂപ (ബിൽ നം.10/30.3.2021), ഗുണഭോക്തൃ വിഹിതം-91400 രൂപ) ആകെ ചെലവഴിച്ചിരുന്നു. ജില്ലാതല ആസൂത്രണ സമിതി ഒരു കി.ഗ്രാം നീം കേക്കിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് 35/- രൂപയാണ്. ഇത് ജി.എസ്.റ്റി ഉൾപ്പെടുന്ന നിരക്കാണ്. ജില്ലാ തലത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിനേക്കൾ അധിക നിരക്കിൽ വാങ്ങൽ നടത്തിയതിനും ഈ തുക കൂടാതെ ജി എസ് റ്റി ഇനത്തിൽ തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/24.1.2022) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാതല ആസൂത്രണ സമിതിയുടെ നിരക്ക് കെയ്കോയുടെ നിരക്കിനേക്കാൾ കുറവാണെന്നുള്ള വിവരം വാങ്ങലിന് ശേഷമാണ് അറിഞ്ഞത് എന്ന് അറിയിച്ചിട്ടുണ്ട്. 9140 കി.ഗ്രാം നീം കേക്ക് കി.ഗ്രാമിന് 35/- രൂപ നിരക്കിൽ ചെലവഴിക്കാമായിരുന്ന തുക 319900/- രൂപ മാത്രമായിരുന്നു. ഈ തുകയുടെ 75% തുകയായ 239925/- രൂപ മാത്രമേ സബ്സിഡി ഇനത്തിൽ ചെലവഴിക്കാമായിരുന്നുള്ളൂ. അതിനാൽ സബ്സിഡി ഇനത്തിൽ മാത്രം 34275/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വളം വാങ്ങലിനായി യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം ചെലവഴിച്ച 45700 രൂപ (365600 -319900) ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുകയിൽ സബ്സിഡി ഇനത്തിൽ അധികം ചെലവഴിച്ച 34275/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ അധികം പിരിച്ച 11425/- രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ഇനം | തുക | വൌച്ചർ നം. |
|---|---|---|
| ലൈൻ എക്സ്റ്റൻഷൻ | 29678 | 1183542/20.5.20 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | GO(MS)No.111/18/ LSGD/13.08.18 | 9160000 | 8013333 | 186666 | | 7826667 |

.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3200000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3200000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3200000 (ക്ലീൻ കേരള മിഷന്റെ ഇക്വിറ്റി ഷെയറുകൾ - Certificate No. 56/26.12.2016) |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| | | 2000 | ജ്യോതിലക്ഷ്മി, യു.ഡി.സി | 120350900003/09.03.21 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-16 | --- | 4-12-1 | കാർഷിക പദ്ധതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 158856692 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 155925416 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 90732 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14508186 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക സർചാർജ്ജ് ചെയ്യാവുന്നവ* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-1 | 4110 | സനിൽ.എസ്, സെക്രട്ടറി |
| 3-2 | 13405 | ജയശ്രീ.എൽ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 6195 | അഞ്ജു.പി.റ്റി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 7822 | ജയശ്രീ.എൽ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5(A) | 13500 | സനിൽ.എസ്, സെക്രട്ടറി |
| 3-6 | 45700 | മനോജ്.ആർ, അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ |
| | 90732 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 629940 | സനിൽ.എസ്, സെക്രട്ടറി |
| | 17840 | മുംതാസ് എ.എം, സെക്രട്ടറി |
| 1-43(A) | 249000 | സനിൽ.എസ്, സെക്രട്ടറി |
| 1-48 | 82467 | ദിലീപ് കുമാർ റ്റി.കെ, എച്ച്.എസ് |
| 1-49 | 91577 | സനിൽ.എസ്, സെക്രട്ടറി |
| 1-50 | 800000 | സനിൽ.എസ്, സെക്രട്ടറി |
| 1-52 | 280000 | സനിൽ.എസ്, സെക്രട്ടറി |
| 1-56 | 170935 | സനിൽ.എസ്, സെക്രട്ടറി |
| 1-57 | 5996677 | സനിൽ.എസ്, സെക്രട്ടറി |
| 1-58 | 30000 | മുംതാസ് എ.എം, സെക്രട്ടറി |
| 1-59 | 300000 | സനിൽ.എസ്, സെക്രട്ടറി |
| 1-63 | 302174 | ഡോ.ജിതേഷ് കെ.എ, സൂപ്രണ്ട്, ജില്ലാ ആശുപത്രി, മാവേലിക്കര |
| 1-64 | 4064000 | ദിലീപ് കുമാർ റ്റി.കെ, എച്ച്.എസ് |
| 1-65 | 526301 | സനിൽ.എസ്, സെക്രട്ടറി |
| 1-66 | 152658 | ഡോ.റംല, ആയുർവേദ മെഡിക്കൽ ഓഫീസർ |
| 1-67 | 814617 | സനിൽ.എസ്, സെക്രട്ടറി |
| | 14508186 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സനിൽ.എസ്, സെക്രട്ടറി | സെക്രട്ടറി<br>കൊടുങ്ങല്ലൂർ നഗരസഭ | ശ്രീനന്ദനം, കല്ലുമൂട്, കായംകുളം |
| മുംതാസ് എ.എം, സെക്രട്ടറി | സെക്രട്ടറി,<br>പന്തളം നഗരസഭ | അൽ-അമീൻ മൻസിൽ<br>കെ.കെ.എൻ. റോഡ്, പത്തനംതിട്ട |
| ജയശ്രീ.എൽ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പാലമേൽ ഗ്രാമപഞ്ചായത്ത് | അഞ്ജലീ ഭവൻ, നീണ്ടൂർ, പള്ളിപ്പാട് |
| അഞ്ജു.പി.റ്റി,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ തിരുവനന്തപുരം കോർപ്പറേഷൻ | T/C/9/1637(1), കാവേരി,SMRA-105 ആശ്രമം ലെയിൻ, ശാസ്തമംഗലം, തിരുവനന്തപുരം |
| ദിലീപ് കുമാർ റ്റി.കെ, എച്ച്.എസ് | എച്ച്.എസ്, കായംകുളം മുനിസിപ്പാലിറ്റി | ഉഷ ഭവനം, ഈസ്റ്റ് കല്ലട, കൊല്ലം. |
| ഡോ.ജിതേഷ് കെ.എ, ജില്ലാ സൂപ്രണ്ട് | ജില്ലാ ഹോസ്പിറ്റൽ,<br>മാവേലിക്കര | പടിപ്പുരയ്ക്കൽ കാർത്തിക,<br>എസ്.എൻ സെൻട്രൽ സ്കൂളിന് സമീപം, ചെറുകുന്നം, കുറത്തികാട് പി.ഒ, മാവേലിക്കര |
| ഡോ.റംല, ആയുർവേദ മെഡിക്കൽ ഓഫീസർ | സി.എം.ഒ<br>ഗവ.ആയുർവേദ ഹോസ്പിറ്റൽ, മാവേലിക്കര നഗരസഭ | ഓറുൽ അമൻ, ചുനക്കര തെക്ക്,<br>ചാരുംമൂട്.പി.ഒ, ആലപ്പുഴ |
| മനോജ്.ആർ, അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, മാവേലിക്കര | കാർത്തിക, താഴത്തുകുളക്കട.പി.ഒ<br>കൊട്ടാരക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.4-936/00/17.03.2001 |
| 1998-99 | എൽ.എഫ്.എ.4-937/00/17.03.2001 |
| 1999-2000 | എൽ.എഫ്.എ.4-218/02/18.08.2002 |
| 96-97 (ഫൈനൽ) | എൽ.എഫ്.എ.4-1031/03/15.12.2003 |
| 97-98(ഫൈനൽ) | എൽ.എഫ്.എ.4-1163/02/14.01.2003 |
| 98-99(ഫൈനൽ) | എൽ.എഫ്.എ.4-532/05/07.10.2005 |

| | |
|---|---|
| 2000-01 | എൽ.എഫ്.എ.4-673/05/09.11.2005 |
| 2001-02 ചെലവ് | എൽ.എഫ്.എ.4-938/05/05.05.2006 |
| 99-2000(ഫൈനൽ) | എൽ.എഫ്.എ.4-939/05/05.05.2006 |
| 2000-01(ഫൈനൽ) | എൽ.എഫ്.എ.4-821/07/12.08.2007 |
| 2001-02(ഫൈനൽ) | എൽ.എഫ്.എ.4-822/07/31.10.2007 |
| 2002-03 (വരവ് -ചെലവ്) | എൽ.എഫ്.എ.4-823/07/31.10.2007/06.07.2008 |
| 2003-04 | എൽ.എഫ്.എ.4-813/08/28.01.2009/22.04.2009 |
| 2004-05 | എൽ.എഫ്.എ.4-814/08/21.08.2009/22.04.2009 |
| 2005-06 | എൽ.എഫ്.എ.4-834/08/21.08.2009/22.04.2009 |
| 2006-07 | എൽ.എഫ്.എ.4-837/08/21.08.2009/11.08.2009 |
| 2007-08 | എൽ.എഫ്.എ.4-838/08/10.06.2009/01.10.2009 |
| 2008-09 | എൽ.എഫ്.എ.എം.1-500/12/06.12.2012 |
| 2009-10 (ചെലവ്) | എൽ.എഫ്.എ.എം.1-561/12/06.12.2012/14.12.2012 |
| 2009-10 (വരവ്), 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.എം.1-1991/2014/27.02.2015/01.05.2015 |
| 2013-14 | എൽ.എഫ്.എ.എം-1-1094/15/4.8.2015/31.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./എം.1/559/2016/6.06.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/ 15.03.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി./ജി.എ5/1128/17തീയതി 20-9-2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി./ജി.എ5/138/19 തീയതി 08.04.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി./ജി.എ8/405/2020/03.06.20 |
| 2019-20 | കെ.എസ്.എ.എ.എൽ.പി./ജി.എ8/142/2022/21.04.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്